# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഏപ്രിൽ 2018 വാല്യം 46 ലക്കം 10 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


**ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ്**

**കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നയങ്ങൾക്കും വർഗ്ഗീയതയ്ക്കും അക്രമരാഷ്ട്രീയത്തിനുമെതിരെ**

## ജനങ്ങളുടെ സമരരാഷ്ട്രീയം ഉയർത്തിപ്പിടിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

**ചെ**ങ്ങന്നൂർ എം.എൽ.എ ആകസ്മികമായി അന്തരിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് മറ്റൊരു ഉപതെരഞ്ഞെടുപ്പ് കൂടെ വന്നുചേർന്നിരിക്കുകയാണ്. സംസ്ഥാന ഭരണ-രാഷ്ട്രീയ ബലാബലങ്ങളിൽ ഈ തെരഞ്ഞെടുപ്പിന്റെ ഫലം കാര്യമായ യാതൊരു മാറ്റവും ഉണ്ടാക്കില്ല എന്നിരിക്കിലും ഈ തെരഞ്ഞെടുപ്പിന് സാധാരണ ഉപതെരഞ്ഞെടുപ്പുകളേക്കാൾ രാഷ്ട്രീയ പ്രാധാന്യം ഉണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. ദേശീയതലത്തിൽ ബിജെപിയുടെ ഭരണം അവസാന വർഷത്തേക്ക് പ്രവേശിക്കുകയാണ്. ത്രിപുര വിജയത്തിന്റെ അന്തരീക്ഷം പ്രയോജനപ്പെടുത്തി ഇടതുപാർട്ടികൾക്ക് മേധാവിത്വമുള്ള മറ്റൊരു സംസ്ഥാനമായ കേരളത്തിൽ രാഷ്ട്രീയസ്വാധീനം ശക്തിപ്പെടുത്താനുള്ള ഒരവസരമായി ബിജെപി ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിനെ കാണുന്നു. സിപിഐ(എം)നെ സംബന്ധിച്ചിടത്തോളം ഉപതെരഞ്ഞെടുപ്പ് വിജയം അവരുടെ രാഷ്ട്രീയ നിലനിൽപ്പിന് അനിവാര്യമായി ഒന്നായി മാറിയിരിക്കുന്നു. യുഡിഎഫിന്റെ സ്ഥിതിയും അപ്രകാരംതന്നെ. ചുരുക്കത്തിൽ കേരളത്തിന്റെ രാഷ്ട്രീയഭാവിയുടെ ഒരു സൂചകമായിരിക്കും ഉപതെരഞ്ഞെടുപ്പ് ഫലം എന്ന സ്ഥിതി കൈവന്നിട്ടുണ്ട്.




**ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് കൺവെൻഷൻ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു**

മറ്റെല്ലാ തെരഞ്ഞെടുപ്പിലുമെന്നപോലെ ഇവിടെയും ഈ മൂന്നുമുന്നണികളും രാജ്യത്തേയോ സംസ്ഥാനത്തേയോ ജനങ്ങളെ ബാധിക്കുന്ന യാതൊരു അടിസ്ഥാന വിഷയങ്ങളും തെരഞ്ഞെടുപ്പ് വേദിയിൽ ചർച്ച ചെയ്യില്ല എന്നത് ഉറപ്പാണ്. വൻകിട കുത്തകകൾക്കുവേണ്ടി നടപ്പാക്കപ്പെടുന്ന നയങ്ങളുടെ കാര്യത്തിൽ ഈ മൂന്നു മുന്നണികളും തമ്മിൽ നിലനിൽക്കുന്ന ശക്തമായ യോജിപ്പാണ്, ജനങ്ങളുടെ പ്രശ്നങ്ങളെ തെരഞ്ഞെടുപ്പ് വേദിയിൽ നിന്നും അകറ്റിനിർത്താൻ അവരെ പ്രേരിപ്പിക്കുന്നത്.

കേന്ദ്ര ബിജെപി ഭരണം കഴിഞ്ഞ നാലു വർഷമായി അടിമുടി പിൻതുടരുന്നത് കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ള നയങ്ങൾ മാത്രമാണ്. കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ തുടങ്ങിവച്ച സാമ്പത്തിക ഉദാരവൽക്കരണനയങ്ങളെ അതിന്റെ ഉയർന്ന ഘട്ടത്തിലേക്ക് ആവിഷ്കരിക്കുക മാത്രമാണ് മോദി ഭരണം ചെയ്തത്. പ്രതിരോധ മേഖല ഉൾപ്പടെയുള്ളവയുടെ അടിമുടിയുള്ള സ്വകാര്യവൽക്കരണം, പ്രത്യക്ഷ വിദേശ നിക്ഷേപം അനുവദിക്കപ്പെടാതിരുന്ന രംഗങ്ങളിലേക്കും നൂറുശതമാനം പ്രവേശനാനുമതി, സ്വകാര്യമൂലധനത്തിന്റെ കൊടുംകൊള്ളക്ക് കളമൊരുക്കത്തക്കവിധം തൊഴിൽ നിയമങ്ങളുടെ പൊളിച്ചെഴുത്ത്, മൂലധനസമാഹരണത്തിന്റെ പേരിൽ ബാങ്കുകളുടെ വമ്പിച്ച മുതൽ കവർച്ചചെയ്യാൻ മുതലാളിമാർക്ക് സുവർണ്ണാവസരം അങ്ങിനെ ജനാധിപത്യഭരണസംവിധാനങ്ങളെ മുഴുവൻ നോക്കുകുത്തികളാക്കിക്കൊണ്ട് കുത്തകകൾക്ക് എന്തും ചെയ്യാനുള്ള അച്ഛേ ദിൻ ഒരുക്കുകയാണ് ബിജെപി ഭരണം. സാമൂഹ്യജീവിതത്തിലെ ഏറ്റവും ശ്വാസം മുട്ടിക്കുന്ന പ്രശ്നമായ വിലക്കയറ്റവും തൊഴിൽ നഷ്ടപ്പെടലും ഈ സർക്കാർ നടപ്പാക്കുന്ന നയങ്ങളുടെ സൃഷ്ടിയാണ്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിനു വില ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നിരക്കിലേക്ക് താഴ്ന്നിട്ടും അതിന്റെ നാമമാത്രമായ പ്രയോജനം പോലും ജനങ്ങൾ

*(ശേഷം 2-ാം പേജിൽ)*

### ദലിത് ജനവിഭാഗങ്ങൾക്കുള്ള നിയമ പരിരക്ഷ തകർക്കുന്ന സുപ്രീം കോടതി ഉത്തരവ് പിൻവലിക്കുക

**പ**ട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം ദുർബലപ്പെടുത്തുന്നതിനെതിരെ ദലിത് ജനവിഭാഗങ്ങൾ നടത്തുന്ന പോരാട്ടത്തിന് എസ്‌യുസിഐ(സി) ജനറൽസെക്രട്ടറി ഐക്യദാർഢ്യം പ്രഖ്യാപിച്ചു. സമരം ചെയ്ത ദലിതർക്കുനേരെ വെടിയുതിർത്ത് 9 പേരെ കൊലപ്പെടുത്തുകയും നൂറുകണക്കിന് ആളുകളെ ഗുരുതരമായി പരുക്കേൽപ്പിക്കുകയും ചെയ്ത നടപടിയെ ഏപ്രിൽ 3 ന് പുറപ്പെടുവിച്ച പ്രസ്താവനയിൽ സഖാവ് പ്രൊവാഷ് ഘോഷ് ശക്തമായി അപലപിച്ചു.

പൈശാചികമായ ഈ നരനായാട്ടിനെക്കുറിച്ച് ഉടനടി ഒരു ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും മരിച്ചവരുടെയും പരുക്കുപറ്റിയവരുടെയും കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നിയമം ദുർബലപ്പെടുത്തുന്നതിനെ ശക്തമായി എതിർക്കാതിരുന്ന ബിജെപി ഗവൺമെന്റിന്റെ നടപടിയെ നിശിതമായി വിമർശിച്ച അദ്ദേഹം തൽസ്ഥിതി പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു ●

## ബിഒടി ചുങ്കപ്പാതയ്ക്കുവേണ്ടി ബലംപ്രയോഗിച്ച് ഭൂമിതട്ടിയെടുക്കാനുള്ള സർക്കാർ നീക്കത്തിനെതിരായ ജനങ്ങളുടെ സമരത്തെ പിന്തുണയ്ക്കുക

**കേരളത്തിലെമ്പാടും ദേശീയപാത ബിഒടി-ടോൾ സമ്പ്രദായത്തിൽ നടപ്പിലാക്കാൻവേണ്ടി 45 മീറ്റർ വീതിയിൽ ഭൂമി പിടിച്ചെടുക്കാനുള്ള നീക്കത്തിലാണ് പിണറായി സർക്കാർ. കഴിഞ്ഞ 12 വർഷമായി കേരളത്തിൽ മാറി മാറിവന്ന എൽഡിഎഫ്, യുഡിഎഫ് സർക്കാരുകൾ പലതവണ ഭൂമിയേറ്റെടുക്കാൻ നടത്തിയ പരിശ്രമങ്ങൾ പരാജയപ്പെട്ടിരുന്നു. അതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ട് അസാധുവാകുകയും ചെയ്തിരുന്നു. എൻഎച്ച് 17-ലും എൻഎച്ച് 47-ലും ഭൂമി പിടിച്ചെടുക്കൽ നടപടിക്ക് ഇരകളാകുന്ന ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനും ജാതി-മത പരിഗണനകൾക്കും അതീതമായി സ്വന്തം സമരസമിതികളിൽ ഒന്നിച്ചു നടത്തിയ ജനാധിപത്യപരമായ പ്രക്ഷോഭങ്ങളുടെ വിജയമാണത്.**



**ജ**നങ്ങളുടെ പ്രതിഷേധത്തെ വിഗണിച്ചുകൊണ്ട് ദേശീയപാതയ്ക്കുവേണ്ടി ഭൂമി അളവുനടത്താനുള്ള സർക്കാർ നീക്കങ്ങളെ ജനങ്ങൾ പലതവണ പരാജയപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ പിണറായിസർക്കാർ എല്ലാ ജനാധിപത്യ മര്യാദകളെയും കാറ്റിൽ പറത്തിക്കൊണ്ട് ബലാൽക്കാരം ഭൂമി പിടിച്ചെടുക്കാൻ തുനിയുകയാണ്. മാർച്ച് മാസത്തിൽ മലപ്പുറത്ത് അളവു തുടങ്ങിയിരിക്കുന്നത് ജില്ലയിൽ ആകമാനം പോലീസ്‌രാജ് സൃഷ്ടിച്ചുകൊണ്ടാണ്. വിവിധ വ്യവസ്ഥാപിതരാഷ്ട്രീയപ്പാർട്ടികളുടെ നേതാക്കൾ സമരവുമായി സഹകരിച്ചുവന്നിരുന്നു. സർക്കാർ അതാത് പാർട്ടികളുടെ നേതൃത്വവുമായുണ്ടാക്കിയിരിക്കുന്ന ധാരണയുടെ അടിസ്ഥാനത്തിൽ ഈ നേതാക്കളെ സമരത്തിൽ നിന്നകറ്റുന്നതിന് വേണ്ടി അവരുടെ മേൽ പലതരം സമ്മർദ്ദങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. സമരക്കമ്മിറ്റികളെ ഒറ്റപ്പെടുത്താനുള്ള നീക്കം നടത്തുന്നു. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും സമരപ്രവർത്തകരുടെ ആത്മവിശ്വാസം കെടുത്താനും ഉന്നംവച്ചുകൊണ്ടുള്ള വ്യാജവാർത്തകൾ പത്രങ്ങളിലൂടെയും ചാനലുകളിലൂടെയും ദിനംപ്രതി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ആക്ഷൻ കൗൺസിലിന്റെ നേതാക്കളോട് സമരത്തിൽനിന്നും വിട്ടുനിൽക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും, അല്ലാത്തപക്ഷം രാഷ്ട്രവിരുദ്ധപ്രവർത്തനങ്ങളുടെ പേരിൽ ജാമ്യമില്ലാത്ത വകുപ്പുകൾചാർത്തി അറസ്റ്റുചെയ്യുമെന്നറിയിച്ചുകൊണ്ടും പോലീസ് നോട്ടീസ് പുറപ്പെടുവിച്ചു. മലപ്പുറത്ത് മുസ്ലീംതീവ്രവാദികളും മാവോയിസ്റ്റുകളും വരെ സമരത്തിൽ നുഴഞ്ഞുകയറിയിട്ടുണ്ടെന്ന് കുപ്രചാരണവും ആരംഭിച്ചു. അളവുതുടങ്ങുന്ന ദിവസത്തിനുമുമ്പുതന്നെ ഈ വിഷയത്തിൽ പോസ്റ്റർ പ്രചാരണം നടത്തിയ സമരപ്രവർത്തകരെ കരുതൽ തടങ്കലിലാക്കി. ആയിരത്തോളംവരുന്ന സമരക്കാരെ കുറ്റിപ്പുറത്ത് തടയാൻവന്നത് അതിന്റെ നാലിരട്ടിയോളം പോലീസുകാരായിരുന്നു. മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ പോലീസ്, മലബാർ സ്പെഷ്യൽ പോലീസ്, റാപ്പിഡ് ആക്ഷൻ ഫോഴ്സ് എന്നിവരടങ്ങുന്ന വൻ സായുധസംഘത്തെ സമരത്തെ തടയാൻ വേണ്ടി അണിനിരത്തി. പ്രകടനം നടത്തിയാൽപോലും അറസ്റ്റുചെയ്യുമെന്ന് ഭീഷണിപ്പെടുത്തി. പ്രകോപനം സൃഷ്ടിച്ച് രക്തപ്പുഴയൊഴുക്കാനുള്ള നീക്കം നടത്തി.

ജനാധിപത്യത്തിൽ തീരെ വിശ്വാസമില്ലാത്ത ഭരണശൈലിയാണ് കേരളത്തിലെ പിണറായി വിജയൻ സർക്കാർ പ്രദർശിപ്പിക്കുന്നത്. രാഷ്ട്രീയ വേദികളിൽ കോർപ്പറേറ്റുകൾക്കെതിരെയും സ്വകാര്യവൽക്കരണത്തിനെതിരെയും ഇന്നും അവർ

*(ശേഷം 6-ാം പേജിൽ)*


പേജ് 3 ത്രിപുര തെരഞ്ഞെടുപ്പ് നൽകുന്ന സൂചനയെന്ത് ?

പേജ് 5 ഏപ്രിൽ 14 മാർച്ച് ഫോർ സയൻസ്

പേജ് 8 സ്ഥിരംതൊഴിൽ ഇല്ലാതാക്കുന്ന നിയമഭേദഗതി

പേജ് 10 വിനാശകരമായ ഇടത് മദ്യനയം

പേജ് 11 കുട്ടികളുടെ ക്യാമ്പ് 25 വർഷം പിന്നിടുന്നു

പേജ് 13 ജനകീയ സമരത്തിന്റെ കരുത്ത് തെളിയിച്ച വയനാട് കർഷകസമരം

പേജ് 15 സാർവ്വദേശീയ വനിതാദിനം ആചരിച്ചു

ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ്

# മധു ചെങ്ങന്നൂർ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥി

*(1-ാം പേജിൽ നിന്ന്)*

ക്ക് നൽകാൻ തയ്യാറായിില്ലെന്നുമാത്രമല്ല നികുതിയും വിലയും നിരവധി തവണ വർദ്ധിപ്പിച്ച് ഇന്ധനവില മാനംമുട്ടെ ഉയർത്തുകയും ചെയ്തു. ഇതരമേഖലകളിലെ വമ്പിച്ച വിലക്കയറ്റത്തിന് പ്രധാനമായും കാരണമായത് ഒരു നീതീകരണവുമില്ലാത്ത ഈ പെട്രോളിയം വിലവർദ്ധനവാണ്. ഇന്ധനരംഗത്തെ ഭീമന്മാർ ഇതിലൂടെ കൊയ്ത ലാഭം കണക്കറ്റതാണ്. ജനങ്ങളുടെ ശിരസ്സിനേറ്റ വലിയ പ്രഹരമായിരുന്ന നോട്ട് നിരോധനം നടപ്പാക്കിയതും കുത്തകകൾക്കുവേണ്ടി മാത്രമായിരുന്നു. കുത്തകകളുടെ കിട്ടാക്കടം പെരുകി, മൂലധനപ്രതിസന്ധിയിലായ ബാങ്കുകളെ രക്ഷപ്പെടുത്താനും ഡിജിറ്റൽ വ്യാപാര രംഗത്തെ വൻകിടക്കാർക്ക് കൊള്ളലാഭം നേടിക്കൊടുക്കാനും വേണ്ടി മാത്രമാണ് നോട്ട് നിരോധനം നടപ്പാക്കിയത്. അതിനു സ്വന്തം പ്രാണൻ പോലും സാധാരണക്കാരന് വിലയായി നൽകേണ്ടി വന്നു. നോട്ട് വിതരണം മാത്രമായതോടെ ബാങ്കുകളുടെ ഇതരപ്രവർത്തനങ്ങൾ 2 മാസത്തേക്ക് പൂർണ്ണമായും നിലച്ചു. കാർഷിക-നിർമ്മാണ-വ്യാപാര മേഖലകൾ തകർന്നു. ലക്ഷക്കണക്കിന് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു. ആഭ്യന്തര ഉൽപ്പാദനം ഏറ്റവും താഴ്ന്ന നിലയിലേക്ക് കൂപ്പുകുത്തി. കോടിക്കണക്കിന് സാധാരണക്കാർ ഈ ദുരിതങ്ങൾക്കെല്ലാം ഇരയായത് ആർക്കുവേണ്ടിയായിരുന്നു? വിനിമയത്തിലുണ്ടായിരുന്ന മുഴുവൻ കറൻസിയും മടങ്ങി വന്നുവെന്ന് റിസർവ്വ് ബാങ്ക് അംഗീകരിച്ചതിലൂടെ കറൻസിയിൽ സൂക്ഷിച്ചിരുന്ന ഒരു രൂപയുടെ പോലും കള്ളപ്പണം പിടികൂടാൻ കഴിഞ്ഞില്ല എന്നു വ്യക്തമായി. എന്നു മാത്രവുമല്ല കള്ളപ്പണം, വെളുപ്പിക്കപ്പെടുകയും ചെയ്തു.

നോട്ട് നിരോധനത്തെത്തുടർന്ന് ഉലഞ്ഞ സാമ്പത്തികഘടനയെ അടിമുടി തകർക്കുന്ന ഒന്നായി അതിന്റെ പിന്നാലെ അടിച്ചേൽപ്പിക്കപ്പെട്ട ചരക്ക് സേവന നികുതി (ജിഎസ്ടി). ധനകാര്യകക്കമ്മീഷൻ ശുപാർശ ചെയ്തിരുന്നത് 14 ശതമാനമായിരുന്നെങ്കിൽ നടപ്പാക്കിയപ്പോൾ ജിഎസ്ടിയുടെ നിരക്ക് 28 ശതമാനമായി ഉയർന്നു. ഭയാനകമായ വിലക്കയറ്റത്തിനാണ് ജിഎസ്ടി തിരികൊളുത്തിയത്. വിദ്യാഭ്യാസ ഫീസുകൾ, ഹോട്ടൽ ഭക്ഷണം മുതൽ യാത്രാടിക്കറ്റുകളിൽ വരെ പുതിയ നികുതിയുടെ വലിയ തുകകൾ ഈടാക്കുകയാണ്. ചില്ലറ വ്യാപാരരംഗത്തേക്ക് 100 ശതമാനവും വിദേശ



മധു ചെങ്ങന്നൂർ

കുത്തകകളെ പ്രവേശിപ്പിക്കുന്ന കേന്ദ്രസർക്കാർ തീരുമാനം പിന്നാലെ വന്നതിലൂടെ, ഈ നികുതി ഘടന വൻകിട വ്യാപാരകുത്തകകൾക്കു വേണ്ടിയുള്ളതാണെന്ന വിമർശനത്തെ പൂർണ്ണമായും ശരിവച്ചു. 5 കോടിയോളം വരുന്ന ചെറുകിട കച്ചവടക്കാർ നിലനിൽപ്പിനായി പിടയുന്ന സാഹചര്യമാണ് രാജ്യമെമ്പാടും നാം ദർശിക്കുന്നത്.

കർഷകരുടെ സ്ഥിതി പരമദയനീയമായിരിക്കുന്നു. യുപിഎ ഭരണനാളുകളിലെ കർഷക ആത്മഹത്യയുടെ നിരക്ക് കുറയുകയല്ല, കൂടുകയാണ് ചെയ്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1.2 ലക്ഷം കർഷകർ ആത്മഹത്യ ചെയ്തുകഴിഞ്ഞു. രാജ്യതലസ്ഥാനത്ത് വിലാപവുമായി എത്തിയ തമിഴ്നാട് കർഷകർ മനുഷ്യമലം കഴിക്കുന്ന സമരമുറ സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കേണ്ടി വന്നു. നഗ്നപാദരായി നടന്ന് കാലുകളിലെ തൊലിപൊളിഞ്ഞ് വലിയ മുറിവുകളുണ്ടായി രക്തം വാർന്നൊഴുകുമ്പോഴും ലോംഗ് മാർച്ചിൽ നിന്നും പിൻവാങ്ങാതെ മുംബൈയിലേക്ക് ശിരസ്സുയർത്തി നടന്ന മഹാരാഷ്ട്രയിലെ കർഷകർ അവർ നേരിടുന്ന ദുർഗതിയുടെ പ്രതീകങ്ങളാണ്. മോദി ഭരണം ഈ കർഷകർക്കു നൽകിയതെന്താണ്? അധികാരത്തിലെത്തിയാൽ വിളകൾക്ക് കൃഷിച്ചെലവിന്റെ ഒന്നരമടങ്ങ് മിനിമം താങ്ങുവില ഉറപ്പാക്കുമെന്ന് പറഞ്ഞ മോദിയും സംഘവും, കരാർ കൃഷിയിലൂടെ വലിയ വ്യാപാരശൃംഖലകളുടെ അധിപൻമാരായ മുതലാളിമാരുടെ ദയയ്ക്ക് കർഷകരെ എറിഞ്ഞുകൊടുത്തു. വിപണിയിൽ കാർഷികോൽപ്പന്നങ്ങളുടെ വില കുത്തകകൾ കുത്തനെ ഇടിച്ചു. നിസ്സഹായരായ കർഷകർ കാർഷികോൽപ്പന്നങ്ങൾ പെരുവഴിയിലുപേക്ഷിച്ച് മടങ്ങിപ്പോയി സ്വന്തം ജീവനെടുത്തു. ഇന്ന് രാജ്യമെമ്പാടും ഇതാണ് സ്ഥിതി.

ബിജെപിയുടെ കേന്ദ്രഭരണം നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയങ്ങളുടെ കാര്യത്തിൽ അന്തിമവിശകലനത്തിൽ സിപിഐ(എം) നയിക്കുന്ന എൽഡിഎഫിനും കോൺഗ്രസ്സ് നയിക്കുന്ന യുഡിഎഫിനും അടിസ്ഥാനപരമായ വിയോജിപ്പുകൾ ഇല്ല എന്നത് അവരുടെ നിലപാടുകളിൽ നിന്നും വ്യക്തമാണ്. നോട്ടുനിരോധനത്തെ അംഗീകരിക്കുന്ന നിലപാടാണ് സിപിഐ(എം) കൈക്കൊണ്ടത്. കറൻസി വിതരണം ചെയ്യുന്നതിൽ സഹരണമേഖലയെ ഒഴിവാക്കി തുടങ്ങിയ ചില ദുർബ്ബല വിമർശനങ്ങൾ മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് ജി.എസ്.ടി നടപ്പാക്കാൻ വഴിതെളിക്കുകയാണ് എൽഡിഎഫും യുഡിഎഫും ചെയ്തത്. ഒടുവിൽ ചരക്ക് സേവന നികുതി വൻ വിലക്കയറ്റത്തിലേക്ക് നയിച്ചപ്പോൾ, ജനങ്ങളുടെ വികാരത്തോടൊപ്പമാണ് തങ്ങളെന്നു കാട്ടാൻ ചില്ലറ എതിർപ്പുകളുടെ ശബ്ദം പുറപ്പെടുവിച്ചു എന്നു മാത്രമേയുള്ളൂ. സ്വന്തം നയങ്ങളുടെ തുടർച്ചമാത്രമാണ് എന്നതിനാൽ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ നടപടികളെ ഫലപ്രദമായി ചോദ്യം ചെയ്യാൻ കോൺഗ്രസ്സ് ലക്ഷ്യമിടുന്ന പ്രശ്നമേയില്ല. അന്തിമവിശകലനത്തിൽ ഒരേ നയങ്ങളെ പ്രതിനിധാനം ചെയ്യുന്നവർ തമ്മിലുള്ള മൽസരമെന്ന നിലയിൽ ഉപതെരഞ്ഞെടുപ്പ് മാറുകയാണ്. ഈ സാഹചര്യത്തിലാണ് ജനങ്ങളുടെ യഥാർത്ഥ താൽപ്പര്യം പ്രതിനിധാനം ചെയ്യുന്ന എസ്‌യുസിഐ(സി)യുടെ സ്ഥാനാർത്ഥിത്വം അനിവാര്യതയായി മാറുന്നത്.

എല്ലാം ശരിയാക്കാൻ ജനങ്ങൾ എൽ.ഡി.എഫിന് അവസരം നൽകിയിട്ട് രണ്ട് വർഷം തികയാൻ പോകുന്നു. കേരളം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളെ പരിഹരിക്കുവാനോ ലഘൂകരിക്കാനോ കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല, ജനങ്ങളെ ബാധിക്കുന്ന മിക്ക വിഷയങ്ങളിലും, മുൻപ് ഭരിച്ച യു.ഡി.എഫ് ഗവൺമെന്റിന്റെ തുടർച്ച തന്നെയായിരുന്നു.

വിദ്യാഭ്യാസ, വ്യവസായ ലോബികൾക്ക് സർക്കാർ സമ്പൂർണ്ണമായി കീഴടങ്ങിയ കാഴ്ചയാണ് നാം കണ്ടത്. സ്വാശ്രയമേഖലയിലെ കച്ചവട താൽപര്യങ്ങൾക്കനുസരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ് നാം കണ്ടത്. വിദ്യാർത്ഥികളെ കൊല ചെയ്യുകയോ ആത്മഹത്യയിലേക്ക് തള്ളി വിടുകയോ ചെയ്യുന്ന ശക്തമായൊരു മാഫിയയായി സ്വാശ്രയ മേഖല വളർന്നിരിക്കുന്നു. നിരവധി ജിഷ്ണു പ്രണോയിമാർ സൃഷ്ടിക്കപ്പെടുന്നതും അവിടെയെല്ലാം സർക്കാർ ആരുടെ പക്ഷത്താണെന്നും നാം കണ്ടു. ആരോഗ്യ മേഖലയിലും ഇതുതന്നെയാണ് സ്ഥിതി. സുപ്രീം കോടതി നിശ്ചയിച്ച മിനിമം വേതനത്തിന് വേണ്ടി നഴ്സുമാർ സുദീർഘമായ സമരത്തിനൊടുവിൽ നടത്തിയ ഒത്തു തീർപ്പ് വ്യവസ്ഥകൾ പാലിക്കാതിരുന്ന ആശുപത്രി മാനേജ്മെന്റുകളോടൊപ്പമാണ് ഈ സർക്കാർ.

കേരളം കണ്ട ഏറ്റവും സാമൂഹ്യവിരുദ്ധമായ മദ്യ നയമാണ് സർക്കാർ ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. ജനങ്ങളുടെ ആരോഗ്യത്തെയും സംസ്കാരത്തെയും നന്മകളെയാകെയും ചോർത്തിക്കളഞ്ഞ് മനോരോഗികൾ ആക്കുന്ന വിധത്തിൽ മദ്യമൊഴുക്കുകയാണ്. അതിനുവേണ്ടി ആനയിക്കുന്ന ന്യായവാദങ്ങൾ അറപ്പുളവാക്കുന്നവയാണ്. മദ്യത്തിൽ നിന്ന് സർക്കാരിനും മദ്യരാജാക്കന്മാർക്കും ലഭിക്കുന്ന വരുമാനം സ്വന്തം കുഞ്ഞുങ്ങളെ വിറ്റ് നേടുന്നതുപോലെ അസാന്മാർഗികമാണ്. കേരളത്തിന്റെ പൊതുസ്വത്തായ ഭൂമി സ്വകാര്യ വ്യക്തികളുടെ കൈയ്യിലെത്തിക്കുന്നതിന് കാണിക്കുന്ന താൽപര്യം മുന്നണികളിൽ തന്നെ സംഘർഷങ്ങൾ സൃഷ്ടിക്കുന്നു. വനഭൂമി കൈയ്യേറ്റവും കായൽ കൈയ്യേറ്റവും നടത്തുന്ന മന്ത്രിയെയും എംഎൽഎയെയും സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ദേശീയ പാത വികസനത്തിന്റെയും മറ്റും പേരിൽ സ്വന്തം ഭൂമിയിൽ നിന്ന് സാധാരണ മനുഷ്യരെ ആട്ടിപ്പുറത്താക്കുകയും പ്രതിഷേധിക്കുന്നവരെ അടിച്ചമർത്തുകയുമാണ്. കോർപ്പറേറ്റ് ഭീമനായ അദാനിക്ക് വിഴിഞ്ഞം തുറമുഖം തീറെഴുതി കൊടുത്തു. ഗെയ്‌ൽ പൈപ്പ് ലൈൻ പദ്ധതിയിലും അദാനിക്ക് ആനുകൂല്യങ്ങൾ വാരിക്കോരി നൽകി.

തൊഴിലെടുത്ത് ജീവിക്കുന്നവരുടെ ഭാവി അരക്ഷിതാവസ്ഥയിലാണ്. കെ.എസ്.ആർ.ടി.സി പെൻഷനും ശമ്പളവും അനിശ്ചിതത്ത്വത്തിലാക്കി മുൻപെങ്ങുമില്ലാത്ത വിധമുള്ള ജീവിത ദുരന്തങ്ങൾ സൃഷ്ടിച്ചു. കെഎസ്ആർടിസിയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളും ഇതേ പാതയിലാണ്. സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ചിരിക്കുന്ന കടുത്ത മാന്ദ്യം ഉള്ള തൊഴിൽ ഇല്ലാതാവുന്നതിലേക്കും കൂലി കുറവിലേക്കും നയിക്കുന്നു. തൊഴിൽ തേടി ചെറുപ്പക്കാർ അലയുകയാണ്. കാർഷിക മേഖല മുച്ചൂടും മുടിയുകയാണ്. കൃഷിഭൂമി ചുരുങ്ങുന്നത് ഒരു ലക്ഷണം മാത്രം. സംസ്ഥാനത്തിന്റെ പൊതുകടം രണ്ട് ലക്ഷം കോടി രൂപയിൽ എത്തിയിരിക്കുന്നു എന്നത് സർക്കാരിനെ അലോസരപ്പെടുത്തുന്നില്ല. ആദിവാസികൾ നേരിടുന്ന ജീവിത ദുരന്തങ്ങളുടെ പ്രതീകമാണ് ഭക്ഷണം മോഷ്ടിച്ചു എന്ന് ആരോപിച്ച് തല്ലി കൊലചെയ്യപ്പെട്ട മധു. എൻഡോസൾഫാൻ ഇരകൾ ഇന്നും സമരത്തിലാണ്. ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യപ്പെടുന്നില്ല.

മൂന്ന് മുന്നണികളുംകൂടി കൂട്ടുകച്ചവടത്തിലേർപ്പെട്ടുകൊണ്ട് കേരള നിയമസഭയെ ഏതുപതനത്തിൽ എത്തിച്ചു എന്നതിന്റെ തിളങ്ങുന്ന ദൃഷ്ടാന്തമാണ് കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകളിലെ പ്രവേശനാനുമതി. ഭരിക്കുന്ന എൽഡിഎഫും പ്രതിപക്ഷത്തിരിക്കുന്ന യുഡിഎഫും ബിജെപി മുന്നണിയും എംബിബിഎസ് പ്രവേശനത്തിൽ നിയമവിരുദ്ധമായ കൃത്രിമം കാട്ടിയ മാനേജ്മെന്റുകളെ സംരക്ഷിക്കാൻവേണ്ടി ഒത്തുചേർന്ന് കേരള നിയമസഭയെ കരുവാക്കി. പ്രവേശനത്തിലെ കൃത്രിമത്തിന് സംരക്ഷണം നൽകിക്കൊണ്ട് ഓർഡിനൻസ് ഇറക്കി. കോടതിയിൽ നിലനിൽക്കാൻവേണ്ടി കൃത്രിമങ്ങൾക്ക് നിയമസംരക്ഷണം നൽകാൻ ബിൽ അവതരിപ്പിച്ച് അത് ഐകകണ്ഠ്യേന പാസ്സാക്കിയെടുക്കുന്ന അപമാനകരമായ സ്ഥിതിവിശേഷത്തിന് കേരള നിയമസഭ സാക്ഷ്യംവഹിക്കേണ്ടിവന്നു.

ചുരുക്കത്തിൽ ജനജീവിതം അസാധാരണമായ പ്രതിസന്ധിയിൽ എത്തിനിൽക്കുകയാണ്. ഭരണക്കാരും അവരുടെ പ്രസ്ഥാനങ്ങളും ജനങ്ങൾക്കെതിരെ നിലകൊള്ളുമ്പോൾ രക്ഷാമാർഗ്ഗമെന്താണ്? ഇവിടെയാണ് ജനസമരത്തിന്റെ പതാകയുമായി പതിറ്റാണ്ടുകളായി ഈ മണ്ണിൽ അവിരാമം പൊരുതുന്ന എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പ്രസക്തി. ഇപ്പറഞ്ഞ വിഷയങ്ങളിലെല്ലാം എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനപക്ഷത്ത് നിലയുറപ്പിച്ചുകൊണ്ട് ജനങ്ങളുടെ ചെറുത്തുനിൽപ് സംഘടിപ്പിക്കുകയാണ്. ഡിപിഇപിക്കെതിരെയും കരിമണൽ ഖനനത്തിനെതിരെയും നടന്ന സമരങ്ങൾ, ചെങ്ങറ ഭൂസമരം, മൂലമ്പള്ളിയിലെ കുടിയിറക്കപ്പെട്ടവരുടെ സമരം, വിളപ്പിൽശാല മാലിന്യ നിക്ഷേപത്തിനെതിരായ സമരം, സ്വാശ്രയ സമ്പ്രദായത്തിനെതിരായ അസംഖ്യം സമരങ്ങൾ, വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സമരം, നഴ്സുമാരുടെയും അൺ-എയിഡഡ് അധ്യാപകരുടെയും സമരം തുടങ്ങിയ നിരവധി സമരമുഖങ്ങളിൽ പാർട്ടിയുടെ സാന്നിധ്യവും നേതൃത്വപരമായ പങ്കും ജനങ്ങളുടെ മുന്നിലുണ്ട്.

തെരഞ്ഞെടുപ്പുകൾ വരികയും പോവുകയും ചെയ്യുന്നു. ഭരിക്കുന്ന കക്ഷികളും മാറുന്നു. പക്ഷേ ജനങ്ങളുടെ ജീവിതദുരിതങ്ങൾ നാൾക്കുനാൾ വർദ്ധിക്കുന്നു. സർക്കാർ ഏതായാലും ജനങ്ങൾക്കെതിരെയുണ്ടാകുന്ന ഏതൊരു ആക്രമണങ്ങളെയും ചെറുക്കാൻ ജാതി-മത-കക്ഷി-രാഷ്ട്രീയത്തിന് അതീതമായി ഒത്തുചേരുന്ന സമരശക്തികൾക്കേ കഴിയൂ. ഈ കടുത്ത യാഥാർത്ഥ്യം ജനങ്ങൾ മനസ്സിലാക്കണം. ഈ ദിശയിൽ പ്രവർത്തിക്കുന്ന ഏക രാഷ്ട്രീയ പ്രസ്ഥാനം ഇന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മാത്രമാണ്. ജനസമരത്തിന്റെ രാഷ്ട്രീയ സന്ദേശം ജനങ്ങളിൽ എത്തിക്കാനാണ്, തത്വാധിഷ്ഠിത രാഷ്ട്രീയത്തിന്റെ, സമരത്തിന്റെ, ചെറുത്തുനിൽപ്പിന്റെ, പ്രതിനിധിയെന്ന നിലയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥി സഖാവ് മധു ചെങ്ങന്നൂർ ഈ മണ്ഡലത്തിൽ സ്ഥാനാർത്ഥിയായി മത്സരിക്കുന്നത്. സഖാവിനെ വിജയിപ്പിക്കണമെന്ന് ഏവരോടും അഭ്യർത്ഥിക്കുന്നു ●




**കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നയങ്ങൾക്കെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ചെങ്ങന്നൂർ ലോക്കൽ കമ്മിറ്റി സംഘടിപ്പിച്ച ആർഡിഒ ഓഫീസ് മാർച്ച് ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.പാർത്ഥസാരഥി വർമ്മ ഉദ്ഘാടനം ചെയ്യുന്നു**

## തെരഞ്ഞെടുപ്പ് കൺവൻഷൻ

**കേ**ന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹനയങ്ങൾക്കും വർഗ്ഗീയതയ്ക്കും അക്രമരാഷ്ട്രീയത്തിനുമെതിരെ ജനസമരത്തിന്റെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാനാർത്ഥി മധു ചെങ്ങന്നൂരിനെ വിജയിപ്പിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള മണ്ഡലം കൺവൻഷൻ മാർച്ച് 28ന് ചെങ്ങന്നൂർ വൈഎംസിഎ ഹാളിൽ വെച്ച് നടന്നു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയേറ്റംഗം സഖാവ് ജയ്സൺ ജോസഫ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ സെക്രട്ടറി ഡോ.വി. വേണുഗോപാൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗങ്ങളായ സഖാക്കൾ എസ്.രാജീവൻ, വർഗ്ഗീസ് എം.ജേക്കബ്, എസ്.സീതിലാൽ, ജില്ലാ സെക്രട്ടേറിയേറ്റംഗം സഖാവ് ആർ.പാർത്ഥസാരഥി വർമ്മ, സ്ഥാനാർത്ഥി സഖാവ് മധു ചെങ്ങന്നൂർ, സഖാക്കൾ കെ.ആർ.ഓമനക്കുട്ടൻ, കെ.ബിമൽജി, ടി.കെ.ഗോപിനാഥൻ, ടെസി ബേബി, റോയി മാത്യു ജനകീയ പ്രതിരോധ സമിതി നേതാവ് ആലാ വാസുദേവൻപിള്ള എന്നിവർ പ്രസംഗിച്ചു ●

# ത്രിപുര, മേഘാലയ, നാഗാലാന്റ് തെരഞ്ഞെടുപ്പ്: ബിജെപി വിജയം നൽകുന്ന സൂചനയെന്ത്?

**ത്രിപുര, നാഗാലാന്റ്, മേഘാലയ സംസ്ഥാനങ്ങളിൽ അടുത്തിടെ നടന്നു തെരഞ്ഞെടുപ്പിൽ ത്രിപുര പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റി. ഇടതെന്നറിയപ്പെടുന്ന സിപിഐ(എം)ന്റെ കാൽനൂറ്റാണ്ടുകാലത്തെ വാഴ്ചയ്ക്ക് അന്ത്യംകുറിച്ചുകൊണ്ട് കടുത്ത വർഗീയ-വലതുപക്ഷ കക്ഷിയായ ബിജെപി ത്രിപുരയിൽ വൻവിജയം നേടി. വിഘടനവാദ കാഴ്ചപ്പാടുള്ള ആദിവാസി സംഘടനയായ ഐപിഎഫ്റ്റി(ഇൻഡിജിനസ് പീപ്പിൾസ് ഫ്രണ്ട് ഓഫ് ത്രിപുര)യുമായി ചേർന്ന് ബിജെപി 60 സീറ്റിൽ 43 സീറ്റ് നേടിയപ്പോൾ സിപിഐ(എം) 16 സീറ്റിൽ ഒതുങ്ങി.**

മേഘാലയയിൽ രണ്ടുതവണ ഭരണം കയ്യാളിയ കോൺഗ്രസ് മുന്നണിയും പരാജയപ്പെട്ടു. പ്രാദേശിക പാർട്ടിയായ എൻപിപിയും ബിജെപിയും ചേർന്ന സഖ്യമാണിവിടെ അധികാരത്തിൽ വന്നത്. എൻപിപി 59ൽ 19 സീറ്റ് നേടി. ബിജെപിക്ക് രണ്ട് സീറ്റുകിട്ടി. മൂന്ന് പ്രാദേശിക പാർട്ടികൾ കൂടി പിന്തുണച്ചതോടെ അവർക്ക് ഭൂരിപക്ഷമായി. നാഗാലാന്റിലും പ്രാദേശിക പാർട്ടിയായ എൻഡിപിപി 60ൽ 18 സീറ്റ് നേടി. ബിജെപിക്ക് 12 സീറ്റ്. മറ്റ് പ്രാദേശികകക്ഷികളും സ്വതന്ത്രരുമടക്കം നാലുപേർ കൂടി പിന്തുണച്ചതോടെ ഭരണം ഉറപ്പായി. ബൂർഷ്വാസിയുടെ വിശ്വസ്ത രാഷ്ട്രീയ സംഘടനയായ കോൺഗ്രസിന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നല്ല സ്വാധീനമുണ്ടായിരുന്നു. ഇക്കുറി ത്രിപുരയിലും നാഗാലാന്റിലും അവർക്ക് ഒറ്റ സീറ്റുപോലും നേടാനായില്ല. മേഘാലയയിൽ പത്തുവർഷമായി ഭരിക്കുന്ന അവർക്ക് ഏറ്റവും വലിയ ഒറ്റകക്ഷിയാകാൻ കഴിഞ്ഞെങ്കിലും ഭരിക്കാനുള്ള ഭൂരിപക്ഷം മേടാനായില്ല. മിസോറാമിൽ മാത്രമാണ് അവർക്ക് ഭരണമുള്ളത്.

വടക്കുകിഴക്കൻ മേഖലയിൽ വിഘടനവാദികളായ പ്രാദേശിക പ്രസ്ഥാനങ്ങളുമായി ചേർന്ന് ആസ്സാം, മണിപ്പൂർ, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഇപ്പോൾത്തന്നെ ബിജെപി അധികാരം കയ്യാളുന്നുണ്ട്. തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതോടെ ബിജെപിയുടെ ഗംഭീരവിജയം ഉയർത്തിക്കാണിച്ചുകൊണ്ട് ഒരു വിഭാഗം മാദ്ധ്യമങ്ങൾ ഉത്സാഹപൂർവ്വം രംഗത്തുവന്നു. എന്നാൽ നാഗാലാന്റിലും മേഘാലയയിലും പ്രാദേശിക പാർട്ടികളുടെ തോളിലേറിയാണ് ബിജെപി അധികാരത്തിലെത്തിയത്. ത്രിപുരയിലെ ജനവിധി മാത്രമാണ് വ്യക്തമായ ചിത്രം സമ്മാനിക്കുന്നത്. അവിടെയാകട്ടെ കടുത്ത വർഗീയ പ്രചാരണം നടത്തിയും കേന്ദ്രം ഭരിക്കുന്ന കക്ഷിയെന്ന നിലയിൽ ആ സാഹചര്യം ഉപയോഗപ്പെടുത്തി വികസനം ഉറപ്പാക്കാമെന്ന വ്യാമോഹം വോട്ടർമാരിൽ പടർത്തിയുമാണ് അവർ വിജയിച്ചത്. സൂത്രശാലികളായ ആർഎസ്എസ് പ്രവർത്തകർ ആവിഷ്കരിച്ച തന്ത്രത്തിലൂടെ അവർക്ക് പൂജ്യത്തിൽ നിന്ന് 35 ആയി സീറ്റുകൾ ഉയർത്താൻ കഴിഞ്ഞു. സംസ്ഥാനത്തിന്റെ മുക്കിനുംമൂലയിലും വരെ അധികാരം ചെലുത്താൻകഴിഞ്ഞ സിപിഐ(എം) എന്ന ദുഷ്ടശക്തിയുടെ ദീർഘകാലമായി നിലനിന്ന ഭീകരഭരണത്തിനാണ് ഇതിലൂടെ വിരാമമായത്.

തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോൾ സിപിഐ(എം) സ്തബ്ധമായിപ്പോയി. 45 ശതമാനം വോട്ടു നേടാനായത് പറഞ്ഞാണ് അവർ ജനങ്ങളെ, സ്വന്തം അണികളെത്തന്നെയും ആശ്വസിപ്പിച്ചത്. ബിജെപിയുടെ വിജയം അക്രമമഴിച്ചുവിട്ടും പണമൊഴുക്കിയും നേടിയതാണെന്നാണ് അവരുടെ ഔദ്യോഗിക ഭാഷ്യം. അല്ലാതെയുള്ള സംസാരങ്ങളിൽ, ആദിവാസികൾ ആനുകൂല്യങ്ങളിലും പൊള്ളയായ വാഗ്ദാനങ്ങളിലും വീണുപോയെന്ന് അവർ കുറ്റപ്പെടുത്തുന്നു. ആദിവാസികളല്ലാത്തവർ വിഘടന രാഷ്ട്രീയത്തിന് ഇരയായെന്നും പരാതിപ്പെടുന്നു. എന്തായാലും ബിജെപിയുടെ വിജയം അത് ഗംഭീരമാണെങ്കിലും അല്ലെങ്കിലും, ഇടതുപക്ഷ രാഷ്ട്രീയ വിശ്വാസികൾക്ക് കനത്ത ആഘാതമായി എന്നതൊരു വസ്തുതയാണ്. മഹാനായ ലെനിന്റെ പ്രതിമ തകർത്തതടക്കം പിന്നീടുണ്ടായ സംഭവങ്ങൾ അവരുടെ ആശങ്ക അസ്ഥാനത്തായിരുന്നില്ല എന്ന് തെളിയിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ശ്രദ്ധാപൂർവ്വമുള്ള ഒരു പരിശോധന ആവശ്യമായിരിക്കുന്നു.

### വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ പറയുന്നത് വികസനരാഹിത്യത്തിന്റെയും ചൂഷണത്തിന്റെയും അനുഭവങ്ങൾ

തെരഞ്ഞെടുപ്പ് വിശകലനത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ചില കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പ് നടന്ന ത്രിപുര, നാഗാലാന്റ്, മേഘാലയ എന്നിവ കൂടാതെ ആസ്സാം, അരുണാചൽ പ്രദേശ്, മണിപ്പൂർ, മിസോറാം എന്നീ സംസ്ഥാനങ്ങൾക്കും പറയാനുള്ളത് ഒരേ പരാധീനതകളും പ്രശ്നങ്ങളുമാണ്. ഈ സംസ്ഥാനങ്ങളെല്ലാം നിർദ്ദയമായ ചൂഷണവും ക്രൂരമായ അടിച്ചമർത്തലും കടുത്ത വഞ്ചനയും നിറഞ്ഞ ഒരു മുതലാളിത്ത വ്യവസ്ഥയ്ക്കു കീഴിലാണ് നിലനിൽക്കുന്നത്. കുതിച്ചുയരുന്ന വിലവർദ്ധന, പെരുകുന്ന തൊഴിലില്ലായ്മ, സുരക്ഷിതവും മാന്യവുമായൊരു ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ മാഞ്ഞുപോകൽ, പ്രതിപക്ഷത്തെ നിശ്ശബ്ദമാക്കാനായി ജനാധിപത്യാവകാശങ്ങളും ട്രേഡ് യൂണിയൻ അവകാശങ്ങൾപോലും കവർന്നെടുക്കപ്പെടുന്നത് തുടങ്ങിയവയൊക്കെയാണ് തീവ്രമായ സാമ്പത്തിക ചൂഷണത്തിലൂടെ ഈ വ്യവസ്ഥ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇതിനൊക്കെപ്പുറമെ, അഴിമതി, നിരന്തരമായ കുറ്റകൃത്യങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും മേലുള്ള അതിക്രമങ്ങൾ തുടങ്ങിയക്കൊക്കെ ജന്മം നൽകുന്ന സാംസ്കാരിക-ധാർമ്മിക തകർച്ച സുരക്ഷിതമായൊരു ജീവിതം രാജ്യത്താകെ അസാദ്ധ്യമാക്കിയിരിക്കുകയാണ്. ഇതിനൊക്കെ പുറമെ ഈ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് അവരുടേതായ പ്രശ്നങ്ങൾ വേറെയുമുണ്ട്. സ്വർഗരാജ്യം എന്ന് പ്രകീർത്തിച്ചുകൊണ്ട് രണ്ടാനമ്മയെപ്പോലെ അവഗണിക്കുക എന്നതായിരുന്ന ഭരണക്കാർ ഇത്രയുംകാലം ഈ സംസ്ഥാനങ്ങളോട് വച്ചുപുലർത്തിയിരുന്ന സമീപനം. നാമമാത്രമായ വ്യവസായങ്ങൾ, കാലഹരണപ്പെട്ട കൃഷിരീതികൾ, പരിതാപകരമായ ഗതാഗത-വാർത്താവിനിമയ സംവിധാനങ്ങൾ എന്നിവയൊക്കെയാണ് ഈ മേഖലയുടെ മുഖമുദ്രകൾ. കാടും മലയും നിറഞ്ഞ മേഖലയായതുകൊണ്ടാണ് ഒന്നും ചെയ്യാനാവാത്തതെന്നാണ് അധികാരികളുടെ വിശദീകരണം. അതുകൊണ്ടുതന്നെ അസഹനീയമായ ദാരിദ്ര്യം, കടുത്ത തൊഴിലില്ലായ്മ, ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ, ഗതാഗത മാർഗ്ഗങ്ങളുടെ അഭാവം എന്നിവയൊക്കെ ഇവിട വേണ്ടുവോളമുണ്ട്. ആകെക്കൂടി നോക്കുമ്പോൾ തീർത്തും ദയനീയമായ അവസ്ഥ. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തെ ആശ്രയിച്ചാണ് ഇവയുടെ നിലനിൽപ്പ്. അതുകൊണ്ടുതന്നെ അവസരവാദികളും അധികാരമോഹികളുമായ ഇവിടങ്ങളിലെ രാഷ്ട്രീയ നേതൃത്വങ്ങളും പ്രാദേശിക മുതലാളിമാരുമൊക്കെ കേന്ദ്രത്തിൽ അധികാരത്തിൽ വരുന്നവരോട് ഒട്ടി നിൽക്കുന്ന പ്രവണതയും ശക്തമാണ്. കേന്ദ്രത്തിൽ ഭരണമാറ്റമുണ്ടാകുമ്പോൾ ഇവരും കാറ്റാടിപോലെ അങ്ങോട്ട് ചായുന്നു. കോൺഗ്രസിന്റെ സാദ്ധ്യത മങ്ങിയതോടെ കോൺഗ്രസുകാരെല്ലാം ബിജെപിയിൽ ചേക്കേറുന്നതാണ് ഇവിടെയെല്ലാം കാണാൻ കഴിഞ്ഞത്. അധികാരത്തിലെത്തിയാൽ ജനങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ട പണം ഇവർ സ്വന്തം കീശയിലാക്കുകയും ചെയ്യും. ഫണ്ടെല്ലാം സ്വന്തമാക്കാനുള്ള അധികാരം ജനപ്രതിനിധികൾ എന്ന നിലയിൽ തങ്ങൾക്കുണ്ടെന്ന് ഇവർ കരുതുന്നു. തൊഴിലും ജീവിതമാർഗവുമില്ലാതെ യുവാക്കൾ മയക്കുമരുന്നിന് അടിമകളാകുകയും മയക്കുമരുന്ന് കടത്ത് അടക്കമുള്ള അധാർമ്മികമായ ജീവിതരീതികൾ അവലംബിക്കുകയും ചെയ്യുന്നു. വ്യത്യസ്തമായ സംസ്കാരവും സ്വഭാവരീതികളുമുള്ള അനേകം വംശീയ വിഭാഗങ്ങൾ ഇവിടെയുണ്ട്. സങ്കുചിതദേശീയവാദവും പ്രാദേശികവാദവും വിഭാഗീയതയും വിഘടനവാദവുമൊക്കെ പ്രയോഗിച്ച് മുതലെടുപ്പ് നടത്താൻ ഇത് ഭരണാധികാരികൾക്കും പ്രാദേശിക മുതലാളിമാർക്കും അവസരമൊരുക്കുന്നു. അനിശ്ചിതമായ ഭാവിയും ജീവിത ദുരിതങ്ങളും മൂലം നിരാശരാകുന്ന യുവതലമുറ തങ്ങളുടെ ദുരിതങ്ങൾക്കെല്ലാം കാരണമായ ശക്തികൾക്കെതിരെ നിലകൊള്ളുന്നതിന് പകരം ഭ്രാതൃഹത്യയെന്ന ദൂഷിതവലയത്തിൽ അകപ്പെട്ടുപോകുന്നു. ഒരേ ഭരണാധികാരികൾതന്നെ വിഭാഗീയത ഊട്ടിവളർത്തി മുതലെടുക്കുകയും അധികാരത്തിലെത്തുമ്പോൾ വിഭാഗീയതയും ഭീകരതയും അമർച്ചചെയ്യാനെന്ന പേരിൽ അവർക്കുമേൽ ബലപ്രയോഗം നടത്തുകയും ചെയ്യുന്നു. അങ്ങനെ ഈ മേഖലയിലെ ജനങ്ങളാകെ ക്രൂരമായ അടിച്ചമർത്തലിന്റെയും നിർദ്ദാക്ഷിണ്യമായ വിവേചനത്തിന്റെയും ഇരുതല മൂർച്ചയുള്ള വാളിന് നിരന്തരം ഇരയായിക്കൊണ്ടിരിക്കുന്നു.

### സിപിഐ(എം) ഒരു ബൂർഷ്വാ പാർട്ടിയെപ്പോലെഭരിച്ച് ജനങ്ങളുടെ വെറുപ്പ് മാത്രം സമ്പാദിച്ചു

ഈ പശ്ചാത്തലത്തിലാണ് ത്രിപുര, നാഗാലാന്റ്, മേഘാലയ എന്നീ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കുന്നത്. കാൽനൂറ്റാണ്ടുകാലത്തോളം സിപിഎം(എം) ഭരണം നിലനിന്നു എന്നത് ത്രിപുരയെ വ്യത്യസ്തമാക്കുന്നുണ്ട്. ഇവിടെ മുതലാളിത്ത ഭരണത്തിന്റെ എല്ലാ തിന്മകളും പൂർണാർത്ഥത്തിൽ നിലനിന്നിരുന്നു. അതുകൂടാതെയാണ് വടക്കുകിഴക്കൻ സംസ്ഥാനമെന്ന നിലയിൽ അനുഭവിക്കേണ്ടിവന്ന സവിശേഷമായ ദുരിതങ്ങളും, കാർഷികമേഖലയുടെ വികാസത്തിനോ ഗതാഗത-വാർത്താവിനിമയ മേഖല കെട്ടിപ്പടുക്കാനോ ആരോഗ്യ-വിദ്യാഭ്യാസമേഖല ശക്തിപ്പെടുത്താനോ ഇഷ്ടികക്കളങ്ങളും തേയില വ്യവസായവുമല്ലാതെ പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായമേഖല പുഷ്ടിപ്പെടുത്താനോ ഉള്ള ഒരു ശ്രമവും ഇക്കാലമത്രയും ഭരിച്ചവർ നടത്തിയില്ല. കടുത്ത ദാരിദ്ര്യം, കുറഞ്ഞ മൂലധന രൂപീകരണം, അസഹ്യമായ തൊഴിലില്ലായ്മ, കരാർ തൊഴിൽ തുടങ്ങിയവയൊക്കെയായിരുന്നു ഇതിന്റെ പരിണതഫലം. രാജ്യത്ത് മുതലാളിത്ത വ്യവസ്ഥ നിലനിൽക്കുവോളം ത്രിപുരയ്ക്ക് അതിന്റെ കെടുതികളിൽനിന്ന് മോചനമുണ്ടാകുമെന്ന് പ്രതീക്ഷിക്കാനാകില്ലല്ലോ. എന്നാൽ മാർക്സിസ്റ്റെന്ന്, ചുരുങ്ങിയപക്ഷം ജനപക്ഷമെന്ന് അവകാശപ്പെടുന്ന ഒരു ഗവൺമെന്റ് ഭരിക്കുമ്പോൾ ബൂർഷ്വാ ഭരണത്തിൽ നിന്ന് ഒരു വ്യത്യാസം ഉണ്ടാകുമെന്ന് ജനങ്ങൾ കരുതുക സ്വാഭാവികമല്ലേ? ഗവൺമെന്റ് മാറുന്നതുകൊണ്ടുമാത്രം ജീവിതദുരിതങ്ങൾക്ക് അവസാനമുണ്ടാകില്ല എന്ന് ജനങ്ങളെ പഠിപ്പിക്കാൻ ഇടതുപക്ഷ ഗവൺമെന്റ് ബാദ്ധ്യസ്ഥമായിരുന്നില്ലേ? അതുപോലെതന്നെ ഇക്കൂട്ടർ ഭരിക്കുമ്പോൾ അഴിമതിക്ക് പരമാവധി തടയിടാൻ ശ്രമിക്കേണ്ടതായിരുന്നില്ലേ? മുതലാളിത്ത സംവിധാനത്തിലെ ജനവിരുദ്ധമായ ഉദ്യോഗസ്ഥ സംവിധാനത്തിന് തടയിട്ടുകൊണ്ട് ജനാനുകൂലമായ ഒരു ഭരണം കാഴ്ചവയ്ക്കാനും ശ്രമിക്കേണ്ടതായിരുന്നില്ലേ? അതുപോലെതന്നെ കാലങ്ങളായി അടിഞ്ഞുകൂടിയ ദുരിതങ്ങളിൽനിന്ന് ജനങ്ങൾക്ക് കഴിയുന്നത്ര ആശ്വാസം പകരുന്ന നടപടികൾ ഒന്നൊന്നായി ആവിഷ്ക്കരിക്കാനും അവർക്ക് കഴിയേണ്ടതല്ലായിരുന്നോ? ഇക്കാര്യത്തിൽ ജനങ്ങളെ അണിനിരത്തി കേന്ദ്രത്തിനുമേൽ സമ്മർദ്ദം ചെലുത്തി അവകാശങ്ങൾ പിടിച്ചുപറ്റാനും ശ്രമിക്കാമായിരുന്നു. അതുപോലെതന്നെ പ്രധാനമായിരുന്നു ജനങ്ങളുടെ സമരങ്ങൾ വളർന്നുവരുന്നുവെന്നും അത് ഗവൺമെന്റ് അടിച്ചമർത്തുന്നില്ല എന്നും ഉറപ്പാക്കേണ്ടതും. എന്നാൽ ജനങ്ങളുടെ ഈ പ്രതീക്ഷകൾ നിറവേറ്റുന്നതിനുപകരം ഒരു ബൂർഷ്വാ ഗവൺമെന്റിനെപ്പോലെ ഭരിക്കാനാണ് ഇടതെന്നവകാശപ്പെടുന്ന സിപിഐ(എം)ന്റെ സർക്കാർ ശ്രമിച്ചത്.

ഒരു ബൂർഷ്വാ ഗവൺമെന്റിനെപ്പോലെ അഴിമതിനിറഞ്ഞതും അടിച്ചമർത്തൽ സ്വഭാവത്തിലുള്ളതുമായ പോലീസ് ഉദ്യോഗസ്ഥ സംവിധാനത്തെ ആശ്രയിച്ച് ഭരണം നടത്താനും മുതലാളിത്ത വ്യവസ്ഥ ജനങ്ങൾക്ക് സമ്മാനിച്ച ദുരിതങ്ങളോട് മുഖം തിരിഞ്ഞ് നിൽക്കാനുമാണ് ത്രിപുരയിലെ സിപിഐ(എം) ഗവൺമെന്റ് ശ്രമിച്ചത്.

ഗ്രാന്റായി ലഭിക്കുന്ന പണമെല്ലാം ഭരണം നിലനിർത്താൻ വേണ്ടി ദുരുപയോഗം ചെയ്യുകയായിരുന്നു അവർ. ആനുകൂല്യങ്ങൾ നൽകിയും ഇഷ്ടപ്പെട്ടവർക്ക് സഹായങ്ങൾ ചെയ്തും പിന്തുണ പിടിച്ചുപറ്റി അധികാരത്തിൽ കടിച്ചുതൂങ്ങുക എന്നതായിരുന്നു അവരുടെ ശൈലി. സ്വാഭാവികമായും വിശേഷാവകാശങ്ങൾ നേടിയെടുക്കുന്ന ഒരു വലിയ വിഭാഗം ഉയർന്നുവന്നു. അധികാരമോഹികളായ ഇവർ ലൈസൻസും പെർമിറ്റുമൊക്കെ നേടിയെടുത്തുകൊണ്ട് റിയൽ എസ്റ്റേറ്റ് ബിസിനസ്സും മറ്റും കൊഴുപ്പിച്ചെടുത്തു. പാർട്ടിയും ഗവൺമെന്റ് സംവിധാനവും അവർക്ക് സുരക്ഷാകവചം തീർത്തു. ജീവിതത്തിന്റെ എല്ലാ തുറകളിലും ഇവർ ശക്തരായിത്തീർന്നു. സംസ്ഥാനത്തെവിടെയും സിപിഐ(എം)ന്റെ സംഘടനാശക്തി ഉപയോഗപ്പെടുത്തി ജനങ്ങൾക്കുമേൽ അധികാരം പ്രയോഗിച്ചു. ജനങ്ങളെ അവർ പിഴിഞ്ഞൂറ്റി, അപമാനിച്ചു, വിരട്ടി, അടിച്ചമർത്തി. ഇതെല്ലാം ജനങ്ങളിൽ കടുത്ത അസംതൃപ്തിയും വെറുപ്പും സൃഷ്ടിച്ചു.

ഏതൊരു വടക്കുകിഴക്കൻ സംസ്ഥാനത്തെയുംപോലെ ത്രിപുരയിലെയും ആദിവാസികൾ ഏറ്റവുമധികം അടിച്ചമർത്തലിന് ഇരയാകുന്നവരായിരുന്നു. ന്യായമായ ആവശ്യങ്ങളെ മുൻനിർത്തി അവരെ സംഘടിപ്പിക്കാനോ നിലനിൽക്കുന്ന ചൂഷണ സംവിധാനത്തെക്കുറിച്ച് അവരിൽ അവബോധം വളർത്താനോ ശ്രമമുണ്ടായില്ല. ആദിവാസി വിഭാഗങ്ങളിൽ പരസ്പര ശത്രുത വളർത്തി തമ്മിലടിപ്പിക്കാനാണ് അവർ ശ്രമിച്ചത്. കോൺഗ്രസ് ഹ്രസ്വകാലം ഭരിച്ചപ്പോൾ അവരുടെ സ്വാധീനത്തിലായ ആദിവാസി സംഘടനയെ തുരത്താനായി സിപിഐ(എം) അക്രമമഴിച്ചുവിട്ടു. ആനുകൂല്യങ്ങൾ നൽകിയും അവരുടെ ദൗർബല്യങ്ങൾ മുതലെടുത്തും വോട്ടുബാങ്ക് സൃഷ്ടിക്കാനാണ് അവർ ശ്രമിച്ചത്.

അഴിമതിയാകട്ടെ വ്യാപകമായിരുന്നു. വ്യക്തികളുടെ സ്വകാര്യജീവിതത്തിൽവരെ പാർട്ടി കടന്നുകയറി ഭീതി നിറച്ചു. നിരന്തരമായ ഭീഷണിയും സമ്മർദ്ദവും ബംഗാളിലെപ്പോലെതന്നെ ത്രിപുരയിലും ജനങ്ങളിൽവല്ലാത്ത മടുപ്പുണ്ടാക്കി. അവർക്ക് സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിഞ്ഞില്ല. ആദിവാസി വിഭാഗങ്ങൾ അങ്ങേയറ്റം ആശങ്കാകുലരായിരുന്നു. ആദിവാസികളും ആദിവാ

*(ശേഷം 4-ാം പേജിൽ)*

# സിപിഐ(എം)നെതിരെയുള്ള ജനരോഷം ബിജെപി മുതലെടുത്തു

## ത്രിപുര തെരഞ്ഞെടുപ്പ്

*(3-ാം പേജിൽ നിന്ന്)*

സികളല്ലാത്ത വിഭാഗങ്ങളും തമ്മിലുള്ള അന്തരവും ശത്രുതയും മൂർച്ഛിച്ചുവന്നു. ആനുകൂല്യങ്ങൾക്കും വിശേഷാവകാശങ്ങൾക്കും പിന്നാലെ പായുന്ന ഒരു വിഭാഗം ആദിവാസികളിൽ പ്രബലമായി. കൂടുതൽ ആനുകൂല്യങ്ങൾ കിട്ടുന്നിടത്തേയ്ക്ക് അവർ യാതൊരു ഉളുപ്പുമില്ലാതെ കൂറുമാറി. ഇത്തരമൊരു ഭരണം സ്വാഭാവികമായും വ്യാപകമായ അസംതൃപ്തിക്കും രോഷത്തിനും കാരണമായി. ഈ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ അധികാരത്തിന്റെ മുഷ്കുമൂലം സിപിഐ(എം)ന് സാധിച്ചില്ല.

പണത്തിന്റെ കുത്തൊഴുക്കായിരുന്നു തെരഞ്ഞെടുപ്പിലെന്ന് തോൽവിക്കുശേഷം അവർ കുറ്റപ്പെടുത്തി. ബിജെപി നേതാക്കൾ പണം വാരിവിതറുന്നതിന്റെ വീഡിയോ വൈറലായി. കൈയൂക്കും കാര്യമായ പങ്കുവഹിച്ചുവെന്ന് അവർ ആരോപിച്ചു. തെരഞ്ഞെടുപ്പിൽ പരാജയപ്പെടുന്നവർ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുക സാധാരണയാണ്. ചിലപ്പോൾ വർഗ്ഗീയ പ്രചാരണത്തെക്കുറിച്ചും ജനങ്ങളിൽ വിഭാഗീയത സൃഷ്ടിച്ചതിനെക്കുറിച്ചുമൊക്കെ പരാമർശമുണ്ടാകും. വിജയിച്ചവരാകട്ടെ ഇതെല്ലാം നിഷേധിക്കും. ഒരു തെരഞ്ഞെടുപ്പിൽ ജയിച്ചവർ മറ്റൊരു തെരഞ്ഞെടുപ്പിൽ തോൽക്കുമ്പോൾ ഇതുപോലെതന്നെ പരാതിക്കാരായി മാറും. സ്വന്തം പാപങ്ങൾ അവർ വിസ്മരിക്കും. ബംഗാളിൽ തെരഞ്ഞെടുപ്പിനുമുമ്പ് ഗ്രാമങ്ങളിലെ സ്ത്രീകൾക്ക് വെള്ളവസ്ത്രം നൽകുന്ന പതിവുണ്ട്. തെരഞ്ഞെടുപ്പിൽ ഇവർക്കെതിരെ നിലപാടെടുത്താൽ വിധവയാക്കപ്പെടുമെന്നും ഈ വെള്ളവസ്ത്രം ധരിക്കേണ്ടിവരുമെന്നുമാണ് വിവക്ഷ. ഇത് ഭീകരതയല്ലേ? ഇതാരെങ്കിലും സമ്മതിക്കാറുണ്ടോ? തെരഞ്ഞെടുപ്പിന് തലേന്ന് രാത്രി പ്രമുഖ പാർട്ടിയുടെ ഗുണ്ടകൾ ഗ്രാമങ്ങളിൽ പണവും മദ്യവുമൊക്കെയായി കയറിയിറങ്ങുന്നത് തടയാൻ പ്രതിപക്ഷം ഉറക്കമിളച്ച് കാത്തിരിക്കാറുണ്ട്. ജനങ്ങളെ പ്രലോഭിപ്പിച്ച് വോട്ടുനേടുകയും അധികാരത്തിലെത്തിയാൽ അവരെ പ്രഹരിക്കുകയുമല്ലേ ഇവർ ചെയ്യുന്നത്? എല്ലാ സംസ്ഥാനങ്ങളിലും ഇതുതന്നെയല്ലേ സ്ഥിതി. കുത്തകകൾക്കുവേണ്ടി, പണവും കൈയൂക്കും മാധ്യമങ്ങളും ഉദ്യോഗസ്ഥ സംവിധാനവും നിയന്ത്രിക്കുന്ന ഒരു ഏർപ്പാടായി തെരഞ്ഞെടുപ്പുകൾ അധഃപതിച്ചിരിക്കുന്നു. അവർതന്നെ ഫലവും നിശ്ചയിക്കുന്നു. സിപിഐ(എം) ഭരണത്തോടുള്ള വെറുപ്പ് വ്യാപകമായിരുന്ന ത്രിപുരയിൽ ഈ അവിശുദ്ധ കൂട്ടുകെട്ട് പ്രവർത്തനക്ഷമമായിരുന്നു എന്നാണ് റിപ്പോർട്ടുകളിൽനിന്ന് വ്യക്തമാകുന്നത്. ഈ സാഹചര്യം ആർഎസ്എസ് നിയന്ത്രണത്തിലുള്ള ബിജെപി നന്നായി ഉപയോഗപ്പെടുത്തുകയും ജനങ്ങൾക്കിടയിൽ സ്വാധീനമുണ്ടാക്കുകയും ചെയ്തു. സിപിഐ(എം) ഒരു മുങ്ങുന്ന കപ്പലാണ് എന്ന് തിരിച്ചറിഞ്ഞ മുതലാളിവർഗ്ഗം ബിജെപിക്ക് തുറന്ന പിന്തുണയുമായി രംഗത്തെത്തുകയും ചെയ്തു.

എങ്ങനെയാണ് ഇടതെന്നറിയപ്പെടുന്ന ഒരു പാർട്ടിക്ക് ഇവ്വിധം ബൂർഷ്വാസിയുടേതിൽനിന്ന് യാതൊരു വ്യത്യാസവുമില്ലാതെ ഭരണം നടത്താനും കുത്തകാനുകൂല നയങ്ങൾ മാത്രം നടപ്പിലാക്കാനും ജനങ്ങളിൽ ഇത്രയേറെ വെറുപ്പ് സൃഷ്ടിക്കാനും കഴിയുക. ബിജെപിയെപ്പോലെ ഒരു കടുത്ത വലതുപക്ഷ പിന്തിരിപ്പൻ പാർട്ടിക്ക് സിപിഐ(എം)നെ അധികാരത്തിൽനിന്ന് പുറന്തള്ളാൻ കഴിഞ്ഞത് ഇക്കാരണത്താലാണ്. മാർക്സിസ്റ്റ് പദാവലികൾ ഉരുവിട്ടാലും ഇടതുപക്ഷ കുപ്പായമണിഞ്ഞാലും സിപിഐ(എം) ഒരു സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയാണെന്നും മൂലധനത്തിനും കൂലിക്കുമിടയിൽ സന്ധിമനോഭാവത്തോടെ നിലകൊള്ളുന്ന ഇവർ ജനങ്ങളെ വഞ്ചിക്കുകയാണ് ചെയ്യുന്നതെന്നും ഇവിടെ മനസ്സിലാക്കേണ്ടതുണ്ട്.

മാർക്സിന്റെയും ലെനിന്റെയുമൊക്കെ കാലംമുതൽ ഇത്തരം സോഷ്യൽ ഡെമോക്രാറ്റിക് ശക്തികൾ, യഥാർത്ഥ കമ്മ്യൂണിസ്റ്റുകളിൽനിന്ന് വ്യത്യസ്തമായി, ജനവഞ്ചനയാണ് നടത്തിയിട്ടുള്ളത്. മുതലാളിത്ത വ്യവസ്ഥയുടെജീർണ്ണത പാരമ്യത്തിലെത്തിനിൽക്കുന്ന ഇന്ന് പണത്തിനും സ്ഥാനമാനങ്ങൾക്കുംവേണ്ടി പരക്കം പായുന്ന സോഷ്യൽ ഡെമോക്രാറ്റുകൾക്ക് മുതലാളിവർഗത്തെ സേവിക്കുകയല്ലാതെ വേറെ മാർഗമൊന്നുമില്ല. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി ആയിരുന്നുവെങ്കിൽ സിപിഐ(എം) ഇങ്ങനെ പ്രവർത്തിക്കുമായിരുന്നില്ല. അവരുടെ ജനവിരുദ്ധവും കുത്തകാനുകൂലവുമായ നയങ്ങൾ ജനങ്ങളിൽ വെറുപ്പുളവാക്കുകയും ഏതൊരു ബൂർഷ്വാ പാർട്ടിയെയുംപോലെ ജനങ്ങൾ അവരെ ചോദ്യം ചെയ്യുകയും അവമതിക്കുകയും തള്ളിക്കളയുകയും ചെയ്തു. ഒരു ഇടതുപക്ഷ പാർട്ടിയെ അല്ലെങ്കിൽ ഒരു വലതുപക്ഷ പാർട്ടിയെ തെരഞ്ഞെടുക്കുക എന്നതായിരുന്നില്ല ജനങ്ങൾ അഭിമുഖീകരിച്ച സാഹചര്യം എന്നർത്ഥം.

### അവസരവാദ രാഷ്ട്രീയം സങ്കുചിതത്വത്തിനും വിഭാഗീയതയ്ക്കും കാരണമായി

സ്വാതന്ത്ര്യലബ്ധിമുതൽ മുതലാളിവർഗ്ഗ ചൂഷണത്തോടൊപ്പം വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ സവിശേഷ പ്രശ്നങ്ങൾകൂടി അനുഭവിച്ചുവരികയായിരുന്നു ഈ മേഖലയിലെ ജനങ്ങൾ. ത്രിപുരയിലാകട്ടെ ശരിയായ നേതൃത്വത്തിനുവേണ്ടി കാത്തിരുന്ന ജനങ്ങളെ നിരാശരാക്കിക്കൊണ്ട് സിപിഐ(എം) നടത്തിയ അടിച്ചമർത്തൽ ഭരണം ജനങ്ങളിൽ അസംതൃപ്തിയും അനിശ്ചിതത്വവും അരക്ഷിതാവസ്ഥയുമാണ് സൃഷ്ടിച്ചത്. ബിജെപി ഈ അവസരം ശരിക്ക് മുതലെടുത്തു. അസംതൃപ്തരെയും ഭാഗ്യാന്വേഷികളെയും അവർ ഒരുപോലെ വശത്താക്കി. മറ്റ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലാകട്ടെ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾ ഇല്ലായിരുന്നുതാനും. പ്രാദേശിക-വിഭാഗീയ പ്രവണതകൾ ഊട്ടിവളർത്തിയ സംഘടനകൾ വിഘടനവാദപ്രവണതകൾപോലും ജനങ്ങളിൽ പോഷിപ്പിച്ചെടുത്തു. സൈനിക ശക്തിക്കു മുന്നിൽ ചത്തൊടുങ്ങാനായിരുന്നു യുവാക്കൾ നിയോഗിക്കപ്പെട്ടത്.

അതുകൊണ്ടുതന്നെ ജനങ്ങളുടെ ന്യായമായ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടുള്ള സമരങ്ങൾ വളർന്നുവന്നില്ല. ഈ ശൂന്യതയിലേയ്ക്ക് മുതലാളിത്ത ശക്തികളും പിന്തിരിപ്പൻമാരും കടന്നുവന്നു. മുതലാളിവർഗത്തിന്റെ ഏറ്റവും വിശ്വസ്ത രാഷ്ട്രീയ കക്ഷിയെന്ന നിലയിൽ കോൺഗ്രസ് ദീർഘകാലം ഭരണം നടത്തി. അവരുടെ ജനവിരുദ്ധ-കുത്തകാനുകൂല നയങ്ങൾ മൂലം ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ടതോടെ പ്രാദേശിക ശക്തികൾ രംഗം കൈയടക്കി. ഇരുകൂട്ടരുടെയും ഭരണം ജനങ്ങൾക്ക് ഒരുപോലെയാണ് അനുഭവപ്പെട്ടത്. നാഗാലാന്റിലും മേഘാലയയിലും ആരോഗ്യപരിപാലനം ദയനീയ സ്ഥിതിയിലാണ്. 2015-2016ലെ തൊഴിൽ മന്ത്രാലയ റിപ്പോർട്ട് തൊഴിൽരംഗത്തും സമാനമായ സ്ഥിതിതന്നെയെന്ന് വ്യക്തമാക്കുന്നു. കുതിച്ചുയരുന്ന തൊഴിലില്ലായ്മയോടൊപ്പം സ്കൂളുകളിൽനിന്നും കോളജുകളിൽനിന്നുമുള്ള കൊഴിഞ്ഞുപോക്കും പെരുകുന്നു.

നാഗാലാന്റിൽ യുവാക്കൾ വൻതോതിൽ മയക്കുമരുന്നിന് അടിമകളാകുകയാണ്. മേഘാലയയിലും മയക്കുമരുന്ന് കടത്തുംമറ്റും വ്യാപകമാണ്. തൊഴിലില്ലായ്മയുടെ സമ്മർദ്ദം ഒരു തൊഴിൽ എന്ന നിലയിൽ ഭീകരവാദ സംഘടനകളിലെ പ്രവർത്തനം ഏറ്റെടുക്കുവാൻ യുവാക്കളെ പ്രേരിപ്പിക്കുന്നുണ്ട് എന്നതാണ് വാസ്തവം. പരസ്പരം പോരടിക്കുന്ന ഇത്തരം സംഘങ്ങൾ യുവാക്കളെ മരണത്തിലേയ്ക്ക് തള്ളിവിടുകയാണ്.

മേഘാലയയിൽ ഇതുകൂടാതെയുള്ള പ്രശ്നങ്ങളുമുണ്ട്. കൽക്കരി ഖനനം ഇവിടെ വ്യാപകമാകുകയാണ്. ഇത് ആസ്സാമിലും പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. കഴിഞ്ഞ കോൺഗ്രസ് ഭരണകാലത്ത് രണ്ട് മെഡിക്കൽ കോളജുകൾക്ക് കല്ലിട്ടെങ്കിലും പണിതുടങ്ങിയതേയില്ല. ഷില്ലോംഗ് ഒരിക്കൽ അവിഭക്ത ആസ്സാമിന്റെ അതായത് വടക്കുകിഴക്കൻ മേഖലയുടെയാകെ തലസ്ഥാനമായിരുന്നു. എന്നാൽ ഇവിടെ പ്രവർത്തനക്ഷമമായ ഒരു വിമാനത്താവളമോ ഫലപ്രദമായ റെയിൽവേ സൗകര്യമോ പോലുമില്ല എന്നുള്ളതുകൊണ്ടുതന്നെ ഈ സംസ്ഥാനം ഇപ്പോഴും ഏതാണ്ട് ഒറ്റപ്പെട്ട നിലയിലാണ്. വാർത്താവിനിമയ സംവിധാനവും പരിമിതമായ തോതിലേ ഉള്ളൂ. അപ്പോൾപ്പിന്നെ വ്യവസായ-കാർഷിക മേഖലകളുടെ സ്ഥിതി ഊഹിക്കാവുന്നതല്ലേയുള്ളൂ.

ഇതര സംസ്ഥാനങ്ങളിലെയും സാമ്പത്തിക-സാമൂഹിക സ്ഥിതി പരിതാപകരമാണ്. വൻ വിലക്കയറ്റം, ഉയർന്ന ജീവിതച്ചെലവ്, ഭീകരമായ അഴിമതി, കുതിച്ചുയരുന്ന തൊഴിലില്ലായ്മ എന്നിവകൂടിയായതോടെ ജനങ്ങളിൽ രോഷം പുകയുകയായിരുന്നു. കോൺഗ്രസ് ഭരണത്തോട് ജനങ്ങൾക്കുള്ള ഈ അസംതൃപ്തി മുതലാക്കിയ ബിജെപി സഖ്യകക്ഷികളെ തെരഞ്ഞെടുക്കുന്നതിൽ യാതൊരു ആദർശവും പുലർത്തിയില്ല. മേഘാലയ കഴിഞ്ഞ രണ്ടുതവണയായി കോൺഗ്രസ് ഭരണത്തിലായിരുന്നു. ഈ തെരഞ്ഞെടുപ്പിലും അവർ ഏറ്റവുംകൂടതൽ സീറ്റുനേടിയ കക്ഷിയായി. എന്നാൽ എൻപിപി എന്ന പ്രാദേശിക പാർട്ടിയുമായും സമാനമായ ചില കക്ഷികളുമായും ചങ്ങാത്തം കൂടി രണ്ടു സീറ്റുമാത്രമുള്ള ബിജെപി അധികാരത്തിലെത്തി. ബിജെപിയുടെ ബിടീം എന്നാണ് എൻപിപി അറിയപ്പെടുന്നത്. ഇതിന്റെ നേതാവ് കോൺറാഡ് സാംഗ്മയാണ് മുഖ്യമന്ത്രിയായത്. 2013ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ സമയത്ത് കോൺഗ്രസ്സിൽനിന്ന് പുറത്തുവന്ന് മത്സരിച്ച പിഎ സാംഗ്മ രൂപീകരിച്ചതാണ് ഈ പാർട്ടി. നാഗാലാന്റിലും പ്രാദേശിക പാർട്ടികളാണ് ബിജെപിക്ക് അധികാരത്തിലേയ്ക്കുള്ള വഴിയൊരുക്കിയത്. ഏത് അവസരവാദിയുമായും ഏത് പ്രാദേശികകക്ഷിയുമായും സഖ്യം ചേർന്ന് എവ്വിധവും അധികാരത്തിലെത്തുക എന്നതുമാത്രമായിരുന്നു ബിജെപിയുടെ തന്ത്രം.

വടക്കുകിഴക്കൻ മേഖലയിലെ പ്രധാനപ്പെട്ട ഒരു സംസ്ഥാനമാണ് ആസ്സാം. 1970കൾമുതൽ ഇവിടെ എഎഎസ്‌യു, എജിപി എന്നീ കടുത്ത പ്രാദേശികവാദശക്തികൾ വളർന്നുവരികയും ബംഗാളി സംസാരിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങൾക്കുമേൽ കടുത്ത ആക്രമണങ്ങൾ നടത്തിവരികയുമാണ്. ആസാമിലേയ്ക്ക് ലക്ഷക്കണക്കിന് ബംഗ്ലാദേശികൾ കടന്നുവരികയും അവർ ആസാം ജനതയുടെ ഭാഷ, മതം, സംസ്കാരം, രാഷ്ട്രീയ അവകാശങ്ങൾ എന്നിവയ്ക്ക് ഭീഷണിയായിത്തീരുകയും ചെയ്തിരിക്കുന്നു എന്നുപറഞ്ഞാണ് ഇവർ ആക്രമണങ്ങൾ നടത്തുന്നത്. 2016ൽ ഇത്തരം പ്രാദേശികവാദ ശക്തികളുമായി കൂട്ടുചേർന്ന് ബിജെപി ആസ്സാമിൽ അധികാരത്തിൽവന്നിരുന്നു. അധികാരത്തിൽവന്നതോടെ ഈ വിഷയത്തെ മുസ്ലീംവിരുദ്ധ വികാരം സൃഷ്ടിക്കാനുള്ള ഉപാധിയാക്കി മാറ്റുകയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെല്ലാം ഇത്തരമൊരു മനോഭാവം വളർത്തിയെടുത്തുകൊണ്ട് സ്വാധീനമുറപ്പിക്കാൻ ശ്രമിക്കുകയുമാണവർ.

### സുദീർഘമായ യോജിച്ച ജനാധിപത്യ പ്രക്ഷോഭണം അടിയന്തരാവശ്യകത

യഥാർത്ഥ ഇടതുപക്ഷ പ്രത്യയശാസ്ത്രത്തിന്റെയും അതിന്റെ കരുത്തിൽ വളർന്നുവരുന്ന ജനകീയ മുന്നേറ്റത്തിന്റെയും അഭാവം, അതിന്റെ ദൗർബല്യം വടക്കുകിഴക്കൻ ഇന്ത്യയിലാകെ നിഴൽ പരത്തിയിരിക്കുന്നു എന്നതാണ് മേൽവിവരിച്ച കാര്യങ്ങളിൽനിന്ന് വ്യക്തമാകുന്നത്. ഇടതെന്നവകാശപ്പെടുന്ന സിപിഐ(എം) ഒട്ടും ഇടതുപക്ഷീയമായല്ല ത്രിപുര ഭരിച്ചത്. ഏതൊരു ബൂർഷ്വാപാർട്ടിയെയുംപോലുള്ള ഭരണമായിരുന്നു അവരുടേത്. ഇത് സാധാരണക്കാരിൽ വലിയ അസംതൃപ്തിയുണ്ടാക്കി. ആർഎസ്എസ്-ബിജെപി ഇത് ശരിക്കും മുതലെടുത്തു. ആസാമിൽ സിപിഐ, സിപിഐ(എം) പാർട്ടികൾക്ക് കുറച്ചൊക്കെ സ്വാധീനമുണ്ടായിരുന്നുവെങ്കിലും 1979 മുതൽ അവിടെ വളർന്നുവന്ന സങ്കുചിത ദേശീയവാദത്തിനെതിരെ അവർ നിഷ്ക്രിയത്വം പാലിച്ചു. ഇതിനെതിരെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ തലങ്ങളിൽ പോരാട്ടമഴിച്ചുവിട്ടുകൊണ്ട് ബംഗാളിയും ആസ്സാമീസും സംസാരിക്കുന്ന ജനങ്ങൾക്കിടയിൽ ഐക്യവും സാഹോദര്യവും ഉറപ്പാക്കുന്നതിനുപകരം ഇത്തരം ശക്തികളുമായി തെരഞ്ഞെടുപ്പ് സഖ്യമുണ്ടാക്കിക്കൊണ്ട് അൽപ്പമാത്രമായ പാർലമെന്ററി നേട്ടങ്ങളുണ്ടാക്കാനാണ് അവർ ശ്രമിച്ചത്. ഇടതുപാർട്ടികളുടെ ഒരു ഐക്യനിര പടുത്തുയർത്തി മുന്നേറണമെന്ന മൂർത്തമായ നിർദ്ദേശം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മുന്നോട്ടുവച്ചതും അവർ പരിഗണിച്ചില്ല. സോഷ്യൽ ഡെമോക്രാറ്റുകളുടെ ഈ നിലപാട് സങ്കുചിത പ്രാദേശികവാദികൾക്കുമാത്രമല്ല നേട്ടമുണ്ടാക്കിയത്. ജനങ്ങൾക്ക് ഒരു ബദൽ മാർഗ്ഗം ഇല്ലാതെവന്നതോടെ ബിജെപിപോലൊരു കടുത്ത വലതുപക്ഷ കക്ഷി വിഭാഗീയ ശക്തികളുമായി കൈകോർത്തുകൊണ്ട് അധികാരത്തിലെത്തുകയും അവരുടെ വർഗീയ അജണ്ട പുറത്തെടുക്കുകയും ചെയ്തു. ബിജെപിയുടെ ഈ മേഖലയിലെ വിജയം ജനങ്ങൾക്കുമേൽ അവർക്കുണ്ടായ സ്വാധീനത്തിന്റെ വിജയമല്ല, നേരെമറിച്ച് അവസരവാദ രാഷ്ട്രീയത്തിന്റെ ഏറ്റവും വൃത്തികെട്ട മുഖമാണ് അതിലൂടെ പ്രകടമായത്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ബിജെപിയുടെ വിജയം ഒരു ദുസ്സൂചനയാണ്. രാജ്യത്തെവിടെയും സംഭവിച്ചതുപോലെ ഈ മേഖലയെയും ഇത് രോഗാതുരമാക്കും. ഈ അപകടം നേരിടുന്നതിനായി ഇടതു-ജനാധിപത്യ ശക്തികൾ യോജിച്ചുകൊണ്ട് ശക്തമായ ജനകീയ മുന്നേറ്റം വളർത്തിയെടുക്കണം. അതോടൊപ്പംതന്നെ ബിജെപി സൃഷ്ടിക്കുന്ന അനേകം ആശയക്കുഴപ്പങ്ങൾക്കെതിരെ വ്യാപകമായ പ്രത്യയശാസ്ത്ര-രാഷ്ട്രീയ സമരം നടത്തുകയും വേണം. അതോടൊപ്പം യഥാർത്ഥ ഇടതുപക്ഷീയതയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് നിരന്തരമായ സമരം വളർത്തിയെടുക്കുകയും വേണം. ആദിവാസികളും അല്ലാത്തവരുമായ ജനവിഭാഗങ്ങൾക്കിടയിലുള്ള ഐക്യം എന്ന വിഷയം ശരിയായി കൈകാര്യംചെയ്തുകൊണ്ടേ ഇത് സാധ്യമാക്കാൻ കഴിയൂ. വിവിധ വംശീയ വിഭാഗങ്ങൾക്കിടയിൽ ഐക്യം ഊട്ടിയുറപ്പിക്കുകയും എല്ലാ തിന്മകളുടെയും മൂലകാരണം നിലനിൽക്കുന്ന മുതലാളിത്തചൂഷണവ്യവസ്ഥയാണെന്നും അതിനെതിരെ അണിനിരക്കാതെ തങ്ങളുടെ ഒരു പ്രശ്നവും പരിഹരിക്കാനാവില്ല എന്നുമുള്ള തിരിച്ചറിവ് അവരിൽ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. അതോടൊപ്പം വടുക്കുകിഴക്കൻ മേഖല അനുഭവിക്കുന്ന പ്രത്യേകമായ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള സമരങ്ങളും സംഘടിപ്പിക്കേണ്ടുണ്ട്. ഏത് ഗവൺമെന്റ് ഭരിച്ചാലും ജനങ്ങൾ അനുഭവിക്കേണ്ടിവരുന്ന ചൂഷണം, പതിറ്റാണ്ടുകളായുള്ള അവഗണന, ജനങ്ങളെ പ്രാദേശിക വാദത്തിലും സങ്കുചിതത്വത്തിലും തളച്ചിട്ടുകൊണ്ട് സ്വന്തം നേട്ടങ്ങൾ ഉറപ്പാക്കുന്ന അവസരവാദ രാഷ്ട്രീയത്തിന് നിരന്തരം ഇരയാകുന്ന സ്ഥിതി എന്നിവയ്ക്കൊക്കെ പരിഹാരമുണ്ടാകേണ്ടതുണ്ട്. ബിജെപി ഈ മേഖലയിൽ അധികാരത്തിലെത്തുന്നതോടെ ഈ കടമകളൊക്കെ അടിയന്തര പ്രാധാന്യമാർജ്ജിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം●

# കാൾ മാർക്സ് അനുസ്മരണം

**ലോ**കതൊഴിലാളി വർഗ്ഗത്തിന്റെ മഹോന്നതനായ ആചാര്യൻ കാൾ മാർക്സ് അന്തരിച്ചിട്ട് മാർച്ച് 14ന് 135 വർഷം പിന്നിട്ടു. തൊഴിലാളി വർഗ്ഗത്തിന്റെ വിമോചനായുധമായ മാർക്സിസ്റ്റ് തത്ത്വചിന്തയ്ക്ക് രൂപം നൽകാനായി സമർപ്പിക്കപ്പെട്ട ആ ജീവിതസമരവും പാഠങ്ങളും ലോക ജനതയ്ക്ക് നിത്യപ്രചോദനമാണ്. കാൾ മാർക്സിന്റെ സ്മരണയ്ക്കുമുമ്പിൽ പ്രണാമങ്ങൾ അർപ്പിച്ചുകൊണ്ട് ലോക തൊഴിലാളിവർഗ്ഗം വിപ്ലവകരമായ തങ്ങളുടെ ഉത്തരവാദിത്വങ്ങളെ സംബന്ധിച്ച പ്രതിജ്ഞ പുതുക്കിക്കൊണ്ട് മാർച്ച് 14 ആചരിച്ചു.

ആലപ്പുഴ തുറവൂരിൽ നടന്ന മാർക്സ് അനുസ്മരണയോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് എൻ.കെ.ശശികുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.എസ്.പത്മകുമാർ മുഖ്യ പ്രസംഗം നടത്തി. സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സഖാക്കൾ എസ്.സീതിലാൽ, വർഗ്ഗീസ് എം.ജേക്കബ് എന്നിവരും പ്രസംഗിച്ചു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തലശ്ശേരി ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തലശ്ശേരി പഴയ ബസ് സ്റ്റാന്റിൽ കാൾമാർക്സ് അനുസ്മരണ യോഗം നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. തലശ്ശേരി ലോക്കൽ സെക്രട്ടറി സഖാവ് അനൂപ് ജോൺ ഏരിമറ്റം അദ്ധ്യക്ഷത വഹിച്ചു. ലോക്കൽ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ എം.കെ.ജയരാജൻ, ബി.ഭദ്രൻ, അഭിലാഷ് പിണറായി എന്നിവർ പ്രസംഗിച്ചു. കീഴാറ്റൂരിൽ വയൽക്കിളി പ്രവർത്തകരായ കർഷകർ നടത്തുന്ന സമരത്തെ പോലീസിനെ ഉപയോഗിച്ച് നേരിട്ടതിനെ അപലപിച്ചുകൊണ്ടുള്ള പ്രമേയവും അവതരിപ്പിച്ചു.

അങ്കമാലി ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാലിശ്ശേരിയിൽ നടന്ന മാർക്സ് അനുസ്മരണത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ മുഖ്യപ്രഭാഷണം നടത്തി. ലോക്കൽ സെക്രട്ടറി സഖാവ് കെ.സി.ജയൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗം സഖാവ് പി.പി.അഗസ്റ്റിൻ, ലോക്കൽ കമ്മിറ്റിയംഗം സഖാവ് എൻ.ആർ. ബിനു എന്നിവർ പ്രസംഗിച്ചു. ബി.പി.ബിന്ദു കൃതജ്ഞത പറഞ്ഞു.

ഉദയംപേരൂർ ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടക്കാവിൽ നടന്ന മാർക്സ് അനുസ്മരണത്തിൽ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ കമ്മിറ്റിയംഗം സഖാവ് സി.ബി.അശോകൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ലോക്കൽ കമ്മിറ്റിയംഗം സഖാവ് സി.കെ.രാജേന്ദ്രൻ, ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.ഒ.സുധീർ, എം.കെ.ഉഷ എന്നിവർ പ്രസംഗിച്ചു. ലോക്കൽ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ എൻ.സി.നാരായണൻ, കെ.എൻ.രാജി, പി.പി.ഓമന എന്നിവരും പങ്കെടുത്തു.

കുണ്ടറയിൽ നടന്ന മാർക്സ് അനുസ്മരണയോഗം സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് വി.ആന്റണി അധ്യക്ഷത വഹിച്ചു. സഖാക്കൾ പി.പി.പ്രശാന്ത്കുമാർ, എസ്.രാഘവൻ, ബി.വിനോദ്, ബി.രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു ●




തലശ്ശേരിയിൽ മാർക്സ് അനുസ്മരണയോഗത്തിൽ സഖാവ് ജയ്സൺ ജോസഫ് മുഖ്യപ്രഭാഷണം നടത്തുന്നു




തുറവൂരിൽ മാർക്സ് അനുസ്മരണയോഗം എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

# ശാസ്ത്രത്തെയും ശാസ്ത്രീയ മനോഭാവത്തെയും സംരക്ഷിക്കുക

## 2018 ഏപ്രിൽ 14 – മാർച്ച് ഫോർ സയൻസ്

*പ്രമുഖ ശാസ്ത്രജ്ഞന്മാർ പുറപ്പെടുവിച്ച അഭ്യർത്ഥന*

**ശാ**സ്ത്രത്തെയും ശാസ്ത്രീയ മനോഭാവത്തെയും സംരക്ഷിക്കുക എന്ന മുദ്രാവാക്യമുയർത്തി ലോക രാജ്യങ്ങളിലെങ്ങുമുള്ള ശാസ്ത്രജ്ഞന്മാരും ശാസ്ത്രസ്നേഹികളും ഈ ഏപ്രിൽ 14-ന് മാർച്ച് ഫോർ സയൻസ് എന്ന ബാനറിൽ തെരുവിലിറങ്ങുകയാണ്. അഭൂതപൂർവ്വമായ ഈ പ്രസ്ഥാനത്തിൽ അണിനിരക്കാൻ എല്ലാ ശാസ്ത്രസ്നേഹികളോടും അഭ്യർത്ഥിച്ചുകൊണ്ട് നമ്മുടെ രാജ്യത്തെ ശാസ്ത്രജ്ഞന്മാർ, ശാസ്ത്രഗവേഷകർ, വിദ്യാഭ്യാസവിചക്ഷണർ എന്നിങ്ങനെ വ്യത്യസ്ത തുറകളിൽപ്പെടുന്ന നൂറുകണക്കിന് പ്രഗത്ഭമതികൾ പുറപ്പെടുവിച്ചിരിക്കുന്ന അഭ്യർത്ഥന ചുവടെ കൊടുക്കുന്നു:

കഴിഞ്ഞ വർഷം ഏപ്രിൽ 22-ന്, ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ദ്ധരും, ഗവേഷകരും, ശാസ്ത്ര അദ്ധ്യാപകരും, ശാസ്ത്രസ്നേഹികളുമടക്കം പത്ത് ലക്ഷത്തോളം പേർ ലോകത്തെ 600 നഗരങ്ങളിലായി മാർച്ച് ചെയ്തു. വിവിധ കോണുകളിൽ നിന്നുള്ള ആക്രമണങ്ങളിൽ നിന്ന് ശാസ്ത്രത്തേയും ശാസ്ത്രീയ വീക്ഷണത്തേയും സംരക്ഷിക്കാനാണ് സമാനതകളില്ലാത്ത ഒരു കൂട്ടായ പരിശ്രമത്തിൽ അവർ ഒന്നിച്ചണിനിരന്നത്. ശാസ്ത്രീയ തെളിവുകൾ അവഗണിച്ചുകൊണ്ട് യു.എസ് ഗവൺമെന്റ് പാരീസ് ഉടമ്പടിയിൽ നിന്ന് പിന്മാറാൻ ഒരുങ്ങിയപ്പോൾ, ആ നാട്ടിലെ ശാസ്ത്രജ്ഞരാണ് ഈ സംരംഭത്തിന് തുടക്കമിട്ടത്. നിരവധി രാജ്യങ്ങളിലെ ശാസ്ത്രജ്ഞരുടെ പ്രതികരണം വെളിവാക്കിയത്, രാഷ്ട്രീയ നേതൃത്വം, ശാസ്ത്രീയ തെളിവുകൾ അവഗണിച്ചുകൊണ്ട് നയങ്ങൾ നടപ്പിലാക്കുന്നുവെന്നും, ശാസ്ത്രഗവേഷണത്തിന് സാമ്പത്തിക പിന്തുണ വെട്ടിക്കുറയ്ക്കുന്നുവെന്നും, പൊതുവേ, ലോകവ്യാപകമായി ശാസ്ത്രം ആക്രമണവിധേയമാകുന്നു എന്നുമാണ്.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സാഹചര്യം മാറിയിട്ടില്ല. സാർവ്വദേശീയ ശാസ്ത്ര സമൂഹം വീണ്ടും ലോകവ്യാപകമായി മാർച്ച് ഫോർ സയൻസ് സംഘടിപ്പിക്കുകയാണ്, 2018 ഏപ്രിൽ 14-ന്. "മനുഷ്യസ്വാതന്ത്ര്യത്തിന്റെയും സാമൂഹ്യ ഉൽക്കർഷത്തിന്റെയും നെടും തൂണെന്ന നിലയിൽ, മതിയായ ധനവിനിയോഗ പിന്തുണയോടെ നടത്തപ്പെടുന്നതും, പൊതുവായി സംവദിക്കപ്പെടുന്നതുമായ ശാസ്ത്രത്തിനു വേണ്ടി മാർച്ച് ഫോർ സയൻസ് ശബ്ദമുയർത്തുന്നു"വെന്ന് മാർച്ച് ഫോർ സയൻസിന്റെ ദൗത്യപ്രഖ്യാപനം പ്രസ്താവിക്കുന്നു. "പൊതുനന്മ ഉയർത്തിപ്പിടിക്കുന്ന ശാസ്ത്രത്തിനുവേണ്ടിയും, ജനതാല്പര്യം മുൻനിർത്തി, തെളിവുകളെ ആധാരമാക്കി സുതാര്യമായി നയങ്ങൾ രൂപീകരിക്കാൻ രാഷ്ട്രീയനേതാക്കളോടും നയനിർമ്മാതാക്കളോടും ആവശ്യപ്പെട്ടുകൊണ്ടും, ശബ്ദമുയർത്താനായി നമ്മൾ, വൈവിധ്യമാർന്ന, പക്ഷപാതിത്വങ്ങളില്ലാത്ത ഒരു കൂട്ടായ്മയെന്ന നിലയിൽ ഒന്നിക്കുന്നു."

ഇന്ത്യയിൽ ശാസ്ത്രത്തിന് മുൻപിലുള്ള പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാണ്. ശാസ്ത്രത്തെ തുരങ്കം വയ്ക്കാൻ പ്രത്യേക താല്പര്യത്തോടെ ചില വിഭാഗങ്ങൾ സംഘടിതമായി ശ്രമിക്കുന്നുണ്ട്. ശാസ്ത്രത്തിന് നിരക്കാത്ത ആശയങ്ങളും അന്ധവിശ്വാസങ്ങളും ഇന്ന് വളരെ വേഗത്തിൽ പ്രചരിപ്പിക്കപ്പെടുന്നു. സാങ്കല്പികമായ ഒരു സുവർണ്ണ ഭൂതകാലത്തെക്കുറിച്ച് അപഹാസ്യമായ അവകാശവാദങ്ങൾ മുന്നോട്ടു വയ്ക്കുന്നു. ഇതെല്ലാം, ഇന്ത്യൻ ഭരണഘടനയുടെ 51(എ) വകുപ്പ് അനുശാസിക്കുന്ന, എല്ലാ പൗരന്മാരുടേയും കർത്തവ്യവുംകൂടിയായ, ജനങ്ങൾക്കിടയിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുകയെന്ന കർത്തവ്യത്തിന് തടസ്സമായി വർത്തിക്കുന്നു.

വിദ്യാഭ്യാസത്തിന് പൊതുവിലും ശാസ്ത്രഗവേഷണത്തിന് പ്രത്യേകിച്ചുമുള്ള സർക്കാർ പിന്തുണ അവിശ്വസനീയമാം വിധം കുറവാണിന്ത്യയിൽ. മിക്കവാറും രാജ്യങ്ങൾ, മൊത്തം ദേശീയ വരുമാനത്തിന്റെ 6%-ൽ ഏറെ വിദ്യാഭ്യാസത്തിനും, 3% ശാസ്ത്ര-സാങ്കേതിക ഗവേഷണത്തിനും ചെലവഴിക്കുമ്പോൾ, ഇന്ത്യയിൽ, ഈ തുകകൾ യഥാക്രമം 3%-ൽ താഴെയും 0.85%ഉം ആണ്. ഇതിന്റെ ഫലമായി സ്വാതന്ത്ര്യം കിട്ടി 70 വർഷം കഴിഞ്ഞിട്ടും രാജ്യത്തെ ജനസംഖ്യയുടെ വലിയൊരു ഭാഗം, നിരക്ഷരരോ അർദ്ധസാക്ഷരരോ ആയി തുടരുന്നു. നമ്മുടെ കോളജ്, യൂണിവേഴ്സിറ്റി സംവിധാനം, അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടേയും അദ്ധ്യാപക-അനദ്ധ്യാപക സ്റ്റാഫിന്റെയും ഗവേഷണത്തിനുള്ള സാമ്പത്തിക വിഭവത്തിന്റെയും രൂക്ഷമായ കുറവുമൂലം നട്ടംതിരിയുകയാണ്. ശാസ്ത്ര-ധനവിതരണ ഏജൻസികളായ സിഎസ്ഐആർ, ഡിഎസ്ടി എന്നിവ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണ്. ഗവേഷണ പ്രോജക്ടുകൾക്ക് വാഗ്ദാനം ചെയ്ത തുക പോലും അവർക്ക് വിതരണം ചെയ്യാൻ സാധിക്കുന്നില്ല. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി ഇന്ത്യയിലെ ശാസ്ത്ര സമൂഹം താഴെപ്പറയുന്ന ആവശ്യങ്ങൾ മുന്നോട്ടു വച്ചുകൊണ്ട് 2017 ആഗസ്റ്റ് 9 -ന്, 'ഇന്ത്യാ മാർച്ച് ഫോർ സയൻസ്' സംഘടിപ്പിച്ചു.

1. ദേശീയ വരുമാനത്തിന്റെ 3% ശാസ്ത്രസാങ്കേതിക ഗവേഷണത്തിനായും 10% വിദ്യാഭ്യാസത്തിനായും നീക്കിവയ്ക്കുക.

2. അശാസ്ത്രീയവും അന്ധവുമായ ആശയങ്ങളുടെ പ്രചാരണവും മതപരമായ അസഹിഷ്ണുതയും അവസാനിപ്പിക്കുക. ഭരണഘടനയുടെ അനുച്ഛേദം 51(എ)യ്ക്ക് അനുരോധമായി ശാസ്ത്രീയ മനോഭാവവും മാനുഷികമൂല്യങ്ങളും അന്വേഷണ ത്വരയും വളർത്തിയെടുക്കുക.

3. വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ശാസ്ത്രീയ തെളിവുകളുടെ പിൻബലമുള്ള ആശയങ്ങൾ മാത്രം പ്രദാനം ചെയ്യുന്നുവെന്ന് ഉറപ്പാക്കുക.

4. തെളിവുകളുടെ പിൻബലമുള്ള ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സർക്കാർ നയരൂപീകരണം നടത്തുക.

അതിനുശേഷവും സാഹചര്യം മെച്ചപ്പെട്ടിട്ടില്ല. ശാസ്ത്രത്തിനെതിരെ പ്രവർത്തിക്കുന്ന ശക്തികൾ കൂടുതൽ സജീവമായിരിക്കുന്നു. വിദ്യാഭ്യാസത്തിനും ശാസ്ത്രത്തിനുമുള്ള സാമ്പത്തിക പിന്തുണ തീരെ കുറഞ്ഞു തന്നെ തുടരുന്നു.

ഈ സാഹചര്യത്തിൽ, ശാസ്ത്രജ്ഞരുടെ ലോകവേദി ആഹ്വാനം ചെയ്തിരിക്കുന്ന 2018 ഏപ്രിൽ 14-ന്റെ മാർച്ച് ഫോർ സയൻസിൽ പങ്കെടുക്കാൻ ഞങ്ങൾ, ഇന്ത്യയിലെ ശാസ്ത്ര സമൂഹത്തിന്റെ പക്ഷത്തുനിന്ന് തീരുമാനി ക്കുന്നു. ശാസ്ത്രത്തിനും ശാസ്ത്രീയ മനോഭാവത്തിനും വേണ്ടി നിലകൊള്ളുന്ന ഓരോ വ്യക്തിയോടും, നല്ല ഒരു ഭാവിക്ക് വേണ്ടിയുള്ള ഈ മാർച്ചിൽ പങ്കാളിയാകുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

പ്രസ്താവനയിൽ ഒപ്പിട്ടിരിക്കുന്നവർ:

**പത്മശ്രീ നിത്യ ആനന്ദ്**
(മുൻ ഡയറക്ടർ, സെൻട്രൽ ഡ്രഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ലക്നൗ)

**ഡോ. ബാബു ജോസഫ്**
(മുൻ വിസി, കുസാറ്റ്)

**ഡോ.രാജൻ ഗുരുക്കൾ**
(മുൻ വി.സി, എം.ജി.യൂനിവേഴ്സിറ്റി)

**അശുതോഷ് ഘോഷ്**
(മുൻ വിസി, കൽക്കട്ട യൂനിവേഴ്സിറ്റി)

**ഡോ. എസ്. മഹാദേവൻ**
(പ്രൊഫസർ, മോളിക്യുലർ റിപ്രൊഡക്ഷൻ, ഡെവലപ്മെന്റ് ആന്റ് ജനറ്റിക്സ്, ഐഐഎസ്‌സി, ബാംഗ്ലൂർ)

**ഡോ. എസ്. ജി. ഡാനി**
(മുൻ ചെയർമാൻ, നാഷണൽ ബോർഡ് ഓഫ് ഹയർ മാത്തമെറ്റിക്സ്, റിട്ടയേർഡ് ഫ്രം ടിഐഎഫ്ആർ, മുംബായ്)

**ജയന്ത കെ.ഭട്ടാചാര്യ**
(മുൻ ഡയറക്ടർ, ഹരിശ്ചന്ദ്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അലഹബാദ്)

**പ്രൊഫ. ധ്രുവ മുഖർജി**
(മുൻ പ്രൊഫസർ, ജിയോളജി, കൽക്കട്ട യൂനിവേഴ്സിറ്റി, പ്രസിഡന്റ്, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി)

**പത്മശ്രീ അരവിന്ദ് ഗുപ്ത**
(ശാസ്ത്ര പ്രചാരകൻ)

**ഡോ. ലൂയിസ് ഗോഡ്ഫ്രെ**
(മുൻ പ്രൊ വിസി, കുസാറ്റ്)

**ഡോ. സൗമിത്രോ ബാനർജി**
(പ്രൊഫസർ, ഐഐഎസ്ഇആർ, കൊൽക്കത്ത, ജനറൽസെക്രട്ടറി, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി)

**ദേബശിഷ് മുഖർജി**
(മുൻ ഡയറക്ടർ, ഇൻഡ്യൻ അസോസിയേഷൻ ഫോർ കൾട്ടിവേഷൻ ഓഫ് സയൻസ്, കൽക്കട്ട)

**എം.സി. അരുണൻ**
(പ്രൊഫസർ, ഹോമി ഭാഭ സെന്റർ ഫോർ സയൻസ് എജ്യുക്കേഷൻ, ടിഐഎഫ്ആർ, മുംബയ്)

**ഡോ. എസ്. ശങ്കർ**
(റിട്ടയേർഡ് സയന്റിസ്റ്റ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)

**ഡോ.സി.എസ്.മേനോൻ**
(റിട്ട. പ്രൊഫസർ, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, എം.ജി.യൂനിവേഴ്സിറ്റി)

**ഡി.കൃഷ്ണവാര്യർ**
(മുൻ ഡെപ്യൂട്ടി ഡയറക്ടർ, സിഡാക്, തിരുവനന്തപുരം)

**പ്രൊഫ.സി.പി.അരവിന്ദാക്ഷൻ**
(ശാസ്ത്രപ്രചാരകൻ, മുൻ പ്രിൻസിപ്പൽ, ഗവ.വിമെൻസ് കോളേജ്, തിരുവനന്തപുരം)

*(തുടങ്ങിയവർ)*

**ബിഒടി ചുങ്കപ്പാത...**

# നഷ്ടപരിഹാരം സംബന്ധിച്ച് ഗവൺമെന്റ് തെറ്റിദ്ധാരണ പരത്തുന്നു

*(1-ാം പേജിൽ നിന്ന്)*

പ്രസംഗിക്കുന്നുണ്ട്. എന്നാൽ, ബിഒടി വിരുദ്ധ സമരപക്ഷത്തുള്ളവരും ഭൂമി നഷ്ടപ്പെട്ട് വഴിയാധാരമാകുന്നവരും ഉയർത്തുന്ന ന്യായമായ വിഷയങ്ങളിൽ 'ചർച്ചയില്ല' എന്ന നിലപാടാണ് പിണറായി വിജയൻ സ്വീകരിച്ചിരിക്കുന്നത്.

ഈ നടപടികൾ എൽഡിഎഫ് സർക്കാരിന്റെ മുഖം കൂടുതൽ കൂടുതൽ വികൃതമാക്കുകയാണ്. പോലീസ്‌രാജിലൂടെയുള്ള ഈ ഭരണം ഇടതുപക്ഷ രാഷ്ട്രീയത്തിന് വലിയ ഹാനി വരുത്തിവയ്ക്കും.



**എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ടി.കെ.സുധീർ കുമാർ കീഴാറ്റൂരിൽ ബഹുജന മാർച്ചിനെ അഭിസംബോധന ചെയ്യുന്നു. സമര ഐക്യദാർഢ്യ സമിതി ചെയർമാനും എസ്‌യുസിഐ(സി) കണ്ണൂർ ജില്ലാ കമ്മിറ്റി അംഗവുമായ ഡോ.ഡി.സുരേന്ദ്രനാഥ് സമീപം**

ദേശീയപാത വീതികൂട്ടുന്നതിന് വേണ്ടി 1972 മുതൽ കേരളത്തിൽ പലയിടത്തും 30 മീറ്ററും 30.5 മീറ്ററും വീതിയിൽ ഭൂമിയേറ്റെടുത്തിരുന്നു. ഇതിൽ ഏതാണ്ട് 15 ശതമാനം സ്ഥലത്തുമാത്രമാണ് 14 മീറ്റർ വീതിയുപയോഗിച്ച് 4 വരിപ്പാത പണി പൂർത്തിയാക്കിയിരിക്കുന്നത്. ബാക്കിയുള്ള സ്ഥലത്തും 4 വരി റോഡ് പണിതുകൊണ്ട് ആവശ്യമെങ്കിൽ ബാക്കി കിടക്കുന്ന 16 മീറ്റർ ഭൂമികൂടി ഉപയോഗപ്പെടുത്തി 6 വരിയായി കേരളത്തിലെ മുഴുവൻ ദേശീയപാതകളും സർക്കാരിന് വികസിപ്പിക്കാമായിരുന്നു. അതിന് അവർ തയ്യാറായില്ല. കാരണം, കഴിഞ്ഞ 2 ദശാബ്ദമായി റോഡുവികസനത്തിനായി ബിഒടി (ബിൽഡ്-ഓപ്പറേറ്റ്-ട്രാൻസ്ഫർ) എന്ന പദ്ധതിയും ഭീകരമായ ടോൾ സമ്പ്രദായവും ഏർപ്പെടുത്താനുള്ള നീക്കത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ. എല്ലാ ദേശീയപാതകളും ചുങ്കപ്പാതകളാക്കിമാറ്റി കുത്തക-കോർപ്പറേറ്റ് മുതലാളിമാർക്ക് കൈമാറിക്കൊണ്ട് ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യവൽക്കരണപദ്ധതി നടപ്പിലാക്കാനാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശ്രമിക്കുന്നത്.

ഇന്ന് പല സംസ്ഥാനങ്ങളിലും ബിഒടി ടോൾ പദ്ധതി നടപ്പിലായിട്ടുണ്ട്. അവിടെ ദേശീയപാതകളിലുടനീളം കഴുത്തറുപ്പൻ ടോൾ കൊടുത്തേ യാത്രചെയ്യാൻ കഴിയൂ എന്ന അവസ്ഥയിലാണ്. കേരളത്തിലും ഈ ദുഃസ്ഥിതി നടപ്പിലാക്കാനുള്ള നീക്കത്തെ ജനങ്ങൾ പ്രതിരോധിച്ചുവരികയാണ്. ഭൂമി നഷ്ടപ്പെടുന്നയാളുകൾ എൻഎച്ച് 17 ആക്ഷൻ കൗൺസിൽ, എൻഎച്ച് ആക്ഷൻ ഫോറം തുടങ്ങിയ ജനകീയ സമരസമിതികളിൽ സംഘടിതരായിക്കൊണ്ട് സമരം നടത്തിവരുന്നു. നിലവിൽ ഏറ്റെടുത്തിരിക്കുന്ന 30 മീറ്ററിനുള്ളിൽ ആറുവരിപ്പാത സുഗമമായി നിർമ്മിക്കാമെന്നും ആവശ്യമെങ്കിൽ ഇതേ റോഡിൽ തൂണുകൾ ഉയർത്തി മറ്റൊരു 6 വരി എലിവേറ്റഡ് പാതയും നിർമ്മിക്കാമെന്നും ഇന്നത്തെ ഹൈവേയുടെ ഗതാഗത പ്രശ്നങ്ങൾ വരുന്ന ഏതാനും ദശാബ്ദങ്ങളിലേയ്ക്ക് സ്ഥായിയായി പരിഹരിക്കാമെന്നും സമരസമിതി ചൂണ്ടിക്കാട്ടുന്നു.

മറിച്ച് 45 മീറ്റർ വീതിയിൽ ഭൂമിയേറ്റെടുത്താൽ അത് കേരളത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഏതാനും വർഷങ്ങൾക്കുമുമ്പ് 30 മീറ്റർ വീതിയിൽ ഭൂമി വിട്ടുകൊടുത്തവരിൽ മിക്കവാറും കുടുംബങ്ങൾ ഇതേ പാതയുടെ ഓരങ്ങളിലാണ് വീണ്ടും താമസമുറപ്പിച്ചിരിക്കുന്നത്. ഇരുവശവും 7.5 മീറ്റർ വീതം ഭൂമി വീണ്ടും ഏറ്റെടുത്താൽ ഇവരെല്ലാം വീണ്ടും വഴിയാധാരമാകും. ഇവരിൽ പലർക്കും അന്നു വിട്ടുകൊടുത്ത ഭൂമിയുടെ വിലയോ, നഷ്ടപരിഹാരമോ ഇന്നും ലഭിച്ചിട്ടില്ല എന്നതാണ് വസ്തുത. അതുമാത്രമല്ല, ഇനിയുണ്ടാകുന്ന ഭൂമിയേറ്റെടുക്കലിന് ശരിയായ ഒരു പുനരധിവാസ നഷ്ടപരിഹാര പദ്ധതിയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടില്ല.

വികസനവിരോധികൾ എന്ന് മുദ്രകുത്തി സമരസമിതി നേതാക്കളെ വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടികളും പല അവസരത്തിലും തള്ളിപ്പറഞ്ഞു. അധികാരത്തിലേറിയ സർക്കാരുകളെല്ലാം പാക്കേജ് പ്രഖ്യാപിക്കുമെന്നുപറഞ്ഞുവെങ്കിലും അതെല്ലാം പാഴ്‌വാക്കുകൾ മാത്രമായി അവശേഷിക്കുന്നു.

വിഎസ്അച്യുതാനന്ദൻ നേതൃത്വം നൽകിയ മുൻ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ബഹുജന സമരത്തെ തുടർന്ന് ഈ വിഷയത്തിൽ ഒരു സർവ്വകക്ഷിയോഗം ചേരുവാൻ സർക്കാർ നിർബന്ധിതമായി. ആ യോഗത്തിനു മുന്നോടിയായി ബിഒടി, ടോൾ സമ്പ്രദായം, 45 മീറ്ററിലെ കുടിയൊഴിപ്പിക്കൽ വരുത്തിവയ്ക്കുന്ന സാമൂഹിക വിപത്തിന്റെ ആഴവും ഭീകരതയും ഈ വിഷയങ്ങളിൽ നടത്തിയ പഠനങ്ങളുമായി കേരളത്തിലെ എല്ലാ ഭരണ-പ്രതിപക്ഷ നേതാക്കളെയും സമരസമിതി നേരിട്ടുകണ്ട് ചർച്ച ചെയ്തു. ബിഒടി വിരുദ്ധ കാഴ്ചപ്പാടുള്ള, കുടിയൊഴിപ്പിക്കലിനെതിരെ നിലപാടുള്ള 32 പ്രസ്ഥാനങ്ങളെ യോജിപ്പിച്ചുകൊണ്ട് സമരസമിതിയുടെ മുൻകൈയിൽ രൂപീകരിച്ച ദേശീയപാത സംരക്ഷണ സമിതി ഈ കാര്യത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു. ഏറ്റവും അധികം ജനസാന്ദ്രതയുള്ള കേരളത്തിലെ തീരദേശത്തിലൂടെ 45 മീറ്റർ പാത അസാധ്യമാണെന്നും 30 മീറ്ററിൽ സർക്കാർ ചെലവിൽ നിലവിൽ ഏറ്റെടുത്തിരിക്കുന്ന സ്ഥലത്ത് പാത നിർമ്മിക്കണമെന്നും 2010-ലെ സർവ്വകക്ഷിയോഗം തീരുമാനിച്ചു. വസ്തുതകൾ കേന്ദ്ര സർക്കാരിനെ ധരിപ്പിക്കാനായി കേരളത്തിൽനിന്നുള്ള ഒരു നിയമസഭാ സർവ്വകക്ഷി സംഘം കേന്ദ്ര സർക്കാരിനെ കണ്ടു. കേന്ദ്രസർക്കാർ ആ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് 45 മീറ്റർ ഭൂമിയേറ്റെടുക്കൽ നടപടികൾ നിർത്തിവച്ചു. അതിനെത്തുടർന്ന് ഏതാനും വർഷങ്ങൾക്കകം ഭൂമിയേറ്റെടുക്കലിനുവേണ്ടിയുള്ള എല്ലാ വിജ്ഞാപനങ്ങളും കാലഹരണപ്പെടുകയുണ്ടായി.

സമരത്തിനുണ്ടായ ഈ വിജയം അട്ടിമറിക്കാൻ ബിഒടി ലോബിയും അവരുടെ ദാസ്യത്തിലുള്ള ഭരണ-പ്രതിപക്ഷ രാഷ്ട്രീയനേതാക്കളും ചരടുവലി തുടങ്ങി. സർക്കാരിന്റെ കൈയിൽ പണമില്ല, ബിഒടിയും ടോൾ സമ്പ്രദായവുമില്ലാതെ ഹൈവേ വികസനം നടക്കില്ല, 45 മീറ്റർ ഭൂമിയേറ്റെടുത്താലേ റോഡുപണിയാനാകൂ എന്നൊക്കെയുള്ള കള്ള പ്രചാരണവുമായി അവർ രംഗത്തുവന്നു. ആദ്യസർവ്വകക്ഷിയോഗത്തിന്റെ തീരുമാനങ്ങളെ മറ്റൊരു സർവ്വകക്ഷിയോഗം തട്ടിക്കൂട്ടിക്കൊണ്ട് അവർ അട്ടിമറിച്ചു. ഇതൊക്കെയാണെങ്കിലും സമരം ശക്തിപ്പെട്ടു. ആ സർക്കാരിനും തുടർന്നുവന്ന ഉമ്മൻ ചാണ്ടി സർക്കാരിനും ഭൂമിയേറ്റെടുക്കാനായില്ല. യുഡിഎഫ് സർക്കാരിന്റെ കാലത്ത് കേരളത്തിലുള്ള എല്ലാ ഹൈവേകളും 30 മീറ്ററിൽ 6 വരിപ്പാതയായി വികസിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. കരമന-കളിയിക്കവിള റോഡിന്റെ മാതൃകയിൽ 30 മീറ്ററിൽ എല്ലാ റോഡുകളും വികസിപ്പിക്കുമെന്ന് മുഴുവൻപേജ് പത്രപരസ്യവും നൽകി. അങ്ങനെ കേരളത്തിലെ ജനങ്ങളുടെ ഡിമാന്റുകൾ നടപ്പിലാകുമെന്ന സ്ഥിതിയിലാണ് കഴിഞ്ഞ യുഡിഎഫ് ഭരണം അവസാനിക്കുന്നത്.

2016-ൽ അധികാരത്തിൽവന്ന പിണറായി സർക്കാർ ഒരു ചർച്ചയ്ക്കും തയ്യാറാകാതെ ഏകപക്ഷീയമായി 45 മീറ്റർ റോഡ് തങ്ങളുടെ ഭരണകാലത്തുതന്നെ നടപ്പിലാക്കുമെന്ന പ്രഖ്യാപനം നടത്തിയിരിക്കുന്നു. ഈ വിഷയത്തിൽ സമരംചെയ്യുന്നവരുമായി ഒരു ചർച്ചയ്ക്കും തയ്യാറല്ലെന്ന് പിണറായി പറഞ്ഞു. സമരം ചെയ്യുന്നവരെ "മാന്യന്മാരായ ഗുണ്ടകൾ" എന്നാണ് പിണറായി വിശേഷിപ്പിച്ചത്. മുഴുവൻ ശക്തിയുമുപയോഗിച്ച് ഭൂമിയേറ്റെടുക്കുമെന്നും സമരനേതാക്കൾക്കെതിരെ രാജ്യദ്രോഹക്കുറ്റത്തിന് കേസ്സെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. ആവശ്യമുള്ളത്ര ഭൂമി മോദി സർക്കാരിന് ഏറ്റെടുത്തുകൊടുക്കാമെന്ന് വാക്ക് നൽകിക്കൊണ്ട് ഇപ്പോൾ കേരളത്തിൽ പുതിയ വിജ്ഞാപനങ്ങൾ ഇറക്കിക്കൊണ്ട് ഭൂമിയേറ്റെടുക്കലിന്റെ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്.

സർക്കാരിന്റെ കൈയിൽ പണമില്ലാത്തതുകൊണ്ടാണ് ബിഒടിക്കാരെ പാതയേൽപ്പിക്കുന്നതെന്നതാണ് പിണറായി സർക്കാരിന്റെ ഒരു വാദം. കേരളത്തിൽ നടക്കാൻപോകുന്ന ഏറ്റവും വലിയ സ്വകാര്യവൽക്കരണമായ ബിഒടി ടോൾപാതയെ ചെറുക്കാനുള്ള ബാധ്യത ഇടതുപക്ഷമെന്നവകാശപ്പെടുന്ന ഒരു സർക്കാരിനില്ലേ എന്ന ചോദ്യം ഇവിടെ ഉയരുന്നു. ബിഒടി എന്നത് ഭീകരമായ കുത്തിക്കവർച്ചയ്ക്കുള്ള ഉപാധിയാണെന്നാണ് അനുഭവം. ഉദാഹരണമായി തൃശൂർ പാലിയേക്കര ടോൾബൂത്തിൽ കഴിഞ്ഞ മൂന്നുകൊല്ലമായി നടക്കുന്ന കൊള്ളയുടെ കാര്യം തന്നെയെടുക്കാം. ഇടപ്പള്ളി മുതൽ മണ്ണുത്തിവരെയുള്ള ആറുവരിപ്പാതയ്ക്കാണ് 2012 ജനുവരി മാസത്തിൽ ടോൾപിരിവ് തുടങ്ങിയത്. പാതയുടെ ആകെ നിർമ്മാണ ചെലവ് 390 കോടി രൂപയായിരുന്നു. ഒരു ദിവസം 25 ലക്ഷംരൂപ ടോൾപിരിവിലൂടെ ലഭിക്കുമെന്ന് കമ്പനിയുടെ രേഖകൾ പറയുന്നു. എന്നാൽ ടോൾ വരുമാനത്തിന്റെ ഭൂരിഭാഗവും ഈ രേഖയിൽ വരുന്നില്ലെന്നും, യഥാർത്ഥത്തിൽ അത് ഒരു കോടിയോളം വരുമെന്നും പാലിയേക്കര സമരസമിതി വാളന്റിയർമാർ നടത്തിയ ജനകീയ കണക്കെടുപ്പിൽ വ്യക്തമായി. ആദ്യ രണ്ടുവർഷത്തെ ടോൾ പിരിവുവഴി 600 കോടിയിലേറെ രൂപ ടോൾ കമ്പനിയ്ക്ക് ലഭിച്ചു. മറ്റൊരു 28 വർഷംകൂടി വ്യവസ്ഥ പ്രകാരം കമ്പനിക്ക് ടോൾപിരിക്കാം. വർഷാവർഷം ടോൾനിരക്ക് വർദ്ധിപ്പിക്കാം. വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് അവരുടെ ലാഭം വീണ്ടും കൂട്ടും. ആവശ്യമെങ്കിൽ നഷ്ടത്തിന്റെ വേറൊരു കള്ളക്കണക്ക് സമർപ്പിച്ചുകൊണ്ട് ടോൾ പിരിവിന്റെ കാലയളവ് വർദ്ധിപ്പിക്കാം. ഈ വ്യവസ്ഥകളെല്ലാം ബിഒടി കമ്പനിയും സർക്കാരും തമ്മിലുള്ള കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടോൾ പിരിക്കുന്ന കമ്പനികൾക്ക് കോൺട്രാക്ട് മറ്റ് കമ്പനികൾക്ക് കൈമാറാം. ഇപ്പോൾ ഫ്രാൻസ് ആസ്ഥാനമാക്കിയുള്ള ഒരു കമ്പനിയാണ് ടോൾ പിരിക്കുന്നത് എന്നറിയുന്നു.

കേരളത്തിൽ നിലവിലുണ്ടായിരുന്ന ദേശീയപാതകളായ എൻഎച്ച് 17 ഉം, എൻഎച്ച് 47ന്റെ ഇടപ്പള്ളിമുതൽ കളിയിക്കവിള വരെയുള്ള ഭാഗവും ചേർത്തുകൊണ്ട് 669 കിലോമീറ്റർ നീളത്തിൽ പുതിയ ദേശീയപാത 66 ആയി നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടുണ്ട്. അതുകൂടാതെ വാളയാർ മുതൽ ഇടപ്പള്ളിവരെയുള്ള ദേശീയപാത എൻഎച്ച് 544-ലെ 160 കിലോമീറ്ററും കൂടി ചേർന്ന് 829 കിലോമീറ്ററിലായി ഇരുപതോളം ടോൾ ബൂത്തുകളാണ് പാലിയേക്കര മോഡലിൽ സ്ഥാപിക്കുവാൻ പോകുന്നത്. ഈ ടോൾ ബൂത്തുകളെല്ലാം ചേർന്ന് നടത്താൻപോകുന്ന പിടിച്ചുപറിയെക്കുറിച്ച് ഇടതുസർക്കാരിന് എന്താണ് പറയാനുള്ളത്?

ദേശീയപാത വികസനത്തിന് തങ്ങളുടെ കൈയിൽ പണമില്ലെന്ന സംസ്ഥാന സർക്കാരിന്റെ വാദം പൊള്ളയാണ്. വാഹനനികുതിയിലൂടെയും ഇന്ധനനികുതി, സെസ്സ് എന്നിവയിലൂടെയും ഭീമമായ തുകയാണ് സംസ്ഥാന സർക്കാർ ഓരോ വർഷവും പിരിച്ചെടുക്കുന്നത്. 2017-ലെ വാഹനനികുതി മാത്രം 4683 കോടിയിലേറെയാണെന്ന് 2018-ലെ സംസ്ഥാന ബജറ്റിൽ ധനകാര്യമന്ത്രി തോമസ് ഐസക്ക് പ്രഖ്യാപിക്കുകയുണ്ടായി. ഇതുകൂടാതെ പെർമിറ്റ്, മറ്റു ടാക്സുകൾ, പിഴ തുടങ്ങിയവയിൽനിന്ന് ആയിരക്കണക്കിന് കോടിയാണ് പിരിച്ചെടുക്കുന്നത്. കേരളത്തിൽനിന്നും ഓരോ ദിവസവും ജനങ്ങൾ വാങ്ങുന്ന പെട്രോൾ, ഡീസൽ എന്നിവയിൽനിന്ന് 20 കോടി രൂപയെങ്കിലും വരുമാനമുണ്ടാകുന്നുവെന്ന് 2017 ഏപ്രിൽ 13 ലെ ഇന്ത്യൻ എക്സ്പ്രസ് പത്രം വിശദീകരിക്കു

*(ശേഷം 7-ാം പേജിൽ)*

## ദേശീയപാതാ സമരത്തിനുനേരെയുള്ള പോലീസ് അഴിഞ്ഞാട്ടം അവസാനിപ്പിക്കുക - ആക്ഷൻ കൗൺസിൽ

*6.4.2018*

*▸ മലപ്പുറത്ത് ദേശീയ പാത സ്ഥലമെടുപ്പിനെതിരെ സമരം ചെയ്തവരെ പോലീസ് മൃഗീയമായി ആക്രമിച്ചു ▸ ജനങ്ങൾ സമരം ശക്തമാക്കി ▸ സർവ്വേ തൽക്കാലം നിർത്തിവക്കാൻ സർക്കാർ തീരുമാനിച്ചു*

മലപ്പുറം ജില്ലയിൽ പോലീസ് രാജ് ഏർപ്പെടുത്തിക്കൊണ്ട് ഭുമി പിടിച്ചെടുക്കാനുള്ള നീക്കം സർക്കാർ അവസാനിപ്പിക്കണമെന്ന് എൻഎച്ച് 17 ആക്ഷൻ കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ഇ.വി.മുഹമ്മദാലി, വൈസ് പ്രസിഡന്റ് ഹാഷിം ചേന്ദാംപിള്ളി കൺവീനർ ടി.കെ. സുധീർ കുമാർ എന്നിവർ ആവശ്യപ്പെട്ടു. എആർ നഗർ, അരീതോട്, വലിയപറമ്പ് എന്നീ പ്രദേശങ്ങളിൽ സമാധാനപരമായി സർവ്വേ നടപടികൾ തടഞ്ഞ ജനങ്ങളുടെ മേൽ പോലീസുകാർ തേർവാഴ്ച നടത്തി. വീടുകളിൽ കയറി സ്ത്രീകളെയും കുട്ടികളെയും ആക്രമിച്ചു. ജനാധിപത്യ സമരങ്ങളോട് ഇവ്വിധത്തിൽ ഇടപെടുന്ന സർക്കാർ തങ്ങളുടെ മുഖം കൂടുതൽ കൂടുതൽ വികൃതമാക്കുകയാണ്. സമര സംഘടനകളുമായി ചർച്ചയില്ല എന്ന പ്രഖ്യാപനത്തിലൂടെ പിണറായി സർക്കാർ തങ്ങളുടെ ജനാധിപത്യ വിരുദ്ധതയും മാടമ്പിത്തരവും പ്രകടമാക്കുകയാണ്. ബിഒടി-ടോൾ ചുങ്കപാത പണിയുവാൻ ശ്രമിക്കുന്ന മോദി സർക്കാരിന്റെ ദാസ്യപ്പണിക്കാരായി എൽഡിഎഫ് സർക്കാരും മാറുന്നത് കേരളത്തിന്റെ ഇടതു മനഃസാക്ഷിക്ക് ഉണങ്ങാത്ത മുറിവുണ്ടാക്കും. നഷ്ടപരിഹാരത്തെക്കുറിച്ച് പെരുപ്പിച്ച കള്ളക്കണക്കുകൾ പ്രചരിപ്പിക്കുകയും വമ്പൻ മുതലാളിമാരുടെ ഭുമി ഒഴിവാക്കുകയും ചെയ്യുന്നത് ജനവിരുദ്ധമാണ്.

പോലീസിനെ പിൻവലിച്ച് ചുങ്കപ്പാത പദ്ധതി അവസാനിപ്പിച്ചില്ലെങ്കിൽ കേരളത്തിലെ ഭരണംകൂടി എന്നെന്നേക്കുമായി സിപിഐ(എം)ന് അവസാനിപ്പിക്കേണ്ടിവരും-ആക്ഷൻ സമിതി നേതാക്കൾ പ്രസ്താവനയിൽ പറഞ്ഞു ●

# കൂത്താട്ടുകുളത്ത് സാംസ്കാരിക പ്രവർത്തകരുടെ സംഗമം

പുരോഗമന-മതേതര-ജനാധിപത്യവാദികൾക്കുനേരെയും ന്യൂനപക്ഷ-പിന്നോക്കവിഭാഗങ്ങൾക്കെതിരെയും കേരളത്തിലും വളർന്നുവരുന്ന അസഹിഷ്ണുതയ്ക്കെതിരെ കൂത്താട്ടുകുളത്ത് ബഹുജന സാംസ്കാരിക സംഗമം നടന്നു. കവി കുരീപ്പുഴ ശ്രീകുമാറിനെതിരെ നടന്ന സംഘപരിവാർ ആക്രമണം, മധുവെന്ന ആദിവാസി യുവാവിനെ അട്ടപ്പാടിയിൽ സംഘം ചേർന്ന് ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം, കലാകാരൻ അശാന്തന്റെ മൃതദേഹത്തോട് എറണാകുളം ദർബാർ ഹാളിൽ അരങ്ങേറിയ അനാദരവ് എന്നീ വിഷയങ്ങളുയർത്തി നവോത്ഥാനശക്തിയുടെയും വർണ്ണിഭ കലാ സാംസ്കാരിക പഠന കേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് സംഗമം നടന്നത്.

സംഗമത്തിലെ സംഘചിത്രരചന പ്രമുഖ ചിത്രകാരനും ജനകീയ പ്രതിരോധ സമിതി നേതാവുമായ ആർ. പാർത്ഥസാരഥി വർമ്മ ഉദ്ഘാടനം ചെയ്തു. ജനാധിപത്യ മതേതര അന്തരീക്ഷം സമൂഹത്തിൽ ഊട്ടിയുറപ്പിക്കുന്നതുവഴിമാത്രമേ വിമർശനാത്മകമായ ചർച്ചകളുടെ അന്തരീക്ഷം സംജാതമാകു. മൗനംഭേദിച്ചുകൊണ്ട് എല്ലാ വിഷയങ്ങളിലും സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങൾ നടത്തുവാൻ സമൂഹത്തിന് ആർജ്ജവം നൽകുന്ന അവസ്ഥയിൽ മാത്രമേ പുരോഗമനചിന്തകൾ സജീവമായ സാമൂഹിക-സാംസ്കാരികപ്രവർത്തനങ്ങളുടെ വേദികൾ രൂപപ്പെടൂ-പാർത്ഥസാരഥി വർമ്മ അഭിപ്രായപ്പെട്ടു.

ദേശീയ അദ്ധ്യാപക അവാർഡ് ജേതാവ് കെ.കെ.രാമൻമാഷ് സംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു. സ്ത്രീ സുരക്ഷാസമിതി സംസ്ഥാന അദ്ധ്യക്ഷൻ ഡോ.വിൻസെന്റ് മാളിയേക്കൽ സാംസ്കാരിക സംഗമം ഉദ്ഘാടനം ചെയ്തു. ഈ സമൂഹത്തിൽ ജനങ്ങളെ മനുഷ്യരായല്ല ജാതിക്കാരും മതക്കാരുമായാണ് ജനാധിപത്യ സർക്കാരുകൾ പോലും കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു.



സംഘചിത്രരചനയിൽ പങ്കെടുക്കുന്ന കലാകാരന്മാർ

മാധ്യമപ്രവർത്തകൻ കെ.സുനിൽകുമാർ മുഖ്യപ്രഭാഷണം നടത്തി. ചിത്രകാരനും കവിയുമായ സദ് കലാവിജയൻ, ജനകീയ പ്രതിരോധ സമിതി നേതാവ് പി.സി.ജോസഫ്, മുൻസിപ്പൽ കൗൺസിലർ എ.എസ്.രാജൻ, എം.എൻ.മുരളീധരൻ, എ.റ്റി.മണിക്കുട്ടൻ, ശശീന്ദ്രൻ കിങ്ങിണിമറ്റം, പി.പി.സജീവ്കുമാർ, കെ.ജെ.ബാലു, ശാലിനി കണ്ണൻ, എബി ജോൺ, സി.എൻ.മുകുന്ദൻ, എൻ. ആർ.മോഹൻകുമാർ, സി.കെ.തമ്പി, ഡോ.ശ്രീധർ, അഡ്വ. പീറ്റർ എന്നിവർ പ്രസംഗിച്ചു. എഞ്ചിനിയർ സുകുമാരൻ കൂത്താട്ടുകുളം, ഡോ.ശ്രീധർ കൂത്താട്ടുകുളം, മജീഷ്യൻ പ്രൊഫ. അന്ത്രുപെരുമറ്റം എന്നിവരെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് നാടൻ പാട്ടുകളും മാജിക് വിസ്മയം പരിപാടിയും നടന്നു●

# തുരുത്തി കോളനി നിവാസികളുടെ പഞ്ചായത്ത് ഓഫീസ് മാർച്ച്

പാപ്പിനിശ്ശേരി തുരുത്തി പട്ടികജാതി കോളനിയിലൂടെയുള്ള നിർദ്ദിഷ്ട ദേശീയപാത ബൈപ്പാസ് അലൈൻമെന്റ് അനാവശ്യമായ വളവുകൾ ഒഴിവാക്കി ജനവാസമില്ലാത്ത സമീപപ്രദേശത്തേക്ക് മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് പാപ്പിനിശ്ശേരി പഞ്ചായത്ത് ഓഫീസിലേക്ക് മാർച്ച് നടന്നു. പാപ്പിനിശ്ശേരി തുരുത്തി ദേശീയപാത ആക്ഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന മാർച്ചിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡന്റിന് നിവേദനവും സമർപ്പിച്ചു. എൻ.എച്ച്. ആക്ഷൻ കൗൺസിൽ സംസ്ഥാന ജോയിന്റ് കൺവീനർ കെ.കെ.സുരേന്ദ്രൻ മാർച്ച് ഉദ്ഘാടനം ചെയ്തു. തുരുത്തി ആക്ഷൻ കമ്മിറ്റി കൺവീനർ കെ.നിഷിൽ കുമാർ അദ്ധ്യക്ഷത വഹിച്ചു. പി.പി. അബൂബക്കർ, രശ്മിരവി, ആക്ഷൻ കമ്മിറ്റി യൂണിറ്റ് ഭാരവാഹികളായ സിന്ധു, അരുണിമ, എ.ലീല, അനിൽകുമാർ എന്നിവർ പ്രസംഗിച്ചു●



കെ.കെ.സുരേന്ദ്രൻ നിവേദന സമർപ്പണ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു

# 45 മീറ്റർ ടോൾപാത: കലം ഉടക്കയ്ൽ സമരത്തിൽ പ്രതിഷേധം ഇരമ്പി

ദേശീയപാത 17ന് വേണ്ടി ഇടപ്പള്ളി മുതൽ മൂത്തകുന്നം വരെ ഒരിക്കൽ കുടിയിറക്കിയവരെ വീണ്ടും കുടിയിറക്കാനുള്ള സർക്കാർ തീരുമാനത്തിനെതിരെ നൂറുകണക്കിന് വീട്ടമ്മമാരുടെ നേതൃത്വത്തിൽ അടുക്കള ബഹിഷ്കരിച്ച് നടത്തിയ കലം ഉടക്കൽ സമരത്തിൽ പ്രതിഷേധം ഇരമ്പി.

30മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്തിട്ട് ഒരു വരി റോഡ് പോലും നിർമ്മിക്കാതെ അതിന് വേണ്ടി കുടിയിറക്കപ്പെട്ട് പുറകോട്ട് മാറി താമസിക്കുന്ന ആയിരത്തോളം കുടുംബങ്ങളെ രണ്ടാമതും കുടിയൊഴിപ്പിച്ച് 15 മീറ്റർ കൂടി ഏറ്റെടുക്കാനുള്ള സർക്കാർ നീക്കത്തിനെതിരെയാണ് എൻഎച്ച് 17 സംയുക്ത സമരസമിതി സമരം സംഘടിപ്പിച്ചത്. എൻഎപിഎം സംസ്ഥാന കോഓർഡിനേറ്റർ പ്രൊഫസർ കുസുമം ജോസഫ് സമരം ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന പ്രതിഷേധ യോഗം സി.ആർ.നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു.



വീട്ടമ്മമാർ കലം ഉടച്ച് പ്രതിഷേധിക്കുന്നു

ഹാഷിം ചേന്നാമ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. കെ.വി. സത്യൻ മാസ്റ്റർ സ്വാഗതം പറഞ്ഞു. ടി.കെ.സുധീർ കുമാർ(എൻഎച്ച് 17 ആക്ഷൻ കൗൺസിൽ), മാഗ്ളിൻ പീറ്റർ, ജ്യോതി വാസ് പറവൂർ, കെ.പി.വിശ്വനാഥൻ, ഫൈസൽ, കുരുവിള മാത്യൂസ്, മുജീബ് റഹ്മാൻ, സി.കെ.ശിവദാസൻ, കെ.പി.സാൽവിൻ(എസ്‌യുസിഐ(സി)), വിജയരാഘവൻ ചേലിയ, ദിനേശൻ(ജനകീയ പ്രതിരോധ സമിതി), കെ.കെ.ശോഭ (അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന), ജസ്റ്റിൻ ഇലഞ്ഞിക്കൽ, വിജയൻ, മാത്തപ്പൻ കാനപ്പിള്ളി, ടോമി ചന്തപ്പറമ്പിൽ, പ്രൊഫ.നാണപ്പൻപിള്ള, രാജൻ ആന്റണി, സി.വി.ബോസ്, അറക്കൽ ടോമി, ജാഫർ മംഗലശേരി, കെ.എസ്.സക്കരിയ, അബ്ദുൽ ലത്തീഫ്, പോൾ തിരുമുപ്പം, രാജേഷ് കാട്ടിൽ, അഷ്റഫ്, ഉബോൾഡിൻ, പ്രവീൺ എന്നിവർ പ്രസംഗിച്ചു●

# ബിഒടി ചുങ്കപ്പാത...

(6-ാം പേജിൽ നിന്ന്)

ന്നു. പ്രതിമാസവരുമാനം ശരാശരി 600 കോടിയും പ്രതിവർഷം വിശേഷാവസരങ്ങൾ ഉൾപ്പെടെ, 8000 കോടി കവിയുമെന്നുമാണ് കണക്ക്. വാഹന ഗതാഗതവുമായി ബന്ധപ്പെട്ടുള്ള സ്പെയർപാർട്ട്സ്, ഓയിൽ എന്നിവയിൽ നിന്നുള്ള നികുതി ഇതിൽ ഉൾപ്പെടുത്തിയിട്ടേയില്ല. ഇതിന്റെ ഒരു പത്തുശതമാനമെങ്കിലും പുതിയ റോഡ് വികസനത്തിനായി പ്രതിവർഷം മാറ്റിവച്ചാൽ, 1000 കോടിയിലധികം രൂപ കേരളത്തിനുതന്നെ ഹൈവേ വികസനത്തിന് മാറ്റിവയ്ക്കാവുന്നതേയുള്ളൂ. പലയിടത്തും നിലവിലുള്ള 2 ലൈൻ റോഡുകൾ തന്നെ ആറുവരിയായി വികസിപ്പിക്കാം. സർക്കാർ പണം മുടക്കി ബിഒടിയും ടോളുമില്ലാതെ പാതകൾ വികസിപ്പിക്കുന്ന ഒരു നടപടി കേരളത്തിൽ കൈക്കൊള്ളാൻ കഴിഞ്ഞാൽ, സ്വദേശ-വിദേശ കുത്തകമുതലാളിമാർക്ക് ഒത്താശചെയ്യുന്ന കേന്ദ്ര മോദി സർക്കാരിന് നൽകാവുന്ന ശക്തമായ രാഷ്ട്രീയമായ തിരിച്ചടിയായിരിക്കും അത്.

കേന്ദ്രസർക്കാരിൽ നിന്ന് അർഹമായ വിഹിതം വാങ്ങിയെടുക്കാനും സംസ്ഥാന സർക്കാരിന് കഴിയണം. കുത്തകകൾക്കായി ജനങ്ങളുടെ നികുതിപ്പണത്തിൽ നിന്ന് 2.4 ലക്ഷം കോടിരൂപയാണ് കിട്ടാക്കടം എന്ന പേരിൽ മാത്രം എഴുതിത്തള്ളാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ബാങ്കുകളിൽ മുടക്കം വരുത്തിയിട്ടുള്ള കുത്തക മുതലാളിമാരുടെ സ്വത്തിൽനിന്നും നിക്ഷേപത്തിൽനിന്നും അത് തിരിച്ചുപിടിക്കാൻ സർക്കാർ കൂട്ടാക്കുന്നില്ല. പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളും ഇൻഫ്രാ സ്ട്രക്ച്ചറും മെച്ചപ്പെടുത്താനുള്ള തുകയാണ് ഇത്തരത്തിൽ ദുർവ്യയം ചെയ്തുകൊണ്ട് കൊടിയ അഴിമതി കേന്ദ്രസർക്കാർ നടത്തുന്നത്. റോഡ് നിർമ്മാണത്തിന് പണം ഇല്ലെന്ന പരാതി മുഴക്കുന്നത് പൊതുവഴികൾ സ്വകാര്യമൂലധനത്തിന് കൈമാറാനുള്ള ഗൂഢതന്ത്രമാണ്.

ലക്ഷക്കണക്കിനാളുകളെ കുടിയിറക്കേണ്ടിവരുന്ന ദേശീയപാത കുടിയൊഴിപ്പിക്കലിൽ പുനരധിവാസം നൽകാൻ കാര്യമായ പദ്ധതിയൊന്നുമില്ല. 1857-ലെ ബ്രിട്ടീഷുകാരന്റെ പൊന്നുംവില നിയമം തന്നെയാണ് 1956-ലെ ഹൈവേ ആക്ടായി നെഹ്റു സർക്കാരും നടപ്പിലാക്കിയത്. തികച്ചും ജനാധിപത്യവിരുദ്ധമായ നിയമമാണത്. അതിൻപ്രകാരമാണ് ഇപ്പോഴും ഭൂമി ഏറ്റെടുക്കുന്നത്.

നന്ദിഗ്രാം-സിംഗൂർ-മൂലമ്പിള്ളി തുടങ്ങിയ നിരവധി കുടിയൊഴിപ്പിക്കൽവിരുദ്ധ സമരങ്ങളുടെ പശ്ചാത്തലത്തിലാണ് 2013-ലെ പുനരധിവാസ-നഷ്ടപരിഹാരനിയമം പാർലമെന്റിൽ പാസ്സായത്. എന്നാൽ റെയിൽവേ, ഹൈവേ, ഡിഫൻസ് തുടങ്ങിയ പല സംരംഭങ്ങൾക്കുമുള്ള ഭൂമി ഏറ്റെടുക്കൽ ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിൽ ഇനിയും ആക്ട് ഭേദഗതി ചെയ്തിട്ടില്ല. യഥാർത്ഥ രേഖകൾ സർക്കാർ പുറത്തു വിടുന്നുമില്ല.

ഏറ്റെടുക്കുന്ന ഭൂമി സെന്റിന് ഒരു കോടിയോളം രൂപയ്ക്ക് മുകളിൽ നഷ്ടപരിഹാരം ലഭിക്കുമെന്ന് കേരള സർക്കാർ ഭൂവുടമകളെ തെറ്റിദ്ധരിപ്പിക്കുകയാണ്. മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും ആവർത്തിച്ച് ഈ നുണ പ്രചരിപ്പിക്കുകയാണ്. ഈ വിഷയത്തിൽ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ കേരളത്തിന് ഹൈവേ പുനരധിവാസത്തിനായി ഒന്നും പുതുതായി നൽകില്ലെന്നുറപ്പായിരിക്കുകയാണ്.

മൂലമ്പിള്ളിയിൽ ഭൂമി നഷ്ടപ്പെട്ടവരുടെ അനുഭവം എല്ലാവർക്കും ഒരു മുന്നറിയിപ്പാണ്. കൊച്ചിയിലെ കണ്ടെയ്നർ ടെർമിനൽ റോഡിനു വേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ സൃഷ്ടിയാണ് മൂലമ്പിള്ളി പ്രശ്നം. സമ്മതപത്രംപോലും വാങ്ങാതെ, ധാർഷ്ട്യത്തോടെ 316 കുടുംബങ്ങളുടെ വീടുകൾ അധികൃതർ ബുൾഡോസർ കൊണ്ട് ഇടിച്ചുനിരത്തി. പിന്നീട് നടന്ന ശക്തമായ സമരത്തിന്റെ ഫലമായി മൂലമ്പിള്ളിക്കുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിക്കുവാൻ സർക്കാർ നിർബ്ബന്ധിതമായി. എന്നാൽ എൽഡിഎഫ് സർക്കാർ അന്ന് കുടിയിറക്കിയവർക്ക് 10 വർഷത്തിനുശേഷവും പാക്കേജിലെ വ്യവസ്ഥകൾ പ്രകാരമുള്ള പുനരധിവാസം പൂർണ്ണമായി ലഭിച്ചിട്ടില്ല. 44 കുടുംബങ്ങൾക്ക് മാത്രമേ പുനരധിവാസഭൂമിയിൽ വീടുവച്ചു താമസം തുടങ്ങാനായിട്ടുള്ളൂ. അതിൽ തന്നെ പല വീടുകളും ചതുപ്പ് നികത്തി സൃഷ്ടിച്ച പുനരധിവാസഭൂമിയുടെ ഉറപ്പില്ലായ്മ മൂലം ചരിയുകയും വാസയോഗ്യമല്ലാതാകുകയും ചെയ്തിരിക്കുന്നു. എല്ലാ കുടുംബത്തിലെയും ഒരാൾക്കുവീതം ജോലി നൽകുമെന്ന പാക്കേജ് വ്യവസ്ഥയും വീടുവച്ച് താമസം തുടങ്ങുന്നതുവരെ പ്രതിമാസം വാടക നൽകുമെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല. കക്ഷി-രാഷ്ട്രീയത്തിനതീതമായി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ മൂലമ്പിള്ളിക്കാർ നടത്തിയ സമരവും സമരസഹായസമിതിയായി നിലനിന്ന കേരളത്തിന്റെ മനഃസാക്ഷിയും ഒത്തുചേർന്നപ്പോഴും 316 കുടുംബങ്ങൾക്ക് ഇതുമാത്രമേ നേടിയെടുക്കാനായുള്ളൂ.

ലക്ഷക്കണക്കിനാളുകൾക്ക് ഭൂമിയും വീടും കച്ചവടവും ചെറുകിട വ്യവസായങ്ങളും ജീവനോപാധികളും നഷ്ടപ്പെടുന്ന ദേശീയപാതയുടെ 45 മീറ്ററിലുള്ള കുടിയൊഴിപ്പിക്കൽ കഴിഞ്ഞാൽ ഇതിൽ ബഹുഭൂരിപക്ഷവും തെരുവാധാരമാകും. ഇന്നത്തെ അവസ്ഥയിൽ ഒരു നഷ്ടപരിഹാരവും പുനരധിവാസവും നടപ്പാക്കില്ലെന്ന് സ്പഷ്ടം. വ്യാപാര സ്ഥാപനങ്ങളെയും വാടകക്കാരെയും അതിലെ തൊഴിലാളികളെയും കണക്കിൽപ്പെടുത്തിയിട്ടുപോലുമില്ല. ബിഒടി കൊള്ളക്കാർക്കുവേണ്ടി, റോഡുകളിൽ വൻ ടോൾപിരിച്ചെടുക്കുവാനും സ്വകാര്യവൽക്കരിക്കുവാനുമുള്ള ഈ നീക്കത്തിനെതിരെ ദേശീയപാത സമരസമിതികളായ ആക്ഷൻ കൗൺസിലും ആക്ഷൻ ഫോറവും നടത്തുന്ന സമരത്തിൽ ശക്തമായ പിന്തുണനൽകുവാൻ ഏവരോടും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി അഭ്യർത്ഥിക്കുന്നു●

# സ്ഥിരംതൊഴിൽ ഇല്ലാതാക്കുന്ന നിയമഭേദഗതിയെ സർവ്വശക്തിയോടെയും ചെറുക്കുക

സംഘടിത-വ്യവസായ മേഖലയാകമാനം സ്ഥിരം തൊഴിൽ പൂർണ്ണമായും ഇല്ലാതാക്കുന്ന നിശ്ചിത കാല തൊഴിൽ എന്ന പുതിയ സമ്പ്രദായം സ്ഥാപിക്കാനായി മോദി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു. തൊഴിലാളികളെ ആറ് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്ന ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡേഴ്സ്) ആക്ട് 1946 ഭേദഗതി ചെയ്തുകൊണ്ടുള്ള അന്തിമ വിജ്ഞാപനം മാർച്ച് 16ന് കേന്ദ്രസർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. കേന്ദ്ര ട്രേഡ് യൂണിയനുകളുമായി സമവായത്തിലെത്താതെയും പാർലമെന്റിൽ ചർച്ച ചെയ്യാതെയുമാണ് ബിജെപി സർക്കാർ ഈ സുപ്രധാന തൊഴിൽ നിയമഭേദഗതിക്ക് തുനിഞ്ഞത്. ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിനുമേൽ ഏകാധിപത്യപരമായി അടിച്ചേൽപ്പിച്ച ഈ വിനാശകരമായ നിയമഭേദഗതി ദ്രുതഗതിയിൽ കരാർവത്ക്കരിച്ചുകൊണ്ടിരിക്കുന്ന തൊഴിൽരംഗം സമ്പൂർണ്ണമായും ഹയർ ആന്റ് ഫയർ സമ്പ്രദായത്തിന് കീഴിലാക്കും. അദ്ധ്വാനിക്കുന്നവരുടെ ജീവിതസാഹചര്യത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ് ഈ ഭേദഗതി.

2003ൽ വാജ്പേയിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ ഇത്തരം ഒരു ഭേദഗതി കൊണ്ടുവന്നതാണ്. ട്രേഡ് യൂണിയനുകളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് 2007ൽ അത് പിൻവലിക്കപ്പെട്ടു. ബിജെപിക്ക് ഭൂരിപക്ഷമുള്ള പുതിയ എൻഡിഎ സർക്കാർ അധികാരത്തിൽവന്നപ്പോൾ 2015 ഏപ്രിലിൽ വീണ്ടും ഒരു കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. ട്രേഡ് യൂണിയനുകളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് സർക്കാർ ഇതുമായി കാര്യമായി മുന്നോട്ടുപോയില്ല. എന്നാൽ 2016 ആഗസ്റ്റ് 4ന് വീണ്ടും വസ്ത്ര നിർമ്മാണ മേഖലയിൽ നിശ്ചിതകാല തൊഴിൽ ഏർപ്പെടുത്തിക്കൊണ്ട് കേന്ദ്ര തൊഴിൽവകുപ്പ് ഒരു കരട് വിജ്ഞാപനം പുറത്തിറക്കുകയുണ്ടായി. ഇതിനെയും എതിർത്ത ട്രേഡ് യൂണിയൻ നേതൃത്വങ്ങൾക്ക്, വസ്ത്രനിർമ്മാണരംഗം സീസണൽ തൊഴിൽരംഗമായതുകൊണ്ടാണ് ഇത്തരമൊരു വിജ്ഞാപനം കൊണ്ടുവന്നതെന്ന മറുപടിയാണ് നൽകിയത്. കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്തമായ എതിർപ്പ് പരിഗണിക്കാതെതന്നെ കേന്ദ്രസർക്കാർ വസ്ത്രനിർമ്മാണ രംഗത്ത് ഇത് ഏകപക്ഷീയമായി നടപ്പിലാക്കുകയായിരുന്നു.

പിന്നീട് എല്ലാ ഉൽപ്പാദനമേഖലയിലും നിശ്ചിതകാല തൊഴിൽ തൊഴിലാളിവിഭാഗത്തിന് വ്യവസ്ഥ ചെയ്തുകൊണ്ട് ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാന്റിംഗ് ഓർഡർ 1946 ചട്ടത്തിൽ ഭേദഗതി വരുത്തി. 8-1-2018ന് കേന്ദ്രതൊഴിൽ മന്ത്രാലയത്തിന്റെ വിജ്ഞാപനം ഇറങ്ങുകയുണ്ടായി. മാത്രമല്ല, അതിനുശേഷം നിശ്ചിതകാല തൊഴിൽ ഒരു സർക്കാർ നയമെന്ന നിലയിൽ ബജറ്റ് പ്രഖ്യാപനത്തിൽ കേന്ദ്രധനമന്ത്രി ഉൾക്കൊള്ളിക്കുകയുണ്ടായി.

നിലവിലുള്ള മാനദണ്ഡങ്ങളെയും നടപടിക്രമങ്ങളെയും കീഴ്വഴക്കങ്ങളെയും മറികടന്നുകൊണ്ട് തികച്ചും ഏകപക്ഷീയമായി സർക്കാർ ഇക്കാര്യത്തിൽ മുന്നോട്ടുപോയതിൽ പ്രതിഷേധിച്ചുകൊണ്ട് 15-2-2018ന് കേന്ദ്രതൊഴിൽ മന്ത്രാലയം വിളിച്ചു ചേർത്ത ത്രികക്ഷിയോഗത്തിൽനിന്നും എഐറ്റിയുസി, സിഐറ്റിയു, എഐയുറ്റിയുസി, എച്ച്എം എസ്, എഐസിസിറ്റിയു, യുറ്റിയുസി എന്നീ കേന്ദ്ര യൂണിയനുകൾ സംയുക്തമായി ഇറങ്ങിപ്പോകുകയുണ്ടായി.

മാർച്ച് 16ന് മോദി സർക്കാർ ഇക്കാര്യത്തിൽ പുറപ്പെടുവിച്ച അന്തിമവിജ്ഞാപനം ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തോടുള്ള കടുത്ത വെല്ലുവിളിയാണ്.

ബിസിനസ്സ് എളുപ്പമുള്ളതാക്കാൻ എന്ന പേരിൽ സർക്കാരുകൾ കൊണ്ടുവരുന്ന തൊഴിലാളിവിരുദ്ധ, കോർപ്പറേറ്റ് അനുകൂല നടപടികളിലൊന്നാണ് ഈ വിജ്ഞാപനവും. മോദി സർക്കാർ ഇതിനകം തന്നെ സുപ്രധാന തൊഴിൽ നിയമങ്ങളിലെല്ലാം അട്ടിമറി നടത്തിയിരിക്കുകയാണ്. ഫാക്ടറീസ് ആക്ട്, തൊഴിൽതർക്ക നിയമം, വ്യവസായ ബന്ധനിയമം എന്നിവയിലെല്ലാം മുതലാളിമാർക്കും കോർപ്പറേറ്റുകൾക്കും അനുകൂലമായി ഭേദഗതികൾ കൊണ്ടുവരികയാണ് മോദി സർക്കാർ. 44 കേന്ദ്രതൊഴിൽനിയമങ്ങൾ ചേർത്ത് 4 ലേബർ ചട്ടങ്ങൾ ഉണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കോർപ്പറേറ്റുകൾക്കുവേണ്ടി ഏതറ്റം വരെ പോകാനും തയ്യാറായിരിക്കുന്നു മോദിസർക്കാർ.

മൊത്തം തൊഴിലിന്റെ 82 ശതമാനവും അസംഘടിതമേഖലയിലുള്ള രാജ്യമാണ് ഇന്ത്യ. ഈ ചെറിയ സംഘടിതമേഖലകൂടി കാഷ്വൽ-കരാർ വൽക്കരിക്കുകയെന്ന കോർപ്പറേറ്റുകളുടെ താൽപര്യത്തെയാണ് സർക്കാർ പരിഗണിച്ചത്. തൊഴിൽ സുരക്ഷയും സാമൂഹ്യസുരക്ഷയും മറ്റ് ആനുകൂല്യങ്ങളും ഒന്നും ഇല്ലാത്ത അസംഘടിതരുടെയും കൂലി തൊഴിലാളികളുടേതുമായ തൊഴിൽ ശക്തിയെയാണ് മുതലാളിവർഗ്ഗത്തിന് ആവശ്യം.

മോദിസർക്കാരിന്റെ നോട്ട്നിരോധനവും ജിഎസ്ടിയും വഴി ഏതാണ്ട് 6.23കോടി തൊഴിലുകൾ കഴിഞ്ഞ ഒരു വർഷംകൊണ്ട് ഇല്ലാതായി. പ്രതിവർഷം രണ്ട്കോടി തൊഴിൽവാഗ്ദാനം ചെയ്ത സർക്കാരാണ് ഇത് ചെയ്തത്. 2017ലെ ജിഡിപി വളർച്ചാനിരക്ക് 5 ശതമാനമായി കുറഞ്ഞു എന്നാണ് ഏതാണ്ട് എല്ലാ സ്വതന്ത്ര സാമ്പത്തിക വിദഗ്ദ്ധരുടെയും കണ്ടെത്തൽ. അങ്ങനെയെങ്കിൽ കാർഷികമേഖലയിൽനിന്ന് 1.66 കോടിയും വ്യവസായ മേഖലയിൽനിന്ന് 1.79 കോടിയും സേവന മേഖലയിൽനിന്ന് 2.83 കോടിയും തൊഴിലാളികൾ പുറന്തള്ളപ്പെടും. ഇവരുടെ കുടുംബങ്ങളെക്കൂടി കണക്കാക്കിയാൽ എത്ര കോടി മനുഷ്യരുടെ ജീവിതമാർഗ്ഗമാണ് അടയുന്നത്. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 37.4 ലക്ഷം തൊഴിലാണ് സംഘടിത മേഖലയിൽനിന്നും ഇല്ലായ്മ ചെയ്തതെന്നാണ് ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലി നടത്തിയ പഠനം പറയുന്നത്. ലേബർ ബ്യൂറോയുടെ കണക്കുപ്രകാരം 2013 മുതൽ 2016വരെയുള്ള 3 വർഷംകൊണ്ട് കാർഷിക മേഖലയിൽ മാത്രം 52.9 ലക്ഷം തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. നിർമ്മാണമേഖലയിൽനിന്ന് ഈ കാലയളവിൽ 21 ലക്ഷംപേർക്ക് തൊഴിലില്ലാതെയായി. ഈ തൊഴിൽ ജീവിതസാഹചര്യത്തിൽ നിന്നുകൊണ്ട് വേണം പുതിയ വിജ്ഞാപനത്തെ കാണേണ്ടത്.

പ്രതിവർഷം 1.3 കോടി യുവജനങ്ങൾ ബിരുദങ്ങളുമായി തൊഴിൽ കമ്പോളത്തിലേയ്ക്ക് കടന്നുവരുന്ന രാജ്യത്താണ് ഈ നയംകൊണ്ടുവരുന്നത്. 58ശതമാനം ബിരുദധാരികൾക്കും 62ശതമാനം ബിരുദാനന്തരബിരുദധാരികൾക്കും അവരുടെ യോഗ്യതയ്ക്കനുസരിച്ച് ജോലി ലഭിക്കുന്നില്ല. കരാർ തൊഴിലാളികളിൽ 68 ശതമാനത്തിനും തൊഴിലുടമയുമായി യാതൊരു തൊഴിൽ കരാറുമില്ല. സ്ഥിരം തൊഴിലാളിക്ക് നൽകുന്ന കൂലിയുടെ മൂന്നിലൊന്നുപോലും അതേ തൊഴിലെടുക്കുന്ന കരാർ തൊഴിലാളിക്ക് ലഭിക്കുന്നില്ല. തൊഴിൽ സുരക്ഷയും സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങളും അവർക്കില്ല.

ഈ ഭീതിദമായ തൊഴിൽ സാഹചര്യം നിലനിൽക്കുന്ന രാജ്യത്ത് നിലവിലുള്ള 8 ശതമാനം വരുന്ന വ്യവസായ സംഘടിതമേഖലയിൽ കൂടി കരാർ തൊഴിൽ വന്നുകഴിഞ്ഞാൽ സംഭവിക്കുന്നത് എന്താണ് എന്ന് ഊഹിക്കാവുന്നതേയുള്ളൂ. യാതൊരു തൊഴിൽ നിയമങ്ങളും ബാധകമല്ലാത്ത, തൊഴിലുടമയ്ക്ക് ഇച്ഛാനുസരണം ജോലിയെടുപ്പിക്കാനും പറഞ്ഞുവിടാനും കഴിയുന്ന തൊഴിൽ സാഹചര്യമുണ്ടാക്കാനാണ് മുതലാളിമാരുടെയും അവരുടെ ആജ്ഞാനുവർത്തികളായ രാഷ്ട്രീയ നേതൃത്വങ്ങളുടെയും ശ്രമം. മുതലാളിത്തം അതിന്റെ ശവക്കുഴി തോണ്ടുകയാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഇത്തരം നയങ്ങൾക്കും നടപടികൾക്കുമെതിരായ യോജിച്ച പ്രക്ഷോഭണം തൊഴിലാളികളിൽനിന്നും തൊഴിലില്ലാത്ത യുവാക്കളിൽനിന്നും വളർന്നുവരണം. ശക്തമായ പോരാട്ടങ്ങൾ കൊണ്ടാണ് ഭരണവർഗ്ഗത്തിന്റെ ഇത്തരം വെല്ലുവിളികളെ തൊഴിലാളികൾ നേരിടേണ്ടത്●

## പൊതുപണിമുടക്കിൽ എഐയുടിയുസിയുടെ ശ്രദ്ധേയ പങ്കാളിത്തം

പണിമുടക്ക് ദിവസം സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ ആഭിമുഖ്യത്തിൽ രാജ്ഭവനിലേക്ക് തൊഴിലാളികളുടെ വൻമാർച്ച് നടന്നു. ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ.ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിഷേധയോഗം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. കെ.പി.രാജേന്ദ്രൻ (എഐടിയുസി), ആർ.കുമാർ(എഐയുടിയുസി), സോണിയ ജോർജ്ജ് (സേവ), ഷിബു ബേബി ജോൺ(യുടിയുസി), തുടങ്ങിയ നേതാക്കൾ പ്രസംഗിച്ചു.

കൊല്ലം ജില്ലയിൽ നടന്ന 11 മേഖല ജാഥകളിൽ എഐയുടിയുസി പ്രതിനിധികൾ പങ്കെടുത്തു. പണിമുടക്കിന് തലേന്ന് നടന്ന പന്തംകൊളുത്തി പ്രകടനത്തിലും പണിമുടക്ക് ദിവസം നടന്ന പ്രകടനങ്ങളിലും എഐയുടിയുസി നേതാക്കളായ സഖാക്കൾ ബി.വിനോദ്, പി.പി.പ്രശാന്ത് കുമാർ, ബി.രാമചന്ദ്രൻ, ആർ.സതീശൻ, ജി.ധ്രുവകുമാർ, കുഞ്ഞുമോൻ, സദാനന്ദൻപിള്ള തുടങ്ങിയവർ പങ്കെടുത്തു.

പണിമുടക്കിന് മുന്നോടിയായി ആലപ്പുഴ ജില്ലയിൽ നടന്ന എല്ലാ പ്രവർത്തനങ്ങളിലും, പണിമുടക്ക് ദിവസം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടന്ന പ്രകടനങ്ങളിലും യോഗങ്ങളിലും എഐയുടിയുസിയുടെ നേതാക്കളും പ്രവർത്തകരും പങ്കെടുത്തു. സഖാക്കൾ കെ.പ്രതാപൻ, ആർ.അർജുനൻ, കെ.ആർ.ശശി, പി.കെ.ശശി, കെ.പി.സുബൈദ, എ.മുഹമ്മദ്, അനിൽപ്രസാദ്, ഓമനക്കുട്ടൻ, മധു ചെങ്ങന്നൂർ, ടി.കെ.ഗോപിനാഥൻ, വി.ആർ.അനിൽ, ബിജു സേവ്യർ എന്നിവർ ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ നടന്ന പരിപാടികളിൽ പ്രസംഗിച്ചു.

കോട്ടയം ജില്ലയിൽ മാർച്ച് 28ന് മൂന്ന് വാഹന പ്രചരണ ജാഥകൾ നടന്നു. കോട്ടയം പുതുപ്പള്ളി, ചങ്ങനാശ്ശേരി എന്നീ മണ്ഡലങ്ങളുടെ, സിഐടിയു ജില്ലാ പ്രസിഡന്റ് വി.പി.ഇബ്രാഹിം ക്യാപ്റ്റനായുള്ള ജാഥ നാട്ടകം സിമന്റ് കവലയിൽ എഐയുടിയുസി ജില്ലാ സെക്രട്ടറിയും സംയുക്ത ട്രേഡ് യൂണിയൻ ജില്ലാ കൺവീനറുമായ വി.പി.കൊച്ചുമോൻ ഉദ്ഘാടനം ചെയ്തു. മാർച്ച് 31ന് പന്തം കൊളുത്തി പ്രകടനങ്ങളും നടന്നു. പണിമുടക്ക് ദിവസം ജില്ലാ കേന്ദ്രത്തിലെ പ്രകടനത്തിൽ എഐയുടിയുസിയുടെ സഖാക്കളും പങ്കെടുത്തു. സഖാക്കൾ വി.പി.കൊച്ചുമോൻ, എ.ജി.അജയകുമാർ എന്നിവർ പ്രസംഗിച്ചു. വിവിധ കേന്ദ്രങ്ങളിൽ കെ.എൻ.രാജൻ, കെ.പി വിജയൻ, എൻ.വേണുഗോപാലൻ, എം.കെ.കണ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

പണിമുടക്കിനോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ വിവിധ കേന്ദ്രങ്ങളിൽ നടന്ന പരിപാടികളിൽ എഐയുടിയുസി നേതാക്കളായ സഖാക്കൾ എൻ.ആർ.മോഹൻകുമാർ, പി.എം.ദിനേശൻ, കെ.ഒ.ഷാൻ, സി.കെ.രാജേന്ദ്രൻ, ജോണി ജോസഫ്, പി.പി.അഗസ്റ്റിൻ, കെ.സി.ജയൻ തുടങ്ങിയവർ പ്രസംഗിച്ചു.

പൊതുപണിമുടക്കിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് രാവിലെ 7 മണി മുതൽ റിഫൈനറി ഗേറ്റിൽ വിവിധങ്ങളായ പ്രതിഷേധ പരിപാടികൾ നടന്നു. കൊച്ചിൻ റിഫൈനറീസ് എംപ്ലോയീസ് അസോസിയേഷൻ (സി.ആർ.ഇ.എ)യുടെ ആഭിമുഖ്യത്തിൽ നടന്ന ഐക്യദാർഢ്യറാലി യൂണിയൻ വൈസ് പ്രസിഡന്റ് എൻ.ആർ.മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. സി.ആർ.ഇ.എ. വൈസ് പ്രസിഡന്റ് പി.പ്രവീൺ കുമാർ അദ്ധ്യക്ഷത വഹിച്ചു. പി.പി. സജീവ് കുമാർ, ജോസഫ് ഡെന്നീസ് എന്നിവർപ്രസംഗിച്ചു. പ്രതിഷേധ പരിപാടികൾക്ക് സോജി ജോസ്, വാസുദേവൻ, സുബ്രമണ്യൻ തുടങ്ങിയവർ നേതൃത്വം നൽകി.



കൊച്ചിൻ റിഫൈനറി തൊഴിലാളികളുടെ ഐക്യദാർഢ്യയോഗത്തിൽ സഖാവ് എൻ.ആർ.മോഹൻകുമാർ പ്രസംഗിക്കുന്നു

തൃശ്ശൂർ ജില്ലയിൽ സി.കെ.ശിവദാസൻ, സി.ആർ.ഉണ്ണികൃഷ്ണൻ, ഒ.കെ.വൽസലൻ, എ.എം.സുരേഷ്, പി.എ. ജോഷ്വ, എ.വി.ബെന്നി തുടങ്ങിയവർ വിവിധ കേന്ദ്രങ്ങളിൽ പ്രസംഗിച്ചു.

പാലക്കാട് സംയുക്ത ട്രേഡ് യൂണിയന്റെ നേതൃത്വത്തിൽ ചിറ്റൂർ താലൂക്കിൽ മാർച്ച് 31ന് നടന്ന വാഹനപ്രചാരണ ജാഥയിൽ സഖാവ് അബ്ദുൾ അസീസ് പ്രസംഗിച്ചു.

കോഴിക്കോട് സിറ്റിയിൽ പൊതുപണിമുടക്കിന്റെ ഭാഗമായി പ്രകടനവും പൊതുയോഗവും നടന്നു. ടി.ദാസൻ ഉദ്ഘാടനം ചെയ്തു. അഡ്വ.എം.രാജൻ അദ്ധ്യക്ഷത വഹിച്ചു. സി.പി.സുലൈമാൻ, ഇ.സി.സതീശൻ, പി.എം.ശ്രീകുമാർ (എഐയുടിയുസി), സി.ജാഫർ, കമാൽ വരദൂർ, ഇ.ബേബിവാസൻ, പി.കെ.നാസർ എന്നിവർ പ്രസംഗിച്ചു. പണിമുടക്കിന്റെ ഭാഗമായി താലൂക്ക്തല പ്രചാരണ വാഹന ജാഥകൾ നടന്നു. കോഴിക്കോട് താലൂക്ക് ജാഥയിൽ സഖാവ് പി.എം. ശ്രീകുമാർ, വടകര താലൂക്ക് ജാഥയിൽ സഖാവ് എം.കെ. രാജൻ, കൊയിലാണ്ടി താലൂക്ക് ജാഥയിൽ സഖാവ് പി.കെ.മധു എന്നിവർ എഐയുടിയുസിയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

കണ്ണൂർ ജില്ലയിൽ പണിമുടക്ക് പ്രവർത്തനങ്ങളിൽ എഐയുടിയുസി നേതാക്കളായ സഖാക്കൾ എം.കെ.ജയരാജൻ, അനൂപ് എരിമറ്റം, അഡ്വ.പി.സി.വിവേക്, അഡ്വ.സനൂപ് തുടങ്ങിയവർ പങ്കെടുത്തു●

# ഇലക്ട്രിസിറ്റി ജീവനക്കാരുടെ പാർലമെന്റ് മാർച്ച്

നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് എൻജിനീയേഴ്സ്(എൻസിസിഇഇഇ)ന്റെ നേതൃത്വത്തിൽ രാജ്യത്തെ വൈദ്യുതി മേഖലയിലെ തൊഴിലാളികൾ ഏപ്രിൽ 3ന് പാർലമെന്റ് മാർച്ച് നടത്തി. ജനവിരുദ്ധവും തൊഴിലാളി ദ്രോഹകരവുമായ വൈദ്യുതി നിയമ ഭേദഗതി ബിൽ-2014 പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു മാർച്ച്. വൈദ്യുതി രംഗത്തെ ഒൻപത് ദേശീയ ഫെഡറേഷനുകളുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന മാർച്ചിൽ ആയിരക്കണക്കിന് തൊഴിലാളികൾ അണിനിരന്നു. എഐയുടിയുസിയുടെ നേതൃത്വത്തിലുള്ള ആൾ ഇന്ത്യ പവർമെൻസ് ഫെഡറേഷ(എഐപിഎഫ്)ന്റെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പ്രവർത്തകർ മാർച്ചിൽ അണിനിരന്നു. എഐപിഎഫ് ജനറൽ സെക്രട്ടറി സഖാവ് സമർ സിൻഹ, എഐയുടിയുസി അഖിലേന്ത്യ സെക്രട്ടേറിയറ്റ് അംഗം സഖാവ് രമേശ് ശർമ്മ, എഐപിഎഫ് സെക്രട്ടേറയറ്റ് അംഗം സഖാവ് കെ.സോമശേഖർ എന്നിവർ പ്രസംഗിച്ചു. പാർലമെന്റ് മാർച്ചിന് നേതൃത്വം നൽകിയവരിൽ കേരളത്തിൽ നിന്നും എഐപിഎഫ് സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ, അഖിലേന്ത്യ വർക്കിംഗ് കമ്മിറ്റി അംഗങ്ങളായ സഖാക്കൾ എസ്.സീതിലാൽ, കെ.കെ.സുരേന്ദ്രൻ എന്നിവരും കെഎസ്ഇ വർക്കേഴ്സ് യൂണിയൻ നേതാക്കളായ സഖാക്കൾ ബെന്നി ബോണിഫസ്, ടി.ബി.അനിൽകുമാർ, വിജീഷ് കണ്ണൂർ, കെ.എസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ നേതാക്കളായ സഖാക്കൾ കെ.കെ.മോഹനൻ, ആർ.വേണുഗോപാൽ, ജെ.സുരേഷ് എന്നിവരും ഉൾപ്പെടുന്നു●




പാർലമെന്റ് മാർച്ചിനെ എഐപിഎഫ് ജനറൽ സെക്രട്ടറി സഖാവ് സമർ സിൻഹ അഭിസംബോധന ചെയ്യുന്നു



വക്കച്ചൻ പാമ്പാടി ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു

## നെടുങ്കണ്ടത്ത് കർഷക മാർച്ചും ധർണ്ണയും

ജപ്തി-ലേല നടപടികൾ നിർത്തി വയ്ക്കുക, കർഷകരുടെ കടങ്ങൾ എഴുതി തള്ളുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കർഷക പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ നെടുങ്കണ്ടം മലനാട് സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലേക്ക് കർഷക മാർച്ചും ധർണ്ണയും നടത്തി. വിലത്തകർച്ച മൂലം ദുരിതമനുഭവിക്കുന്ന കർഷകരുടെ തുണ്ടുഭൂമികൾ പിടിച്ചെടുക്കുവാനുള്ള ബാങ്കുകളുടെ നീക്കം അനുവദിക്കില്ലെന്ന് ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് ജില്ലാ വൈസ് പ്രസിഡന്റ് വക്കച്ചൻ പാമ്പാടി മുന്നറിയിപ്പ് നൽകി.

കർഷക പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് സണ്ണി ചെറിയാൻ അദ്ധ്യക്ഷത വഹിച്ച സമര പരിപാടിയിൽ സംസ്ഥാന സെക്രട്ടറി എൻ.വിനോദ്കുമാർ, ജില്ലാസെക്രട്ടറി മാത്യു തോമസ്, സംസ്ഥാന രക്ഷാധികാരി സി.എ.ഫെലിക്സ്, എം.ഡി.രാജൻ, തങ്കച്ചൻ തൈക്കാട്, എം.ബി.രാജശേഖരൻ എന്നിവർ പ്രസംഗിച്ചു. സിബി സി.മാത്യു, ശശി ആർ.കുളമാവ്, പി.ജെ.മൈക്കിൾ തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി●

## വൈദ്യുതി ബോർഡ് കരാർ തൊഴിലാളികൾ വൈദ്യുതിഭവൻ മാർച്ച് നടത്തി



കെ.എസ്.ഇ.ബി പി.സി.സി ലൈൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി എസ്.സീതിലാൽ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു

പിഎസ്സി പ്രസിദ്ധീകരിച്ച ലിസ്റ്റിലുള്ള 2505 കരാർ തൊഴിലാളികളേയും ഉടൻ നിയമിക്കുക, പെറ്റി കോൺട്രാക്റ്റ് വർക്കുകൾ ഇല്ലാതാക്കി തൊഴിലാളികളെ പുറത്താക്കുന്നതവസാനിപ്പിക്കുക, പെറ്റി കോൺട്രാക്റ്റ് തൊഴിലാളികൾക്ക് ലൈസൻസ് ഏർപ്പെടുത്താനുള്ള നീക്കം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വൈദ്യൂതി ബോർഡിലെ കരാർ തൊഴിലാളികൾ പട്ടം വൈദ്യൂതി ഭവനിലേയ്ക്ക് മാർച്ച് നടത്തി. കെ.എസ്.ഇ.ബി പി.സി.സി ലൈൻ വർക്കേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ പട്ടം ജംഗ്ഷനിൽ നിന്നും ആരംഭിച്ച മാർച്ചിൽ നൂറ്കണക്കിന് തൊഴിലാളികൾ പങ്കെടുത്തു.

യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി എസ്.സീതിലാൽ മാർച്ച് ഉദ്ഘാടനം ചെയ്തു. കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ഇരട്ടത്താപ്പാണ് കൈകൊള്ളുന്നതെന്ന് അദ്ദേഹം പറഞ്ഞു. മറ്റ് സംസ്ഥാനങ്ങളിൽ കരാർതൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെടുന്നവർ അവർ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ വിരുദ്ധ നിലപാടാണ് സ്വീകരിക്കുന്നത്. പത്താം ക്ലാസ്സ് ജയിച്ചവരെന്നും തോറ്റവരെന്നും വേർതിരിച്ച് തൊഴിലാളികളെ തമ്മിലടിപ്പിക്കാനാണ് സർക്കാരും ബോർഡും ശ്രമിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

സംസ്ഥാന പ്രസിഡന്റ് വി. കെ സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഭാരവാഹികളായ പി.എം ദിനേശൻ, പി.കെ സജി, പി.റ്റി സെയ്തലവി, ഹരികൃഷ്ണൻ, ജെ.സുരേഷ് എന്നിവർ പ്രസംഗിച്ചു. ആർ. വേണുഗോപാൽ, ബി.വിനോദ്, അബ്ദുൽഖാദർ, കെ.കെ മോഹനൻ, റ്റി.ജെ സജിമോൻ, മാത്യൂക്കൂട്ടി മാത്യൂ, മൈക്കിൾ സാമി, പി.റ്റി ശശി, യു.എം ബിനു, രാധാകൃഷ്ണൻ ചേടിച്ചേരി, എസ്.അനിൽപ്രസാദ് തുടങ്ങിയവർ നേതൃത്വം നൽകി●

## പണിമുടക്ക് പ്രഖ്യാപനം സംബന്ധിച്ച് ട്രേഡ് യൂണിയൻ സംയുക്ത സമിതിക്ക് എഐയുടിയുസി സംസ്ഥാന സെക്രട്ടറി നൽകുന്ന കത്ത്

To,

1. സഖാവ് എളമരം കരീം (പ്രസിഡണ്ട്, സംസ്ഥാന സംയുക്ത ട്രേഡ് യൂണിയൻ സമിതി)
2. സഖാവ് കെ.പി.രാജേന്ദ്രൻ (കൺവീനർ)
3. ശ്രീ. ആർ.ചന്ദ്രശേഖരൻ (സെക്രട്ടറി)

പ്രിയ സഖാവേ/സുഹൃത്തേ,

സ്ഥിരം തൊഴിൽ സമ്പ്രദായം തന്നെ ഇല്ലായ്മ ചെയ്യുന്ന വിധത്തിലുള്ള ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡേഴ്സ്) ആക്ട് 1946ന് ഭേദഗതി വരുത്തിക്കൊണ്ടുള്ള കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഏപ്രിൽ 2ന് സംസ്ഥാനത്ത് പൊതുപണിമുടക്ക് നടത്താൻ സംയുക്ത ട്രേഡ് യൂണിയൻ സംസ്ഥാന സമിതി ആഹ്വാനം ചെയ്തതായി മാർച്ച് 23ന്റെ പത്രങ്ങളിൽ നിന്നുമാണ് അറിയാൻ കഴിഞ്ഞത്. സിഐറ്റിയു അഖിലേന്ത്യാ ജനറൽ കൗൺസിൽ മീറ്റിംഗിന്റെ ഭാഗമായി കോഴിക്കോട്ട് നടന്ന ട്രേഡ് യൂണിയൻ സമ്മേളനത്തിൽ പങ്കെടുത്ത അഞ്ച് ട്രേഡ് യൂണിയനുകൾ ചേർന്നാണ് ഈ പ്രഖ്യാപനം നടത്തിയതെന്ന് മാധ്യമങ്ങൾ മുഖേന മനസ്സിലായി.

പൊതു പണിമുടക്ക് പോലുള്ള സമരങ്ങൾ നടത്തി പ്രതിഷേധിക്കേണ്ടതായ കടുത്ത തൊഴിലാളി വിരുദ്ധ -ജനവിരുദ്ധ നടപടിയാണ് കേന്ദ്ര സർക്കാറിൽ നിന്നും ഉണ്ടായിട്ടുള്ളത് എന്ന കാര്യത്തിൽ ആർക്കും തന്നെ സംശയമില്ല. എല്ലാ ജനാധിപത്യ മൂല്യങ്ങളെയും ട്രേഡ് യൂണിയൻ നടപടിക്രമങ്ങളെയും കീഴ്വഴക്കങ്ങളെയും കാറ്റിൽ പറത്തി ഏകപക്ഷീയവും ഏകാധിപത്യപരവുമായ രീതിയിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഈ വിജ്ഞാപനത്തെ ശക്തമായ, യോജിച്ച തൊഴിലാളി പ്രക്ഷോഭണങ്ങൾ കൊണ്ട് ചെറുത്ത് പരാജയപ്പെടുത്തുകതന്നെ വേണം.

എന്നാൽ, സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ പേരിൽ താങ്കൾ നടത്തിയ പണിമുടക്ക് പ്രഖ്യാപന രീതി പലേ കാരണങ്ങളാൽ പണിമുടക്കിന്റെ ലക്ഷ്യത്തെ തന്നെ ദുർബലപ്പെടുത്തുന്നതായിപ്പോയി.

ഒന്നാമതായി, ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിംഗ് ഓർഡേഴ്സ്) ആക്ട് 1946 ചട്ടങ്ങളിൽ കേന്ദ്ര സർക്കാർ വിനാശകരമായ ഭേദഗതി കൊണ്ടുവരുന്ന പ്രശ്നം കേന്ദ്ര ട്രേഡ് യൂണിയനുകളുടെ അഖിലേന്ത്യാ സമിതിയുടെ മുമ്പാകെയുള്ളതാണ്. കേന്ദ്ര ട്രേഡ് യൂണിയനുകളുമായി ആലോചിക്കാതെ വസ്ത്രനിർമ്മാണ മേഖലയിൽ നിശ്ചിതകാല തൊഴിലിന് അംഗീകാരം നൽകിക്കൊണ്ട് 2018 ജനുവരി 8ന് കേന്ദ്ര തൊഴിൽ മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനത്തിലും, കേന്ദ്രബഡ്ജറ്റിൽ ധനകാര്യമന്ത്രി നടത്തിയ പ്രഖ്യാപനത്തിലും പ്രതിഷേധിച്ചു കൊണ്ട്, 15.2.2018ന് കേന്ദ്ര തൊഴിൽ മന്ത്രാലയം വിളിച്ചു ചേർത്ത ത്രികക്ഷി യോഗത്തിൽ നിന്നും കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികൾ ഇറങ്ങിപ്പോന്നതും സംയുക്തമായി പ്രതിഷേധ കുറിപ്പ് നൽകിയിട്ടുള്ളതും താങ്കൾക്കറിയാവുന്നതാണല്ലോ? സ്വാഭാവികമായും, മാർച്ച് 16ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തെ തുടർന്ന് അഖിലേന്ത്യാ തലത്തിൽതന്നെ പ്രതിഷേധ സമര പരിപാടികൾ കേന്ദ്ര സംയുക്ത ട്രേഡ് യൂണിയൻ നേതൃത്വം കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. ഇതുപോലുള്ള മുൻ സന്ദർഭങ്ങളിലെല്ലാം അങ്ങിനെ ഉണ്ടായിട്ടുണ്ട്. അഖിലേന്ത്യാ സംയുക്ത ട്രേഡ് യൂണിയൻ നേതൃത്വം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ഇത്തരമൊരു ദേശീയ പ്രശ്നത്തിൽ സംസ്ഥാനത്തു മാത്രമായി പൊതുപണിമുടക്ക് പ്രഖ്യാപിച്ചതിൽ ഒരു ഔചിത്യക്കുറവുണ്ട്. ഈ പ്രശ്നത്തിൽ ഏപ്രിൽ 2നു ശേഷം അഖിലേന്ത്യാ പണിമുടക്ക് പ്രഖ്യാപിക്കപ്പെടുകയാണെങ്കിൽ അതിൽനിന്നും കേരളം വിട്ടുനിൽക്കേണ്ടി വരുമല്ലോ. അത് ദേശീയ പ്രക്ഷോഭത്തിന്റെ ശക്തി കുറയ്ക്കുകയും ചെയ്യും.

രണ്ടാമതായി, സംയുക്ത ട്രേഡ് യൂണിയൻ സംസ്ഥാന സമിതി വിളിച്ചുചേർക്കുകയോ അതിലെ ഘടക യൂണിയനുകളുമായി ഒരു പര്യാലോചന നടത്തുകയോ ചെയ്യാതെ, ഏതാനും യൂണിയനുകൾ മാത്രം ചേർന്ന്, ഒരു യൂണിയന്റെ സമ്മേളന വേദിയിൽവച്ച് നടത്തിയ പണിമുടക്ക് പ്രഖ്യാപനം, ജനാധിപത്യപരമായ നടപടി ക്രമങ്ങൾക്കും സമ്പ്രദായങ്ങൾക്കും യോജിച്ചതല്ല.

മൂന്നാമതായി, എല്ലാ വിഭാഗം തൊഴിലാളികൾക്കും, പ്രത്യേകിച്ച് സംഘടിത-വ്യവസായ മേഖലാ തൊഴിലാളികൾക്ക്, ആശങ്കയില്ലാതെ പണിമുടക്കിൽ പങ്കെടുക്കുവാൻ അവസരമുണ്ടാക്കുംവിധമല്ല പണിമുടക്കു തീയ്യതിയുടെ പ്രഖ്യാപനം. വിജ്ഞാപനം ഏറ്റവും കൂടുതൽ ബാധിക്കുന്ന സംഘടിത വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നിയമാനുസൃതം 14 ദിവസം മുമ്പേ പണിമുടക്ക് നോട്ടീസ് നൽകി പണിമുടക്കിൽ പങ്കെടുത്ത് കേന്ദ്രസർക്കാരിന്റെ നീചമായ നടപടിക്കെതിരെ പ്രതിഷേധിക്കാനുള്ള അവസരം ഫലത്തിൽ നിഷേധിച്ചിരിക്കുകയാണ്. കഴിഞ്ഞ പണിമുടക്കുകളിലെല്ലാം ആവേശപൂർവ്വം പങ്കെടുത്ത തൊഴിലാളി വിഭാഗങ്ങളെ ഇത് നിരാശപ്പെടുത്തുകയും ആശങ്കപ്പെടുത്തുകയും ചെയ്യും. ഇത്, പൊതുപണിമുടക്കിന്റെ വിജയത്തെ തന്നെ ബാധിക്കുമെന്ന് മാത്രമല്ല, ഭാവിയിലെ സമരങ്ങൾക്ക് തിരിച്ചടിയാകുകയും ചെയ്യും.

പണിമുടക്ക് പ്രഖ്യാപനത്തിൽ മറ്റ് പല യൂണിയനുകളെപ്പോലെതന്നെ ഞങ്ങളുടെ യൂണിയനും ഇല്ലായിരുന്നുവെങ്കിലും, പണിമുടക്ക് വിജയിപ്പിക്കാനുള്ള എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങളുടെ യൂണിയൻ സജീവമായി പങ്കെടുക്കുന്നുണ്ട്. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തും, തൊഴിലാളി ഐക്യം കാത്തുപുലർത്തേണ്ടതിന്റെ അടിയന്തര ആവശ്യകത പരിഗണിച്ചുമാണ് ഇങ്ങനെയൊരു കത്ത് എഴുതുന്നത്. ഇപ്പോൾ സംഭവിച്ച തരത്തിലുള്ള പോരായ്മകൾ പരിഹരിക്കണമെന്ന ഉദ്ദേശ്യത്തോടെയുള്ള ഈ കുറിപ്പ് പരിഗണിക്കുമെന്ന് വിശ്വസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,
വി.കെ.സദാനന്ദൻ,
സംസ്ഥാന സെക്രട്ടറി,
എഐയുറ്റിയുസി
27.3.2018
തിരുവനന്തപുരം

# പിണറായി സർക്കാരിന്റെ വിനാശകരമായ മദ്യനയം

**പിണറായി സർക്കാർ ജനങ്ങളെയല്ല മദ്യമുതലാളിമാരെയാണ് പ്രതിനിധീകരിക്കുന്നത് എന്ന് ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുന്നു. ദേശീയ-സംസ്ഥാന പാതകൾ കടന്നുപോകുന്ന പഞ്ചായത്തുകളുടെ പദവി നിർണ്ണയിച്ച് മദ്യഷാപ്പുകൾ തുറക്കാൻ സംസ്ഥാനങ്ങൾക്ക് തീരുമാനമെടുക്കാം എന്ന കോടതിവിധിയുടെ മറപിടിച്ച് സംസ്ഥാനത്ത് ബാറുകളും ഷാപ്പുകളും തുറക്കാൻ അവസരം ഒരുക്കുകയാണിവർ. പതിനായിരത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരപ്രദേശമായി കണക്കാക്കാം എന്ന് സർക്കാർ ഉത്തരവിറക്കിയിരിക്കുന്നു. പുതിയ കോടതിവിധിയെത്തുടർന്ന് 10 ബാറുകളും 400 കള്ളുഷാപ്പുകളും 150 ബിയർ വൈൻ പാർലറുകളും ഉടനെ തുറക്കും.**

യുഡിഎഫ് സർക്കാരിന്റെ കാലത്ത് രണ്ട് കോടതിവിധികളെത്തുടർന്ന് 712 ബാറുകൾ അടച്ചുപൂട്ടപ്പെട്ടു. സംസ്ഥാനത്തെ ബാറുകളിൽ നിലവാരം ഇല്ലാത്തവയെന്ന് സിഎജി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ബാറുകൾക്കെതിരെ നടപടി എടുക്കണമെന്ന സുപ്രീംകോടതി വിധിയെത്തുടർന്ന് 418 എണ്ണം അടച്ചുപൂട്ടി. ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ അടച്ചുപൂട്ടുവാൻ സുപ്രീംകോടതി ഉത്തരവിട്ടനെത്തുർന്ന് 179 ബിവറേജസ് ഔട്ലെറ്റുകളും 1092 കള്ളുഷാപ്പുകളും 532 ബിയർ വൈൻ പാർലറുകളും 137 വിൽപ്പന കേന്ദ്രങ്ങളും പൂട്ടി. കൂടാതെ 18 ക്ലബ്ബുകളിലെയും 9 മിലിട്ടറി കാന്റീനുകളിലെയും 8 ബാർ ഹോട്ടലുകളിലെയും ബാറുകളും ഒരു ബിയർ വൈൻ ഔട്ട്ലെറ്റും ഈ ഉത്തരവിനെത്തുർന്ന് പൂട്ടി.

സംസ്ഥാനത്ത് ഒരു ബാറും പുതിയതായി ആരംഭിക്കുന്നില്ല എന്നാണ് എക്സൈസ് മന്ത്രിയും സിപിഐ(എം) നേതാക്കൻമാരും വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത്. മറിച്ചുള്ളതെല്ലാം വ്യാജപ്രചാരണമാണത്രേ. ഇത് അവരുടെ പതിവ് സമ്പ്രദായവും തന്ത്രവുമാണ്. കേരളത്തിൽ ബാറുകൾ അടച്ചുപൂട്ടിയപ്പോൾ നിരോധനം ശരിയാവില്ല എന്നു പറഞ്ഞുകൊണ്ട് വിഷയം മാറ്റി ചർച്ചചെയ്യാൻ ശ്രമിച്ച് പരാജയപ്പെട്ട അതേ തന്ത്രം. സിപിഐ(എം) അണികൾക്ക് പ്രസ്തുത വാദഗതി മതിയാകുമായിരിക്കും. എന്നാൽ കേരളത്തിലെ ജനങ്ങൾക്ക് അതിന്റെ പൊരുൾ മനസ്സിലാകും. യുഡിഎഫ് സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയിരുന്ന നൂറുകണക്കിന് മദ്യശാലകൾ തുറക്കുന്നതിനെക്കുറിച്ചാണ് ജനങ്ങൾ ചർച്ച ചെയ്യുന്നത് എന്ന് അവർക്ക് അറിയാത്തതല്ലല്ലോ.

**ഇടതുമുന്നണി മദ്യമുതലാളിമാരോടൊപ്പം**

എൽഡിഎഫ് സർക്കാർ അധികാരത്തിൽവന്ന് ആദ്യവർഷംതന്നെ 260 ബാറുകൾ തുറന്നു. ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകും, സ്റ്റാർ പദവിയുള്ള ഹോട്ടലുകളിൽ കള്ള് വിതരണം ചെയ്യാം, ഔട്ലെറ്റകളുടെ എണ്ണം കുറയ്ക്കില്ല, വിരുന്നു സൽക്കാരങ്ങളിൽ മദ്യം വിളമ്പാം, വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചുകളിലും ആഭ്യന്തര ലോഞ്ചുകളിലും മദ്യം ലഭ്യമാക്കും എന്നൊക്കെ പ്രഖ്യാപിച്ചു. വർഷാവർഷം ഔട്ലെറ്റുകളുടെ എണ്ണം പത്തുശതമാനംവച്ച് കുറച്ചുകൊണ്ടുവന്നിരുന്ന യുഡിഎഫ് നടപടി വേണ്ടെന്നുവച്ചു. ഈ വകുപ്പിൽ സംസ്ഥാനത്ത് 150 ബാറുകളും ഏതാണ്ട് 585 ബിയർ വൈൻ പാർലറുകളും തുറന്നു. മദ്യശാലകൾ സ്ഥാപിക്കാൻ തദ്ദേശ സ്ഥാപനങ്ങളുടെ എതിർപ്പില്ലാ രേഖ(എൻ.ഒ.സി) വേണം എന്ന വ്യവസ്ഥയും റദ്ദാക്കി. ഇത്രയും ഉദാരമായാണ് ഇടതുമുന്നണി ഭരണം തുടങ്ങിയത്.



ചെറായിയിൽ ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച മദ്യവിരുദ്ധ ജനകീയ സംഗമം മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. വിൻസെന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്യുന്നു

എന്നുമാത്രമല്ല, ബാറുകളുടെയും ബിവറേജസിന്റെയും എണ്ണം കുറച്ചതുകൊണ്ട് മദ്യഉപഭോഗം കുറഞ്ഞിട്ടില്ല എന്നും മദ്യലഭ്യത കുറഞ്ഞെങ്കിലും ലഹരിയുടെ ഉപയോഗം വർദ്ധിച്ചു എന്നുമുള്ള ഒരു കണ്ടെത്തൽ സിപിഐ(എം) നടത്തുകയും മുഖ്യമന്ത്രി പത്രസമ്മേളനം വിളിച്ചുകൂട്ടി ഇക്കാര്യങ്ങൾ പ്രസ്താവിക്കുകയും ചെയ്തു. വിചിത്രമായ മറ്റൊരു കാര്യം കൂടി പറഞ്ഞു, മദ്യത്തിന്റെ കാര്യത്തിൽ വർജ്ജനവും ലഹരിയുടെ കാര്യത്തിൽ നിരോധനവുമാണത്രേ സർക്കാരിന്റെ ലക്ഷ്യം.

അധികാരത്തിൽവന്നപ്പോൾ മുതൽ വക്കീലും മദ്യമുതലാളിമാരും ഡൽഹിയിൽ തമ്പടിച്ചാണ് കാര്യങ്ങൾ നീക്കിക്കൊണ്ടിരുന്നത്. ദേശീയ പാതകളുടെ പേര് മാറ്റാനുള്ള നീക്കം ജനങ്ങളുടെ ചെറുത്തുനിൽപ്പിനെത്തുടർന്ന് ഉപേക്ഷിച്ചു. പിന്നെ കള്ള് മദ്യമാണോ എന്ന കാര്യത്തിലായി സംശയം. അങ്ങനെ സംശയം വരാനുള്ള പ്രധാന കാരണം ആയിരത്തിനുമേലെയാണ് അടച്ചുപൂട്ടപ്പെട്ട പ്രസ്തുത സ്ഥാപനങ്ങളുടെ എണ്ണം എന്നതാണ്. എന്തായാലും അവസാനം സുപ്രീംകോടതിയിൽ സമ്മർദ്ദം ചെലുത്തി ദേശീയ-സംസ്ഥാനപാതകൾ കടന്നുപോകുന്ന പഞ്ചായത്തുകളുടെ പദവി നിർണ്ണയിച്ച് മദ്യഷാപ്പുകൾ തുറക്കാൻ സംസ്ഥാനങ്ങൾക്ക് തീരുമാനമെടുക്കാം എന്ന ഒരു വിധി നേടിയെടുത്തു. അതിന്റെ ചുവടുപിടിച്ച് ചൂടാറാതെതന്നെ പതിനായിരത്തിലധികം ജനസംഖ്യയുള്ള എല്ലാ പഞ്ചായത്തുകളെയും നഗരപ്രദേശമായി കണക്കാക്കാം എന്ന് വ്യക്തമാക്കിക്കൊണ്ട് സംസ്ഥാനസർക്കാർ ഉത്തരവിറക്കി. ആനുകൂല്യം കള്ളുഷാപ്പുകൾക്കും ബാധകമാണ് എന്നതും ഉറപ്പാക്കി. 400 കള്ളുഷാപ്പുകളും 10 ബാറുകളും 150 ബിയർ-വൈൻ പാർലറുകളും ഉടൻ തുറക്കാം. സുപ്രീം കോടതി വിധി നടപ്പിലാക്കുകയേ തങ്ങൾ ചെയ്യുന്നുള്ളൂ എന്ന് നിഷ്കളങ്കത നടിക്കുന്നു സർക്കാർ.




വിനാശകരമായ മദ്യനയത്തിനെതിരെ എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ് സംയുക്തമായി സെക്രട്ടേറിയറ്റിനുമുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണയിൽ സഖാവ് മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു

മദ്യത്തിനും മദ്യമുതലാളിമാർക്കുംവേണ്ടിയുള്ള നിലപാടുകൾ ഇടതുമുന്നണി ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. 1960കളിൽ മലബാർ മേഖലയിൽ മദ്യനിരോധിത മേഖലയായിരുന്നു. 1967ൽ അധികാരത്തിലേറിയ ഇഎംഎസ് സർക്കാർ മദ്യനിരോധനം എടുത്തുകളഞ്ഞു. തെക്കൻ കേരളത്തിൽനിന്നടക്കം മദ്യമുതലാളിമാർ വടക്കൻ കേരളത്തിലെത്തി ഷാപ്പുകൾ ആരംഭിച്ചെങ്കിലും ഷാപ്പുകളിൽ കുടിക്കാനാളില്ലായിരുന്നത്രേ. പൊതു ഖജനാവിൽനിന്ന് പണമെടുത്ത് മുതലാളിമാരുടെ നഷ്ടം നികത്തി ഇഎംഎസ് സർക്കാർ.

**തൊഴിലാളികളുടെ പുനരധിവാസം**

ചാരായ നിരോധനകാലം മുതൽ പറയുന്നതാണ് തൊഴിലാളികളുടെ തൊഴിൽ നഷ്ടത്തെക്കുറിച്ച്. അവരുടെ പുനരധിവാസമാണ് ഇപ്പോഴും മുഖ്യമന്ത്രി പിണറായി വിജയന്റെയും എക്സൈസ് മന്ത്രി ടി പി രാമകൃഷ്ണന്റെയും മറ്റ് ഇടതുമുന്നണിനേതാക്കന്മാരുടെയും കൈവശമുള്ള തുറുപ്പുചീട്ട്. 96 ൽ ചാരായം നിരോധിച്ചതിനെത്തുടർന്ന് 25000 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്നത് ഔദ്യോഗിക കണക്ക്. സംഭവം ശരിതന്നെ. മറ്റുപായങ്ങളില്ലാത്തതുകൊണ്ട് ചാരായം വിറ്റ് ഉപജീവനം കഴിക്കേണ്ടിവന്നവരാണ് ആ തൊഴിലാളികൾ. എംകോം ബിരുദധാരികൾ വരെ തൊഴിലാളികളിലുണ്ട് എന്ന് കേരളത്തോട് അന്നു പറഞ്ഞത് സിഐടിയു സെക്രട്ടറിയാണ്. എംകോം ബിരുദധാരികൾപോലും ചാരായ ഷാപ്പുകളിൽ ജോലി ചെയ്യേണ്ടിവരുന്നസാഹചര്യം ഉണ്ടായത് എങ്ങനെയാണ്. എന്തുകൊണ്ട് അവരുടെ വിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ച് തൊഴിൽ നൽകാൻ സർക്കാരുകൾക്ക് സാധിക്കുന്നില്ല. അതിൽ സിപിഐ(എം) നേതാക്കൾക്ക് യാതൊരു ബുദ്ധിമുട്ടും ഇല്ല. ബാറുകളും ഷാപ്പുകളും അടച്ചുപൂട്ടപ്പെട്ടപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവരെയും ബാറിലോ ഷാപ്പിലോ അല്ലാതെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തയുമില്ല.

എന്തൊക്കത്തന്നെയായാലും തൊഴിലാളികളോ തൊഴിലോ പരിഗണനാവിഷയമല്ല എന്നത് കഴിഞ്ഞ ദിവസങ്ങളിൽ വന്ന വാർത്തകൾ തെളിയിക്കുന്നു. ബിവറേജസ് കോർപ്പറേഷനിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകളിലെ 25 ശതമാനം 96ലെ ചാരായ നിരോധനത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നൽകണം എന്ന് 2015ൽ കേരള ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഇതിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാരും കോർപ്പറേഷനും സുപ്രീം കോടതിയെ ബോധിപ്പിച്ചത് കോർപ്പറേഷനിൽ ഒഴിവില്ല എന്നാണ്. ഇപ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് കോർപ്പറേഷൻ സംസ്ഥാന സർക്കാരിനെ സമീപിച്ചിരിക്കുകയാണ്. ഈ താൽക്കാലിക നിയമനം ചാരായ തൊഴിലാളികൾക്ക് നൽകണം എന്നാണ് കോടതി പറഞ്ഞത്. അപ്പോൾ തൊഴിലാളികളും തൊഴിലും ഒരു മറ മാത്രമാണ്.

അധികാരത്തിലായിരിക്കുമ്പോഴും പ്രതിപക്ഷത്തായിരിക്കുമ്പോഴും ഇടതുനേതാക്കന്മാരുടെ ചിന്തയിൽ സദാ മദ്യവ്യവസായവും ആ മേഖലയിലെ പ്രശ്നങ്ങളും ഉണ്ട്. എന്നാൽ അതേ ജാഗ്രതയിൽ മറ്റ് മേഖലകളെക്കുറിച്ചുള്ള പരിചന്തനങ്ങളോ പ്രവൃത്തികളോ കാണാത്തത് എന്തുകൊണ്ടാണ്. 2002വരെ കേരളത്തിൽ പൂട്ടപ്പെട്ട ചെറുകിട വ്യവസായ സംരംഭങ്ങൾ 11763 എണ്ണമാണ്(തേർഡ് ആൾ ഇന്ത്യ സെൻസസ് ഓഫ് എസ്എസ്ഐ, സ്റ്റേറ്റ് ലെവൽ റിപ്പോർട്ട് ഓഫ് കേരള, 2002). ശേഷമുള്ള 15 വർഷങ്ങൾകൊണ്ട് പൂട്ടപ്പെട്ടത് ഇതിന്റെ എത്രയോ മടങ്ങ് സ്ഥാപനങ്ങളായിരിക്കും. പുറത്താക്കപ്പെട്ട തൊഴിലാളികൾ എത്രയോ ലക്ഷമാണ്. പൂട്ടപ്പെട്ട സർക്കാർ വിദ്യാലയങ്ങൾ എത്രയാണ്. അകത്തോ പുറത്തോ എന്നറിയാതെ നിൽക്കുന്ന അധ്യാപകരെത്രയാണ്. 96നുശേഷം എംജിപി പദ്ധതിയിലൂടെ തൊഴിൽ നഷ്ടമായ അഭ്യസ്തവിദ്യർ എത്രയോ ആയിരങ്ങളാണ്. അതൊന്നും എന്താണ് നേതാക്കൻമാർക്ക് ചർച്ചാവിഷയമോ ചിന്താവിഷയമോ ആകാത്തത്.

**മദ്യവർജ്ജനം ഒരു നയമല്ല**

പ്രായോഗിക സമീപനങ്ങളിലൂടെ ജനങ്ങളെ ബോധവത്ക്കരിച്ച് പടിപടിയായി മദ്യവർജനത്തിലേയ്ക്ക് നയിക്കുക എന്നതാണ് എൽഡിഎഫിന്റെ നയം എന്ന് മാർച്ച് 23ന് കേരളകൗമുദിയിൽ എഴുതിയ ലേഖനത്തിൽ മന്ത്രി ടിപി രാമകൃഷ്ണൻ അവകാശപ്പെടുന്നു. സിപിഐ(എം)ന്റെ സ്ഥിരം വാദം. മദ്യശാലകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ലഭ്യത സുഗമമാക്കുകയും ചെയ്തിട്ട് വർജ്ജനത്തെക്കുറിച്ച് പറയുന്നതിൽ എന്ത് അർത്ഥമാണ് ഉള്ളത്? തന്നെയുമല്ല വർജ്ജനം എങ്ങനെയാണ് ഒരു സർക്കാരിന് സ്വന്തം നയമായി പ്രഖ്യാപിക്കാനാകുക. വർജ്ജനം ഓരോ വ്യക്തിയും സ്വീകരിക്കേണ്ട നിലപാടാണ്. ഡീ അഡിക്ഷൻ സെന്ററുകൾ സമാന്തരമായി തുടങ്ങുന്നു എന്നതാണ് മറ്റൊരു പ്രഖ്യാപനം. ഡീ അഡിക്ഷൻ സെന്ററുകളിൽ മദ്യം നിർബന്ധപൂർവ്വം നിരോധിച്ചാണ് ചികിത്സ, അല്ലാതെ മദ്യം ലഭ്യമാക്കിക്കൊണ്ടല്ല.

ബാറുകളും ഷാപ്പുകളും അടച്ചുപൂട്ടപ്പെട്ട യുഡിഎഫ് മദ്യനയത്തിന്റെ കാലത്ത് ആഭ്യന്തരമന്ത്രിയായിരുന്ന രമേശ് ചെന്നിത്തല നിയമസഭയിൽ റിപ്പോർട്ടുചെയ്ത കാര്യങ്ങളിൽ ശ്രദ്ധേയമായ ഒരു പരാമർശം സ്ഥിരം മദ്യപാനികളിൽ 30ശതമാനം കുടി നിർത്താൻ പ്രസ്തുത സാഹചര്യം ഇടവരുത്തി എന്നതാണ്. മദ്യത്തിന്റെ ലഭ്യത മദ്യപാനശീലം വളർത്തുന്നതിൽ നിർണ്ണായകമായ ഘടകമാണ് എന്നത് വീണ്ടും തെളിയിക്കപ്പെടുകയാണ് ഈ റിപ്പോർട്ടിലൂടെ. കുട്ടികളിൽ വളർന്നുവരുന്ന മദ്യപാനശീലം പരിശോധിച്ചാൽ, ലഭ്യതയും, മദ്യത്തിനനുകൂലമായ പ്രചാരണവുമാണ് അവരെ ഈ

*(ശേഷം 11-ാം പേജിൽ)*




ജനവിരുദ്ധ മദ്യനയത്തിനെതിരെ പത്തനംതിട്ട മിനി സിവിൽ സ്റ്റേഷന് മുന്നിൽ നടന്ന പ്രതിഷേധ സംഗമം ഡോ.ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു

# ‘പ്രചോദന’ കുട്ടികളുടെ പ്രസ്ഥാനം സംഘടിപ്പിക്കുന്ന കുട്ടികളുടെ ക്യാമ്പ് 25 വർഷം പിന്നിടുന്നു

‘നാടിൻ ശ്രേഷ്ഠ സന്താനങ്ങളാക നാം’ എന്ന ആദർശവാക്യം മുൻനിർത്തി കുട്ടികളുടെ ഇടയിൽ പ്രവർത്തിച്ചുവരുന്ന സാംസ്കാരിക പ്രസ്ഥാനമായ ‘പ്രചോദന’യുടെ മുൻകൈയിൽ മധ്യവേനലവധിക്കാലത്ത് നടത്തിവരുന്ന സംസ്ഥാനതല ക്യാമ്പ് 25 വർഷം പൂർത്തിയാക്കുകയാണ്. 2018 ഏപ്രിൽ 27,28,29,30 തീയതികളിൽ തിരുവനന്തപുരം നെയ്യാർഡാമിൽ ‘രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസി’ൽ വച്ചാണ് 25-ാമത് ക്യാമ്പ് നടക്കുന്നത്. ക്യാമ്പിന്റെ രജത ജൂബിലിയോടനുബന്ധിച്ച് മുൻകാല ക്യാമ്പംഗങ്ങളുടെ ഒരു ഒത്തുചേരലും ഏപ്രിൽ 29ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടക്കും.

**നാടിൻ ശ്രേഷ്ഠ സന്താനങ്ങളാക നാം**

വരും തലമുറയെ നാടിന്റെ ഉത്തമപുത്രന്മാരും പുത്രിമാരുമാക്കി വാർത്തെടുക്കുക എന്ന ജീവൽപ്രധാനമായ ലക്ഷ്യമാണ് പ്രചോദന മുന്നോട്ടുവയ്ക്കുന്നത്. കുട്ടികൾക്കുവേണ്ടി, അവർക്കിടയിൽ നിരന്തരം പ്രവർത്തിക്കുന്നൊരു സാംസ്കാരിക പ്രസ്ഥാനം വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രചോദന പ്രവർത്തിക്കുന്നത്. പ്രചോദന യൂണിറ്റുകളും ബാലവേദികളും രൂപീകരിച്ചുകൊണ്ട് കുട്ടികളുടെ ഇടയിൽ നിരന്തരമായും സജീവമായും പ്രചോദനയുണ്ട്. ജില്ലാ പ്രാദേശിക ക്യാമ്പുകൾ, വിനോദയാത്രകൾ, പഠനപരിപാടികൾ, സിനിമ പ്രദർശനങ്ങൾ, ടെലസ്കോപ്പിലൂടെയുള്ള വാനനിരീക്ഷണപരിപാടികൾ, ടെലസ്കോപ്പ് നിർമ്മാണം, പരീക്ഷണങ്ങളിലൂടെയുള്ള ശാസ്ത്രപഠനം, സംഗീതം, നാടകം, ചിത്രരചന തുടങ്ങിയവയിലുള്ള നിരന്തര പരിശീലനങ്ങൾ, സംഗീതകൂട്ടായ്മകൾ, കായികപരിശീലനങ്ങൾ തുടങ്ങി കുട്ടികളുടെ വ്യക്തിത്വവികാസത്തെയും സ്വഭാവരൂപവത്ക്കരണത്തെയും സഹായിക്കുന്ന നിരവധി പരിപാടികൾ പ്രചോദന സംഘടിപ്പിച്ചുവരുന്നു. ജില്ലാ, പ്രാദേശിക തലങ്ങളിൽ നടന്നുവരുന്ന സംരംഭങ്ങൾക്ക് പരിസമാപ്തി കുറിച്ചുകൊണ്ടാണ് വാർഷികക്യാമ്പ് സംഘടിപ്പിക്കപ്പെടുന്നത്.

കുട്ടികളുടെ സർവ്വതോമുഖമായ വളർച്ചയ്ക്കും വികാസത്തിനും മാനസികമായ ഉത്ക്കർഷത്തിനും വഴിയൊരുക്കുന്ന ഒരു സാംസ്കാരിക പ്രസ്ഥാനം അനിവാര്യമായിരിക്കുന്ന ഒരു കാലഘട്ടമാണ് ഇന്ന് എന്നതിന് രണ്ടുപക്ഷമില്ലല്ലോ. കുട്ടികളെക്കുറിച്ചുള്ള ആധിയും ആശങ്കയുമാണ് എമ്പാടും ഉയരുന്നത്. കുട്ടികളിലെ സ്വഭാവ ശൈഥില്യം മാതാപിതാക്കളെയും സമൂഹത്തെയും അധ്യാപകരെയും ഏറെ ആശങ്കാകുലരാക്കുന്നു. നിത്യേന നാം കാണുകയും കേൾക്കുകയും ചെയ്യുന്ന പല സംഭവങ്ങളും കുഞ്ഞുമനസ്സുകളിൽനിന്ന് ബാല്യത്തിന്റെ നിഷ്കളങ്കതയും സ്നിഗ്ദ്ധതയും സത്യസന്ധതയും അപ്രത്യക്ഷമാകുന്നുവോ എന്ന സന്ദേഹം ഉളവാക്കുന്നു.

ബാല്യവും കൗമാരവും പിന്നിട്ടിട്ടില്ലാത്ത കുട്ടികളിൽ അക്രമവാസനയും ക്രിമിനൽ മനോഘടനയും വളർന്നുവരുന്നു എന്നും മദ്യപാനികളുടെയും മനോവൈകല്യമുള്ളവരുടെയും എണ്ണം വർദ്ധിക്കുന്നുഎന്നും സൂചിപ്പിക്കുന്ന തരത്തിലുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. നല്ല അഭിരുചികളിലേക്കും ചിന്താധാരകളിലേയ്ക്കും കുട്ടികളെ നയിക്കുക എന്ന ദൗത്യം നിർവ്വഹിക്കുവാൻ സാധിക്കാത്തവിധം അനാരോഗ്യകരമായ പ്രവണതകൾ സാമൂഹ്യ അന്തരീക്ഷത്തെ ബാധിച്ചിരിക്കുന്നു എന്നതിന്റെ സൂചനയായി നാം ഇതിനെ തിരിച്ചറിയേണ്ടതുണ്ട്. മനുഷ്യൻ എന്ന സംജ്ഞയോടോ അതിന്റെ സത്തയോടോ നീതി പുലർത്താൻ തക്കവിധമുള്ള ഗുണഗണങ്ങളും വികാരവിചാരങ്ങളും കുട്ടികളിലേയ്ക്ക് പകർത്തപ്പെടുന്നില്ല. നിഷ്കപടമായ സ്നേഹം, നിസ്വാർത്ഥമായ ബന്ധങ്ങൾ ഇവയെല്ലാം ഇന്ന് കുട്ടികൾക്ക് അന്യമായിക്കൊണ്ടിരിക്കുന്നു.

കുട്ടികളോട് പ്രവർത്തിക്കുന്ന അനീതിയും സർവ്വസീമകളും ലംഘിച്ച് പെരുകുകയാണ്. സമൂഹം അവർക്ക് സുരക്ഷിതമായ ഒരിടമാകുന്നില്ല.

സമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ സാംസ്കാരിക ധാർമ്മിക പ്രതിസന്ധി, വിദ്യാഭ്യാസരംഗത്തെ അപചയം, കുടുംബബന്ധങ്ങളിലെ തകർച്ച, മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും സ്വാധീനവും കുത്തൊഴുക്കും, സിനിമകൾ, ചാനലുകൾ, മൊബൈൽ, ഇന്റർനെറ്റ്, സൈബർ ലോകം തുടങ്ങിയവയിലൂടെ പ്രചരിക്കുന്ന മോശം കാര്യങ്ങളുടെ സ്വാധീനം, കുറ്റകൃത്യങ്ങളടക്കം എല്ലാത്തരം ജീർണ്ണതകളെയും ഫലത്തിൽ പ്രോത്സാഹിപ്പിക്കുന്ന ഭരണാധികാരികൾ, ആഗോളവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നയനടപടികൾ തുടങ്ങിയവയെല്ലാം ഇത്തരമൊരു സ്ഥിതിവിശേഷത്തിന്റെ സൃഷ്ടിയിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്.

കുറ്റകൃത്യങ്ങൾ പെരുകിക്കൊണ്ടേയിരിക്കുന്ന ഒരു സമൂഹത്തിലേയ്ക്കാണ് കുഞ്ഞുങ്ങൾ പിറന്നുവീഴുന്നത് എന്നത് നമുക്ക് അവഗണിച്ചുതള്ളാനാവാത്ത ഒരു യാഥാർത്ഥ്യമാണ്. അധാർമ്മികമായ പ്രവണതകളും അഴിമതിയടക്കം എല്ലാത്തരം ജീർണ്ണതകളും സമൂഹത്തിൽ ആഴത്തിൽ വേരുപടർത്തിയിരിക്കുന്നു. ഈ ജീർണ്ണതകൾ നമ്മുടെ കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം ഭയാനകമാണ്. ഈ ദുസ്ഥിതി പരിഹരിച്ച് മാറ്റത്തിന്റെ പതാകവാഹകരായി കുട്ടികളെ മാറ്റിത്തീർക്കുകയെന്നതാണാവശ്യം.

നാടിൻ ശ്രേഷ്ഠ സന്താനങ്ങളാക നാം എന്ന ആദർശവാക്യം ഉയർത്തിക്കൊണ്ട് പ്രചോദന നടത്തുന്ന പരിശ്രമങ്ങൾ ഈ ഉദ്ദേശ്യത്തോടെയുള്ളവയാണ്. പ്രചോദന ഒരു പ്രതിപ്രവാഹം സൃഷ്ടിക്കാനുദ്യമിക്കുന്നു. ഈ സാംസ്കാരിക തകർച്ചയ്ക്കെതിരെയുള്ള പ്രതിപ്രവാഹം. ഉയർന്ന മൂല്യങ്ങളും മാനവികതയും സ്വാംശീകരിക്കുന്നൊരു പ്രവാഹം.

**സംസ്ഥാനക്യാമ്പ്**

പ്രചോദന മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യങ്ങൾക്ക് അനുപൂരകമായ വിധത്തിലാണ് ക്യാമ്പിന്റെ ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്. കുട്ടികളിൽ, മഹാന്മാരുടെ ജീവിതത്തിൽ പ്രതിഫലിച്ചുകാണുന്ന മഹത്തായ ആദർശങ്ങളോടും മൂല്യങ്ങളോടുമുള്ള ആഭിമുഖ്യം വളർത്തിയെടുക്കുക, മഹത്തായ സാഹിത്യം, സംഗീതം, ചിത്രകല, ശിൽപ്പകല, നാടകം, സിനിമ മുതലായവയോട്, ചുരുക്കത്തിൽ മഹത്തായ കലയോട് ആഭിമുഖ്യം പുലർത്താൻപോന്ന ഉയർന്ന അഭിരുചി വളർത്തിയെടുക്കുക, സ്വാർത്ഥചിന്തയിലധിഷ്ഠിതമായ മത്സരബുദ്ധി വെടിഞ്ഞ് കൂട്ടായ്മയുടെ ശക്തിയും സൗന്ദര്യവും തിരിച്ചറിയാൻ പരിശീലിപ്പിക്കുക, ജാതിയുടെയും മതത്തിന്റെയുംപേരിലുള്ള വിഭാഗീയ ചിന്തകൾക്ക് അടിമകളാകാതിരിക്കാൻ പര്യാപ്തമായ മതേതര-ജനാധിപത്യ മൂല്യസങ്കൽപ്പങ്ങൾ പകർന്നു നൽകുക, കേവലം സാങ്കേതിക ജ്ഞാനമെന്ന നിലയിലല്ലാതെ, ശാസ്ത്രലോകം പ്രതിനിധാനം ചെയ്യുന്ന, യുക്തിയിലും അന്വേഷണത്തിലും ഊന്നിയുള്ള, മുൻവിധികളില്ലാത്ത, ഉത്തുംഗമായ മതേതര നൈതികതയുമായി ബന്ധപ്പെടുത്തി ശാസ്ത്രത്തെ നോക്കിക്കാണാൻ പരിശീലിപ്പിക്കുക, സർഗ്ഗാത്മകശേഷികൾ പ്രകാശിപ്പിക്കാൻ വേദിയൊരുക്കുക, ശരിയായ മാർഗ്ഗനിർദ്ദേശം നൽകി അവയെ വളർത്തിയെടുക്കുക എന്നിവയാണ് ക്യാമ്പിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ.

**ക്ലാസ്സുകൾ**

കുട്ടികളെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ ജൂനിയർ രണ്ടുവിഭാഗങ്ങൾ, സീനിയർ രണ്ടുവിഭാഗങ്ങൾ എന്നിങ്ങനെ തിരിച്ചാണ് ക്യാമ്പിൽ ക്ലാസ്സുകൾ നടത്തുന്നത്. സാമൂഹ്യജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ട മഹദ്‌വ്യക്തിത്വങ്ങളെ ക്ലാസ്സുകളിലൂടെ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നു. ശാസ്ത്രരംഗ

(ശേഷം 12-ാം പേജിൽ)

## മദ്യനയം...

(10-ാം പേജിൽ നിന്ന്)

ശീലത്തിലേയ്ക്ക് നയിക്കുന്നത് എന്നത് കാണണം.

**നോട്ടുനിരോധനം ടൂറിസം മേഖലയിൽ തിരിച്ചടിയുണ്ടാക്കി**

മറ്റൊരു വാദഗതി ടൂറിസം മേഖലയുടെ തകർച്ചയാണ്. കേരളത്തിന്റെ പ്രകൃതിഭംഗിയല്ല സഞ്ചാരികളെ ആകർഷിക്കുന്നത്, മദ്യലഭ്യതയാണ് എന്നാണ് സർക്കാർ ഇതിലൂടെ വരുത്തിത്തീർക്കാൻ ശ്രമിക്കുന്നത്. കേരളത്തിലെത്തുന്ന സഞ്ചാരികൾ മദ്യലഭ്യതയില്ലായ്മയെക്കുറിച്ച് പറയുന്നതിന് മുമ്പ് തീർച്ചയായും പരാതി പറഞ്ഞിട്ടുള്ളത് ശുദ്ധജല ലഭ്യതയില്ലായ്മയെക്കുറിച്ചാണ്. വനിതാ സഞ്ചാരികൾ പരാതി പറഞ്ഞിട്ടുള്ളത് അവർക്കുനേരെ നടക്കുന്ന അതിക്രമങ്ങളെക്കുറിച്ചാണ്. പൊട്ടിപ്പൊളിഞ്ഞ റോഡുകളെക്കുറിച്ചാണ്. ടൂറിസ്റ്റുകളെ പിന്തിരിപ്പിക്കുന്നത് മദ്യമില്ലാത്തതല്ല മറിച്ച് മദ്യപന്മാരുടെയും പിടിച്ചുപറിക്കാരുടെയും ശല്യമാണ്. നോട്ടുനിരോധനത്തെത്തുടർന്ന് സഞ്ചാരികളുടെ എണ്ണത്തിന് കുറവുവന്നതായി ആ സമയത്ത് വന്ന റിപ്പോർട്ടുകൾ സൂചിപ്പിച്ചിരുന്നു. നോട്ടുനിരോധനം എല്ലാമേഖലകളെയും തകർത്തു, അതിന്റെ പ്രത്യാഘാതം ടൂറിസം മേഖലയിലുമുണ്ടായി. ആ നിലയിലുള്ള ഒരു വിശകലനമായിരുന്നു യഥാർത്ഥത്തിൽ സർക്കാരിൽ നിന്നും ഉണ്ടാകേണ്ടിയിരുന്നത്. പകരം അത് മദ്യത്തിന്റെ പട്ടികയിൽ പെടുത്താനുള്ള നീക്കമാണ് സർക്കാർ നടത്തിയത് എന്നതും പിണറായി സർക്കാരിന്റെ തനിനിറം വ്യക്തമാക്കുന്നു.

മദ്യത്തിന്റെ കുത്തൊഴുക്ക് കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ വരുത്തിത്തീർത്തിരിക്കുന്ന ഹാനി നാം ഏറെ ചർച്ച ചെയ്തതാണ്, ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. റോഡപകടങ്ങൾ വർദ്ധിക്കുന്നു, ഗാർഹിക പീഡനങ്ങൾ വർദ്ധിക്കുന്നു, സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നു, കുറ്റകൃത്യങ്ങൾ പെരുകുന്നു, മനോരോഗികളുടെ എണ്ണം വർദ്ധിക്കുന്നു, കരൾ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു... അങ്ങനെ പോകുന്നു വസ്തുതകൾ. മദ്യം കുത്തിയൊഴുക്കാൻ സർക്കാർ ഉയർത്തുന്ന ദുർബ്ബലമായ വാദഗതികൾക്ക് ഈ യാഥാർത്ഥ്യങ്ങളെ മറികടക്കാൻ സാധിക്കില്ല.

**ജനങ്ങൾ മദ്യത്തിനെതിരാണ്**

ജനങ്ങളുടെ പൊതുവികാരം മദ്യത്തിനെതിരാണ് എന്നത് രണ്ടുമുന്നണികൾക്കും നന്നായി അറിയാം. അതുകൊണ്ടുതന്നെ തെരഞ്ഞെടുപ്പ് പത്രികകളിൽ മദ്യവിരുദ്ധത എപ്പോഴും ഇടം പിടിക്കാറുണ്ട്. അധികാരത്തിൽവന്നാൽ തുറക്കുക ബാറല്ല സ്കൂളുകളായിരിക്കും എന്ന പ്രസ്താവന നടത്തി കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ സമയത്ത് നാട്ടുകാരെ ഞെട്ടിച്ചു ഇടതുമുന്നണി. പാർട്ടി പറഞ്ഞാൽ ജനങ്ങൾ ഇത്രയ്ക്കിത്രയ്ക്കേ വിശ്വസിക്കൂ എന്നറിയാവുന്നതുകൊണ്ട് ഇന്നസെന്റ് എംപിയെക്കൊണ്ടും കെപിഎസി ലളിതയെക്കൊണ്ടും പറയിച്ചു.



തിരുവനന്തപുരം പരുത്തിക്കുഴിയിലെ സർക്കാർ മദ്യഷാപ്പിനെതിരെ ബഹുജന മാർച്ചിൽ മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ ജില്ലാ രക്ഷാധികാരി സഖാവ് ആർ. ബിജു അധ്യക്ഷ പ്രസംഗം നടത്തുന്നു

ദൂരപരിധിയെ സംബന്ധിച്ച സുപ്രീംകോടതി വിധിയെത്തുടർന്ന് പൂട്ടപ്പെട്ട 179 ഔട്ട്‌ലെറ്റുകളിൽ 50ൽ താഴെ മാത്രമേ പുന:സ്ഥാപിക്കാൻ കോർപ്പറേഷന് സാധിച്ചുള്ളൂ എന്നത് സത്യം മാത്രമാണ്. കോർപ്പറേഷൻ നേരിട്ട് പോലീസ് സഹായം അഭ്യർത്ഥിച്ചതും പോലീസ് മന്ത്രി കൂടിയായ മുഖ്യമന്ത്രി സഹായസന്നദ്ധനായതും ഏറെ പണ്ടല്ലല്ലോ. അതുകൊണ്ടും കാര്യമുണ്ടായില്ല. ജനസമരത്തിന്റെ ശക്തിക്കുമുന്നിൽ സർക്കാർ പരാജയപ്പെടുകതന്നെ ചെയ്തു. എത്ര ശക്തമാണ് ഇപ്പോഴും ജനങ്ങളുടെ മദ്യവിരുദ്ധവികാരം എന്നതിന്റെ തെളിവാണത്.

ചാരായം നിരോധിക്കാൻ എ.കെ ആന്റണി സർക്കാർ തയ്യാറായത് കേരളത്തിൽ അങ്ങോളം ഇങ്ങോളം ഷാപ്പുകൾക്കുമുന്നിൽ സ്ത്രീകളും കുട്ടികളും ദിവസങ്ങളും മാസങ്ങളും നടത്തിയ സന്ധിയില്ലാ സമരത്തെത്തുടർന്നാണ്. ഇന്നും കേരളത്തിൽ എല്ലാ ജില്ലകളിലും ജനങ്ങൾ ബാറുകൾക്കും ഷാപ്പുകൾക്കും ബിവറേജസ് ഔട്ട്‌ലെറ്റുകൾക്കുംമുന്നിൽ സമരത്തിലാണ്. ചെറായിയിൽ നടക്കുന്ന സമരത്തെ പോലീസിനെയും ഗുണ്ടകളെയും ഉപയോഗിച്ച് നേരിടുകയാണ് സർക്കാർ. മദ്യവിരുദ്ധ സമരത്തിൽ സഖാക്കൾ പങ്കെടുക്കരുത് എന്നാണ് സിപിഐ(എം) നേതാക്കൾ അണികൾക്കു നൽകിയിരിക്കുന്ന നിർദ്ദേശം. ആലപ്പുഴ ജില്ലയിൽ ബിവറേജസ് ഔട്ട്‌ലെറ്റുകൾക്കും ബാറുകൾക്കുമെതിരെ സ്ത്രീകളുടെ മുൻകൈയിൽ സമരങ്ങൾ നടന്നുവരുന്നു. ചെങ്ങന്നൂരിൽ തോട്ടിയാട് നടന്ന സമരം സംസ്ഥാനത്തിന്റെയാകെ ശ്രദ്ധയാകർഷിച്ചതാണ്. കേരളത്തിൽ ഉടനീളം ഇതാണ് സ്ഥിതി. സർക്കാരുകളെക്കൊണ്ട് പൊറുതി മുട്ടിയ ജനങ്ങൾ സ്വയം സംഘടിച്ചുകൊണ്ടിരിക്കുകയാണ്.

പതിനായിരത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ ജനങ്ങൾക്ക് അടിയന്തരപ്രാധാന്യത്തോടെ വേണ്ടത് മദ്യമാണ് എന്ന് മനസ്സിലാക്കുന്ന ഒരു ഗവൺമെന്റ് ഇടതുപക്ഷമല്ല. ഇത്തരം ഒരു ഗവൺമെന്റ് അധികാരത്തിലിരിക്കാനോ ജനാധിപത്യസംവിധാനത്തിന്റെ ഭാഗമാകാനോ യോഗ്യമല്ല. പഞ്ചായത്തുകളിൽ വായനശാലകളില്ലാത്തത് ആരും ശ്രദ്ധിക്കുന്നതുപോലുമില്ല. കുടിവെള്ളമുൾപ്പെടെ ജനങ്ങളുടെ ജീവിതത്തിന് ഏറ്റവും അടിയന്തരമായി വേണ്ടകാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലില്ല എന്നത് അപലപനീയമാണ്.

ഗുരുതരവും ദൂരവ്യാപകവുമായ പ്രത്യാഘാതങ്ങളുണ്ടാക്കാൻപോന്ന ജനവിരുദ്ധ മദ്യനയത്തിൽനിന്നും സർക്കാർ നിരുപാധികം പിൻവാങ്ങണം. മുതലാളിമാരുടെ കീശയും മുഷ്ക്കും എക്കാലവും പിന്തുണയാകില്ല എന്ന യാഥാർത്ഥ്യത്തിനുനേരെ ഇനിയും കണ്ണടയ്ക്കരുത്. ചരിത്രത്തിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളാനുള്ള വിവേകം സർക്കാർ കാണിക്കണം.●

# ലെനിന്റെ പ്രതിമ തകർത്തതിനെതിരെ രാജ്യവ്യാപക പ്രതിഷേധം

ത്രിപുരയിൽ ബിജെപി-സംഘപരിവാർ ശക്തികൾ ലെനിന്റെ പ്രതിമ തകർത്തതിനെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ രാജ്യവ്യാപകമായ പ്രതിഷേധം ഉയർന്നു. ലോക തൊഴിലാളി വർഗ്ഗത്തിന് വിമോചനത്തിന്റെ പാത കാണിച്ചുകൊടുത്ത ഐതിഹാസികമായ റഷ്യൻ വിപ്ലവത്തിന് നേതൃത്വം നൽകിയ മഹാനായ ലെനിൻ ലോകമെമ്പാടുമുള്ള അധ്വാനിച്ച് ജീവിക്കുന്നവർക്കും സ്വാതന്ത്ര്യത്തിനും വിമോചനത്തിനുംവേണ്ടി പൊരുതുന്നവർക്കും നിത്യപ്രചോദനമാണ്. മാനവരാശി സൃഷ്ടിച്ച മഹനീയ ദർശനമായ മാർക്സിസത്തിന് കാലോചിതമായ വികാസം നൽകിയതുവഴി അദ്ദേഹം തൊഴിലാളിവർഗ്ഗത്തിന് അജയ്യമായ ആയുധമാണ് പ്രദാനം ചെയ്തത്. രാജ്യത്ത് നിലനിൽക്കുന്ന ബിജെപി-സംഘപരിവാർ വാഴ്ച തൊഴിലാളികളുടെ അവകാശങ്ങൾ ഒന്നൊന്നായി കവർന്നെടുക്കുകയും ജനാധിപത്യ അന്തരീക്ഷംതന്നെ തകർത്ത് രാജ്യത്തെ ഫാസിസത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്ന സാഹചര്യമാണ് ഇന്നുള്ളത്. മാർക്സിസ്റ്റ് ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫാസിസ്റ്റ് വിരുദ്ധ മുന്നേറ്റങ്ങൾ അതുകൊണ്ടുതന്നെ അനിവാര്യതയായിരിക്കുന്നു. എണ്ണിയാലൊടുങ്ങാത്ത പ്രതിബന്ധങ്ങൾക്കെതിരെ ആശയരംഗത്തും പ്രായോഗിക രംഗത്തും അമാനുഷികമായ പോരാട്ടങ്ങൾ നയിച്ച ലെനിൻ ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന് ദിശാബോധവും ആവേശവും പകരുന്നതിനാലാണ് സംഘപരിവാർ ശക്തികൾ ലെനിന്റെ ഓർമ്മകൾതന്നെ തുടച്ചുനീക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നത്.

കൊല്ലം ടൗണിൽ നടന്ന പ്രതിഷേധ യോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ഷൈല കെ.ജോൺ, ജില്ലാ കമ്മിറ്റി അംഗം സഖാവ് ബി.വിനോദ്, ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജെയിംസ് എന്നിവരും പ്രസംഗിച്ചു. സഖാക്കൾ എസ്.രാഘവൻ, പി.പി.പ്രശാന്ത് കുമാർ, ജി.ധ്രുവകുമാർ, കെ.ശശാങ്കൻ, ബി.രാമചന്ദ്രൻ തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി.

ലെനിന്റെ പ്രതിമ തകർത്തതിൽ പ്രതിഷേധിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ചങ്ങനാശ്ശേരി ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരി ടൗണിൽ പ്രകടനവും പ്രതിഷേധയോഗവും നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം മിനി കെ.ഫിലിപ്പ്, ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് എൻ.കെ.ബിജു, സഖാക്കൾ അരവിന്ദ് വേണുഗോപാൽ, മേധ സുരേന്ദ്രനാഥ് തുടങ്ങിയവർ പ്രസംഗിച്ചു. സഖാക്കൾ പി.സി.മധു, എം.ഷാജി, എം.കെ.ശശി, ആർ.മീനാക്ഷി, ജി.എസ്.ശാലിനി തുടങ്ങിയവർ നേതൃത്വം നൽകി. പാമ്പാടി ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ പാമ്പാടിയിൽ പ്രതിഷേധ പ്രകടനവും യോഗവും നടന്നു. സഖാക്കൾ എ.ജി.അജയകുമാർ, എം.വി.ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

ആലപ്പുഴ ടൗണിൽ നടന്ന പ്രതിഷേധയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറിയറ്റംഗം സഖാവ് എസ്.സീതിലാൽ മുഖ്യപ്രസംഗം നടത്തി. ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ അഡ്വ.എം.എ.ബിന്ദു, ടി.മുരളി, പി.ആർ.സതീശൻ എന്നിവർ പ്രസംഗിച്ചു.

തൃശൂർ ടൗണിൽ നടന്ന പ്രതിഷേധ പ്രകടനവും യോഗവും പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് പി.എസ്.ബാബു ഉദ്ഘാടനം ചെയ്തു. സഖാവ് എം. പ്രദീപൻ അദ്ധ്യക്ഷത വഹിച്ചു. സ.ലെനിന്റെ പ്രതിമ പ്രതീകാത്മകമായി പുനഃസ്ഥാപിച്ചുകൊണ്ടുള്ള നാടകാവിഷ്കാരം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) വോളണ്ടിയർമാർ അവതരിപ്പിച്ചു. സോവിയറ്റ് യൂണിയനെയും മഹാനായ ലെനിനെയും പ്രകീർത്തിച്ചുകൊണ്ട് നമ്മുടെ രാജ്യത്തെ മഹോന്നതരായ വ്യക്തിത്വങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങൾകൂടി അവതരിപ്പിച്ചുകൊണ്ടുള്ളതായിരുന്നു നാടകം.




കോട്ടയത്ത് നടന്ന പ്രതിഷേധ പ്രകടനം

കൊടുങ്ങല്ലൂർ ടൗണിൽ പാർട്ടി ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രകടനവും പൊതുയോഗവും നടന്നു. ജില്ലാ കമ്മിറ്റിയംഗം സഖാവ് സി.കെ.ശിവദാസൻ, ലോക്കൽ കമ്മിറ്റിയംഗം അഡ്വ.സുജ ആന്റണി, സഖാവ് നന്ദഗോപൻ, എന്നിവർ പ്രസംഗിച്ചു. ചാലക്കുടി മേലൂരിൽ നടന്ന യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗം സഖാവ് സി.കെ.ശിവദാസൻ, ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി സഖാവ് സുരേഷ്, സഖാക്കൾ ഷിബു, ധർമ്മജൻ, സുരേഷ് മറ്റത്തൂർ എന്നിവർ പ്രസംഗിച്ചു.

പാലക്കാട് നഗരത്തിൽ നടന്ന പ്രതിഷേധ യോഗത്തിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് അബ്ദുൾ അസീസ് മുഖ്യപ്രസംഗം നടത്തി. സഖാക്കൾ കെ.എം.ബീവി, കെ.രാമനാഥൻ, സി.രാജൻ, കെപ്രസാദ് തുടങ്ങിയവർ പ്രതിഷേധ പ്രകടനത്തിന് നേതൃത്വം നൽകി●

# കുട്ടികളുടെ ക്യാമ്പ്...

(11-ാം പേജിൽ നിന്ന്)

ത്തും ഇതരരംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച സാർവ്വദേശീയ വ്യക്തിത്വങ്ങൾ, ഇന്ത്യയുടെ നവോത്ഥാന പ്രസ്ഥാനത്തിലോ സ്വാതന്ത്ര്യസമരത്തിലോ നിർണ്ണായകമായ പങ്കുവഹിച്ച വ്യക്തിത്വങ്ങൾ എന്നിങ്ങനെ മൂന്നു വ്യക്തിത്വങ്ങളെവീതം ഓരോ ക്യാമ്പിലും പരിചയപ്പെടുത്തുന്നു. ഒപ്പം വിശ്വസാഹിത്യത്തിലെയോ മലയാള സാഹിത്യത്തിലെയോ ഒരു പ്രതിഭയെയും.

ശ്രീബുദ്ധൻ, കാൾ മാർക്സ്, ലെനിൻ, ഗലീലിയോ, ബ്രൂണോ, ചാൾസ് ഡാർവിൻ, ആൽബർട്ട് ഐൻസ്റ്റിൻ, ഐസക് ന്യൂട്ടൺ, ബഞ്ചമിൻ ഫ്രാങ്ക്ലിൻ, മാഡം ക്യൂറി, ജെ.സി.ബോസ്, പി.സി.റേ, ജോവാൻ ഓഫ് ആർക്, എംഗൽസ്, വിദ്യാസാഗർ, ചാർളി ചാപ്ലിൻ, മാഡം കാമ, ഭഗത് സിംഗ്, ഖുദിറാം ബോസ്, ഉദ്ധം സിംഗ്, നേതാജി സുഭാഷ് ചന്ദ്രബോസ്, എബ്രഹാം ലിങ്കൺ, ഹോചിമിൻ തുടങ്ങി നിരവധി മഹാൻമാരെ കഴിഞ്ഞ ക്യാമ്പുകളിലായി കുട്ടികൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. ക്ലാസ്സുകളിലൂടെ ഭാഷ, സാഹിത്യം, ചരിത്രം എന്നിങ്ങനെ വിവിധങ്ങളായ വൈജ്ഞാനിക മണ്ഡലങ്ങളുടെ സാരവും സൗന്ദര്യവും കുട്ടികൾക്ക് പകർന്നുനൽകാൻ ശ്രമിക്കുന്നു. കൂടുതൽ അറിയാനും വായിക്കാനുമുള്ള താല്പര്യമുണർത്താൻ ശ്രമിക്കുന്നു. ജീവൽസ്പർശിയായ ഈ ഓരോ മണ്ഡലങ്ങളെയും പ്രതിബദ്ധതയോടെ ഉപാസിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധം അവരിൽ വളർത്താനും ഉന്നംവയ്ക്കുന്നു.

**സാഹിത്യ പരിചയം**

മഹാന്മാരായ സാഹിത്യകാരൻമാരെ അവരുടെ ഏതെങ്കിലും കൃതികളിലൂടെ പരിചയപ്പെടുത്തുന്നു. ഗോഗോൾ, വിക്ടർ ഹ്യൂഗോ, രവീന്ദ്രനാഥ ടാഗോർ, ഖാസി നസ്റുൾ ഇസ്ലാം, മിഖായേൽ ഷോളോഖോവ്, മാക്സിം ഗോർക്കി, പ്രേംചന്ദ്, എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, കുട്ടികൃഷ്ണമാരാർ, ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് തുടങ്ങി മലയാള സാഹിത്യത്തിലെയും വിശ്വസാഹിത്യത്തിലെയും പ്രതിഭാധനരെ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും വായന കുട്ടികളുടെ ദിനചര്യയുടെ ഭാഗമാക്കിയെടുക്കുവാൻ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**ശിൽപ്പശാലകൾ**

നാടകം, ചിത്രരചന, സംഗീതം എന്നീ വിഷയങ്ങളിലുള്ള ശിൽപ്പശാലകൾ അതത് കലകളിൽ പരിശീലനം നൽകുന്നു. അഭിരുചിയനുസരിച്ച് ഓരോ കുട്ടിയെയും ഇതിൽ ഏതെങ്കിലുമൊരു ശിൽപ്പശാലയിൽ അംഗമാക്കുന്നു.

നാടക ശിൽപ്പശാലയിൽ നാടകരചനയുടെയും അവതരണത്തിന്റെയും സങ്കേതങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകളും പരിശീലനവും നടക്കുന്നു. കാലിക വിഷയങ്ങളെ അടിസ്ഥാനമാക്കി കുട്ടികളുടെ പങ്കാളിത്തത്തോടെ ശിൽപ്പശാലയിൽ തയ്യാറാക്കുകയും പരിശീലിക്കുകയും ചെയ്യുന്ന നാടകം സമാപന ദിവസം അരങ്ങേറുന്നു. കാലിക വിഷയങ്ങളോട് കുട്ടികൾ എങ്ങനെ പ്രതികരിക്കുന്നവെന്നതിന്റെയും ഓരോ സംഭവവും, ദേശീയമോ സാർവ്വദേശീയമോ ആകട്ടെ, കുട്ടികളെ എങ്ങനെ സ്വാധീനിക്കുന്നുവെന്നതിന്റെയും ദൃഷ്ടാന്തമാണ് എപ്പോഴും കുട്ടികൾ തയ്യാറാക്കുന്ന നാടകങ്ങൾ. യുദ്ധവും വികസനത്തിന്റെ പേരിലുള്ള കുടിയൊഴിപ്പിക്കലുകളും കാർഷികപ്രശ്നങ്ങളും സുനാമിയും എല്ലാം നാടകങ്ങൾക്ക് വിഷയമായിട്ടുണ്ട്. ക്യാമ്പിൽ പരിചയപ്പെടുത്തുന്ന മഹദ്‌വ്യക്തിത്വങ്ങളുടെ ജീവിതത്തെ അവലംബമാക്കിയും ശിൽപ്പശാലയിൽ നാടകങ്ങൾ തയ്യാറാക്കാറുണ്ട്.

ചിത്രരചനാ ശിൽപ്പശാലയിൽ വരയുടെയും നിറങ്ങളുടെയും അർത്ഥവും വിവക്ഷകളും സംബന്ധിച്ച പ്രാഥമിക പാഠങ്ങൾ പഠിപ്പിക്കുകയും രചന പരിശീലിപ്പിക്കുകയും ചെയ്യുന്നു. പുറമേ മഹാന്മാരായ ചിത്രകാരൻമാരെയും അവരുടെ സൃഷ്ടികളെയും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. കുട്ടികളുടെ രചനകൾ സമാപന ദിവസം പ്രദർശിപ്പിക്കുന്നു.

സംഗീത ശിൽപ്പശാലയിൽ കുട്ടികളെ ചില സംഘഗാനങ്ങൾ അഭ്യസിപ്പിക്കുന്നു. സ്വാതിതിരുനാൾ, ബീഥോവൻ തുടങ്ങിയ മഹാന്മാരായ സംഗീതജ്ഞരെയും ഇതിനകം കുട്ടികൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. ഓരോ വിഷയത്തിലും കൂടുതൽ അഭിരുചി പ്രദർശിപ്പിക്കുന്നവർക്ക് തുടർന്ന് പ്രോത്സാഹനം നൽകാനും ക്യാമ്പ് സംഘാടകസമിതി ശ്രദ്ധിക്കുന്നു.

**കായിക വിനോദം, കായിക വ്യായാമം**

കുട്ടികളുടെ ശാരീരികക്ഷമതയ്ക്ക് പ്രചോദന ഏറെ പ്രാധാന്യം നൽകുന്നു. ക്യാമ്പിൽ ഓരോ പ്രഭാതവും ആരംഭിക്കുന്നത് വ്യായാമത്തോടെയും കായിക പരിശീലനത്തോടെയുമാണ്. സായാഹ്നത്തിൽ സംഘം ചേർന്നുള്ള കളികൾ ക്യാമ്പിന്റെ അനിവാര്യ ഭാഗമാണ്. ആൺപെൺ ഭേദമെന്യേ കുട്ടികളും വോളണ്ടിയർമാരും അദ്ധ്യാപകരും ഈ കളികളിൽ പങ്കെടുക്കുന്നു.

കരാത്തേ, കുങ്ഫു പോലെയുള്ള ആയോധനകലാ പരിശീലനത്തിനും പ്രചോദന മുൻകൈ എടുക്കുന്നു. ആരോഗ്യകരവും ചിട്ടയാർന്നതുമായ ജീവിത ശൈലി വളർത്തിയെടുക്കുന്നതിനുള്ള നിരന്തരമായ പ്രയത്നങ്ങൾ പ്രചോദനയുടെ മുൻകൈയിൽ സംസ്ഥാനത്തുടനീളം നടന്നുവരുന്നു.

വിനോദയാത്ര ക്യാമ്പിന്റെ ഒഴിച്ചുകൂടാനാവാത്ത ഒരു ഭാഗമാണ്. ക്യാമ്പിന്റെ രണ്ടാം ദിവസം ഉച്ചയ്ക്കുശേഷം വിനോദ യാത്രയ്ക്കായി മാറ്റി വയ്ക്കുന്നു. ക്യാമ്പിനടുത്തുതന്നെയുള്ള പ്രകൃതി രമണീയമോ ചരിത്രപ്രധാനമോ വിജ്ഞാനപ്രദമോ ആയ സ്ഥലങ്ങളാണ് വിനോദ യാത്രക്കായി തെരഞ്ഞെടുക്കുന്നത്.

**വോളണ്ടിയറന്മാർ**

ക്യാമ്പിൽ കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ അഞ്ച് കുട്ടികൾക്ക് ഒരാൾ എന്ന ക്രമത്തിൽ കുട്ടികളുടെ വോളണ്ടിയറന്മാരെ ചുമതലപ്പെടുത്തുന്നു. ക്ലാസ്സുകളും ശില്പശാലകളും ഇതര പ്രവർത്തനങ്ങളും നയിക്കുന്നതും, ഭക്ഷണം തയ്യാറാക്കുന്നതുമെല്ലാം സന്നദ്ധപ്രവർത്തകർ തന്നെയാണ്.

ക്യാമ്പ് നടത്തിപ്പിന് ആവശ്യമായ പണത്തിൽ ഒരു പങ്ക് ജനങ്ങളിൽനിന്ന് സംഭാവനയായി സ്വീകരിക്കുന്നു. മറ്റൊരു പങ്ക് കുട്ടികളിൽ നിന്നും ക്യാമ്പ് ഫീ ആയി സമാഹരിക്കുന്നു.

**ക്യാമ്പ് ഏറ്റെടുത്തിട്ടുള്ള സാമൂഹ്യ ഉത്തരവാദിത്തങ്ങൾ**

ഓരോ ക്യാമ്പും നടക്കുന്ന സന്ദർഭങ്ങളിലെ ഏറ്റവും ശ്രദ്ധേയമായ വിഷയങ്ങളോ സംഭവങ്ങളോ വ്യക്തിത്വങ്ങളോ ക്യാമ്പിൽ ചർച്ചയ്ക്കെടുക്കപ്പെടും. അത് നാടകപരിശീലനക്കളരിയിൽ തയ്യാറാക്കുന്ന നാടകത്തിലൂടെയോ സംഗീതത്തിലൂടെയോ അതുമല്ലെങ്കിൽ ക്യാമ്പിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെടുന്ന പൊതുപരിപാടികളിലൂടെയോ ആകാം.

ഇറാഖിന്റെമേൽ അമേരിക്ക പൈശാചികമായ കടന്നാക്രമണങ്ങൾ ആരംഭിച്ച സമയത്ത് നടന്ന പത്താമത് ക്യാമ്പ് അതിശക്തവും വിശാലവുമായ ഒരു സമാധാന പ്രസ്ഥാനത്തിന്റെ ആവശ്യകത ഉയർത്തിപ്പിടിച്ചുകൊണ്ട് ശംഖുമുഖം കടപ്പുറത്ത് നടത്തിയ യുദ്ധവിരുദ്ധ സംഗമം ഏറെ ജനശ്രദ്ധയും ജനപങ്കാളിത്തവും ആർജിച്ചിരുന്നു. ആലപ്പുഴയിൽ നടന്ന ക്യാമ്പ് ആലപ്പുഴ കടപ്പുറത്ത് ബൃഹത്തായ ലഹരിവിരുദ്ധ സംഗമം സംഘടിപ്പിച്ചു. കോഴിക്കോട് ജില്ലയിൽ ചെമ്പുകടവ് ആദിവാസിമേഖലയിൽ നിരന്തരമായി ക്യാമ്പ് നടത്തിവരുന്നു. ചെങ്ങറ സമരഭൂമിയിലെ കുട്ടികൾക്കായും പ്രചോദന എല്ലാമാസവും ക്യാമ്പും പഠനപരിപാടികളും സ്വീകരിച്ചുവന്നിരുന്നു. ഉപരോധത്തിന്റെ കാലയളവിൽ വൈദ്യസഹായമുൾപ്പെടെ എത്തിച്ചുകൊടുക്കുവാൻ പ്രചോദന മുൻകൈ എടുത്തു. സുനാമി തകർത്തെറിഞ്ഞ ആലപ്പുഴയുടെ പടിഞ്ഞാറൻ തീരത്ത് കുട്ടികളോടൊപ്പം പ്രചോദന സജീവമായി നിലകൊണ്ടു. കോട്ടയം ജില്ലയിലെ വൈക്കത്ത് വെള്ളൂരിൽനടന്ന ക്യാമ്പിൽ സുനാമി മേഖലയിൽനിന്നു മാത്രം നൂറോളം കുട്ടികൾ പങ്കെടുത്തു.

കേരളത്തിലെ തലമുതിർന്ന കലാകാരനും കലാനിരൂപകനുമായിരുന്ന എം.വി.ദേവൻ, പ്രമുഖ വിദ്യാഭ്യാസവിചക്ഷണൻ ഡോ.എൻ.എ.കരീം, ശാസ്ത്രപ്രചാരകൻ കെ.പാപ്പൂട്ടി തുടങ്ങി നിരവധി പ്രമുഖർ വ്യത്യസ്ത ക്യാമ്പുകൾ സന്ദർശിക്കുകയും ആശംസകളറിയിക്കുകയും ചെയ്തിട്ടുണ്ട്. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് കഴിഞ്ഞവർഷം വരെയും മുടങ്ങാതെ ഒരു ക്ലാസ്സ് നടത്തിയിരുന്നു. കുട്ടികൾ സ്നേഹാദരങ്ങളോടെ വല്യപ്പ എന്ന് വിളിക്കുന്ന സ.ലൂക്കോസിന്റെ ക്ലാസ്സുകൾ ഭാഷ, സാഹിത്യം, ചരിത്രം, ശാസ്ത്രം എന്നിങ്ങനെ അറിവിന്റെ വിവിധങ്ങളായ മേഖലകളിലേയ്ക്ക് കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആനയിച്ചിരുന്നു.

കുട്ടികളുടെ ക്യാമ്പിന്റെ രജത ജൂബിലി വർഷത്തിൽ പ്രചോദനയുടെ പ്രവർത്തനങ്ങൾ കാലഘട്ടം ആവശ്യപ്പെടുംവിധം ആഴത്തിലും പരപ്പിലും കൂടുതൽ വിപുലപ്പെടുത്താനുള്ള പ്രയത്നത്തിലാണ് ക്യാമ്പ് സംഘാടകസമിതി. ഏവരുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു●

# ജനകീയ സമരത്തിന്റെ കരുത്ത് തെളിയിച്ച വയനാട് കർഷക സമരം

വയനാട് നൂൽപ്പുഴ പഞ്ചായത്തിലെ വടക്കനാട്, പള്ളിവയൽ, വള്ളുവാടി എന്നീ പ്രദേശങ്ങളടങ്ങുന്ന മൂന്ന് വാർഡുകളിലെ ജനങ്ങൾ പതിനൊന്ന് ദിവസം നീണ്ട ഒരു സമരത്തിലൂടെ ജനകീയ സമരത്തിന്റെ കരുത്ത് തെളിയിച്ചിരിക്കുന്നു. സുൽത്താൻ ബത്തേരി വന്യമൃഗ സങ്കേതത്താൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന ഈ പ്രദേസത്തെ ജനങ്ങൾ വന്യമൃഗ ആക്രമണംകൊണ്ട് അക്ഷരാർത്ഥത്തിൽ പൊറുതി മുട്ടിയിരിക്കുകയാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടുകൊണ്ട് വന്യമൃഗശല്യം പതിന്മടങ്ങ് വർദ്ധിച്ചു. വയനാട്ടിൽ ഏറ്റവും കൂടുതൽ നെല്ല് വിളയിച്ചിരുന്ന ഈ പ്രദേശത്തെ വയലുകൾ വന്യമൃഗശല്യംകൊണ്ട് ഗതികെട്ട കർഷകർ കടുത്ത മാനസികവ്യഥയോടെതന്നെ തരിശിടാൻ തുടങ്ങി. നെല്ല്, വാഴ, തെങ്ങ്, കവുങ്ങ് തുടങ്ങി സർവ്വ വിളയും വന്യമൃഗങ്ങൾ നശിപ്പിക്കുകയാണ്. പതിറ്റാണ്ടുകൾകൊണ്ട് കൃഷിചെയ്ത് ഒരു ജനപഥം സൃഷ്ടിച്ചെടുത്ത കർഷകരും ആദിവാസികളും കാട്ടുമൃഗങ്ങളുടെ ആക്രമണത്തിനുമുന്നിൽ നിസ്സഹായരും ആലംബഹീനരുമായി. വിളവുകൾ മാത്രമല്ല, വളർത്തുമൃഗങ്ങളും വീടുകളും വന്യമൃഗ ആക്രമണത്തിന് ഇരയാണ്. അനേകം മനുഷ്യജീവനാണ് ഇതിനകം വന്യമൃഗ ആക്രമണങ്ങളാൽ പൊലിഞ്ഞത്. വനംവകുപ്പിന്റെ കണക്കുകൾ പ്രകാരം 40പേരാണ് കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ജില്ലയിൽ മാത്രം കൊല്ലപ്പെട്ടത്.

വന്യമൃഗശല്യത്തിന് പരിഹാരം ആവശ്യപ്പെട്ടുകൊണ്ടും നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടും ധാരാളം സമരങ്ങൾ ഇതിനകം നടന്നിട്ടുണ്ട്. ഏതാനും ഭാഗങ്ങളിൽ കിടങ്ങുകൾ പണിതും വൈദ്യുതി വേലി കെട്ടിയും ബ്രിട്ടീഷ് ഭരണകാലത്തെ നഷ്ടപരിഹാരത്തുകയിൽ ഏതാനും തുട്ടുകൾ വർദ്ധിപ്പിച്ചും മാറിമാറി വന്ന സർക്കാരുകൾ ജനങ്ങളെ കബളിപ്പിച്ചുകൊണ്ടിരുന്നു. വന്യമൃഗശല്യം ഒരു പൊതുപ്രതിഭാസമാണെന്നും ഇതിന് പരിഹാരമാർഗ്ഗങ്ങളേ ഇല്ല എന്നും പറഞ്ഞ് ജനങ്ങളെ നിരാശപ്പെടുത്താനും ഗ്രാമം വിട്ട് ഓടിപ്പോകാൻ പ്രേരണ ചെലുത്താനുമാണ് സർക്കാരുകൾ ശ്രമിച്ചത്.

ഇതെല്ലാം സഹിച്ചുകൊണ്ടിരുന്ന ഗ്രാമവാസികൾ ഒരു പൊട്ടിത്തെറിയുടെ വക്കിൽ എത്തിനിൽക്കുകയാണിപ്പോൾ. ഈ സാഹചര്യത്തിലാണ് ജാതി-മത-രാഷ്ട്രീയ ഭേദമെന്യേ പ്രദേശത്തെ ജനങ്ങൾ സംഘടിച്ചുകൊണ്ട് ഗ്രാമ സംരക്ഷണ സമിതിക്ക് രൂപം നൽകിയതും സമിതിയുടെ നേതൃത്വത്തിൽ അനിശ്ചിതകാല നിരാഹാര സമരത്തിന് തയ്യാറായതും. ഫാദർ ജോബി മുക്കാട്ടുകാവുങ്കൽ ചെയർമാനും ശ്രീ. കരുണാകരൻ വെള്ളക്കെട്ട് കൺവീനറുമായിട്ടുള്ള എക്സിക്യൂട്ടീവ് സമിതിയായിരുന്നു സമരത്തിന് നേതൃത്വം നൽകിയിരുന്നത്. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പ്രാദേശിക നേതാവും കർഷക പ്രതിരോധ സമിതി ജോയിന്റ് സെക്രട്ടറിയുമായ സഖാവ് ദേവസ്യ പുറ്റനാൽ എക്സിക്യുട്ടീവ് കമ്മിറ്റി അംഗമെന്ന നിലയിൽ ഈ സമരത്തിന്റെ തുടക്കം മുതൽതന്നെ നിർണ്ണായക പങ്ക് വഹിക്കുകയുണ്ടായി. വടക്കനാട് പ്രദേശത്ത് 2017 മുതൽ സജീവമായി പ്രവർത്തിച്ചുവരുന്ന വയനാട് ജില്ലാ കർഷക പ്രതിരോധ സമിതിയുടെ യൂണിറ്റ് ഭാരവാഹികളും പ്രവർത്തകരും ആദ്യാവസാനം സമരത്തിൽ സജീവമായിരുന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രാദേശിക പ്രവർത്തകരും അനുഭാവികളും സമരത്തിനുവേണ്ട എല്ലാ സഹായങ്ങളും പിന്തുണയും നൽകി.

വന്യമൃഗ ആക്രമണത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ നാടും കാടും വേർതിരിച്ചുകൊണ്ട് സോളാർ ഫെൻസിങ്ങോട് കൂടിയ കൽമതിൽ നിർമ്മിക്കുക, വന്യമൃഗ ആക്രമണംമൂലം മനുഷ്യജീവൻ അപഹരിക്കപ്പെട്ടാൽ 50ലക്ഷം രൂപ നഷ്ടപരിഹാരവും ആശ്രിതർക്ക് ജോലിയും നൽകുക, പരിക്ക് പറ്റുന്നവർക്ക് മുഴുവൻ ചികിൽസ ചെലവും തൊഴിൽ നഷ്ടപരിഹാരവും അടിയന്തര സഹായമായി ഒരു ലക്ഷം രൂപയും നൽകുക, വന്യമൃഗങ്ങൾ നശിപ്പിക്കുന്ന വളർത്തുമൃഗങ്ങൾക്കും അതാത് കാലത്തെ മാർക്കറ്റ് വിലയ്ക്ക് തുല്യമായ നഷ്ടപരിഹാരം 15 ദിവസത്തനകം നൽകുക, ശാശ്വത പരിഹാരം നിലവിൽവരുന്നതുവരെ ഇപ്പോഴുള്ള പ്രതിരോധ സംവിധാനങ്ങൾ ഉടനടി ശക്തിപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് ഈ ജനകീയ സമരം സർക്കാരിനുമുമ്പാകെ വച്ചത്.


അനിശ്ചിതകാല നിരാഹാര സമരത്തിന് അഭിവാദ്യമർപ്പിച്ചുകൊണ്ട് കർഷക പ്രതിരോധ സമിതി ജില്ലാ സെക്രട്ടറിയും എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറിയുമായ വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

മാർച്ച് 17ന് ആബാലവൃദ്ധം ജനങ്ങൾ പങ്കെടുത്ത ജില്ലാ ഫോറസ്റ്റ് ഓഫീസ് മാർച്ചോടെയാണ് സമരം ആരംഭിച്ചത്. അനിശ്ചിതകാല നിരാഹാരം അനുഷ്ഠിക്കുന്ന മൂന്ന് പേർക്ക് കിടക്കാനുള്ള കട്ടിലും ചുമന്നാണ് അസംപ്ഷൻ ജംഗ്ഷനിൽ നിന്നും രണ്ട് കിലോമീറ്റർ അകലെയുള്ള സുൽത്താൻ ബത്തേരി ഡിവിഷൻ വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിനു മുന്നിലേക്ക് മാർച്ച് എത്തിയത്. യാക്കോബായ മലബാർ ഭദ്രാസനാധിപൻ സക്കറിയാസ് മാർ പോളി കാൾപ്പോസ് മാർച്ച് ഉദ്ഘാടനം ചെയ്തു. വയനാടൻ ചെട്ടി സർവ്വീസ് സൊസൈറ്റി പ്രസിഡന്റ് കണ്ണിവട്ടം കേശവൻ ചെട്ടി, റിട്ട.ഡയറ്റ് പ്രിൻസിപ്പൽ ഡോ.പി.ലക്ഷ്മണൻ, വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി സെക്രട്ടറിയും എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറിയുമായ വി.കെ.സദാനന്ദൻ തുടങ്ങിയവർ പ്രസംഗിച്ചു. പിന്നീടങ്ങോട്ട് ഓരോ ദിവസവും സമരത്തെ പിന്തുണച്ചുകൊണ്ട് ജില്ലയുടെ നാനാഭാഗങ്ങളിൽനിന്നായി സമരപന്തലിലേക്ക് ജനങ്ങൾ പ്രവഹിച്ചുകൊണ്ടിരുന്നു. ഇത്രയധികം ജനപിന്തുണ നേടിയ സമരം ജില്ലയിൽ ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. 248 സംഘടനകളും ഇരുപതിനായിരത്തിലേറെ ജനങ്ങളും സമര പന്തലിലെത്തി അഭിവാദ്യങ്ങൾ അർപ്പിക്കുകയുണ്ടായി. സമരം നടന്ന 11 ദിവസവും ബത്തേരി ടൗൺ പ്രകടനങ്ങൾകൊണ്ട് മുഖരിതമായിരുന്നു.

എന്നാൽ സർക്കാരിന്റെ ഭാഗത്തുനിന്നും സമരത്തോട് നിഷേധാത്മകമായ സമീപനമാണ് തുടക്കം മുതലേ ഉണ്ടായിരുന്നത്. വൈൽഡ് ലൈഫ് വാർഡനുമായും ജില്ലാ കളക്ടറുമായും സമരസമിതി രണ്ടുവട്ടം ചർച്ച നടത്തുകയുണ്ടായി. സമരസമിതി മുമ്പോട്ടുവച്ച ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ അവർ തയ്യാറായില്ല. എന്നുമാത്രമല്ല സമരം ഉടൻ പിൻവലിക്കണമെന്ന ഭീഷണിയുമുണ്ടായി. 21ലെ ചർച്ചയ്ക്കൊടുവിൽ അടുത്ത ചർച്ച 27ലേക്ക് നീട്ടിവച്ചത് സമരത്തെ തളർത്താനുള്ള സർക്കാരിന്റെ തന്ത്രമായിരുന്നു.

ഇതൊന്നും വകവയ്ക്കാതെ സമരം നാൾക്കുനാൾ ശക്തിപ്രാപിക്കുകയാണുണ്ടായത്. നിരാഹാര സമരത്തിൽ ഏർപ്പെട്ടവരുടെ ആരോഗ്യനില മോശമായതിനെ തുടർന്ന് പോലീസ് അറസ്റ്റുചെയ്ത് ആശുപത്രിയിലേക്ക് മാറ്റിയപ്പോൾ സഖാവ് ദേവസ്യ പുറ്റനാൽ ഉൾപ്പെടെയുള്ളവർ പന്തലിൽ നിരാഹാര സമരം തുടർന്നു.

27ന് തിരുവനന്തപുരത്തുവച്ച് നടന്ന മന്ത്രിതല ചർച്ചയിൽ സമരസമിതി ഉന്നയിച്ച പ്രധാന ഡിമാന്റുകളിലെല്ലാം കാലബന്ധിതമായി പരിഹാരമുണ്ടാക്കുമെന്നുള്ള തീരുമാനമാണ് ഉണ്ടായത്. അവ നടപ്പിലാക്കുന്നതിൽ സർക്കാർ പിന്നാക്കം പോകുകയാണെങ്കിൽ ഇതിലുംവലിയ ജനകീയ സമരത്തെ നേരിടേണ്ടിവരുമെന്ന് സമരസമിതി പ്രഖ്യാപിച്ചിട്ടുണ്ട്.

എല്ലാത്തരം വിഭാഗീയതകൾക്കും അതീതമായി ഒരുമിച്ചുകൊണ്ട് ജീവിതപ്രശ്നങ്ങളുടെ പരിഹാരത്തിനായി തെരുവിലിറങ്ങി പൊരുതുവാൻ ജനങ്ങൾ തയ്യാറായാൽ ആർക്കും അതിനെ അവഗണിക്കാനാവില്ലെന്ന് ഈ സമരം തെളിയിക്കുന്നു. ഇതുപോലൊരു ജനകീയ സമരത്തിനുവേണ്ടി കാത്തിരുന്ന ജനാവലിയെയാണ് ഈ സമരമുഖത്ത് കാണാനായത്. തികഞ്ഞ ചിട്ടയോടെയും അച്ചടക്കത്തോടെയും നിശ്ചയദാർഢ്യത്തോടെയും രാപ്പകൽ പ്രവർത്തിച്ച യുവാക്കളുടെ ഒരു നിരതന്നെ ഈ സമരത്തിനുപിന്നിൽ ഉണ്ടായിരുന്നു. ജീവിതം വഴിമുട്ടിയ ഒരു ഗ്രാമം സടകുടഞ്ഞ് ഏണീറ്റപ്പോൾ ഒരു നാട് ആകമാനം അതിനെ പിന്തുണച്ചു. ആ ജനകീയ ശക്തിയുടെ വിജയമാണ് വയനാട്ടിലെ കർഷകസമരം കൈവരിച്ചത്●

## കർഷക പ്രതിരോധ സമിതിയുടെ അഭിവാദ്യം

അനിശ്ചിതകാല നിരാഹാര സമരത്തിന് അഭിവാദ്യമർപ്പിച്ചുകൊണ്ട് വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി ജില്ലാ ഫോറസ്റ്റ് ഓഫീസിലേക്ക് പ്രകടനം നടത്തി. കർഷക പ്രിതിരോധ സമിതിയുടെ വൈസ് പ്രസിഡന്റുമാരായ പി.സി. ജോസഫ് ഉണ്ണിപ്പിള്ളി, ഡോ.വി.സത്യാനന്ദൻ നായർ, ടോമി വടക്കുംചേരി, സെക്രട്ടറി വി.കെ.സദാനന്ദൻ എന്നിവർ സമരത്തെ അഭിവാദ്യം ചെയ്തു. പ്രകടനത്തിന് പി.എൻ. പത്മനാഭൻ, പി.എൻ.വേലായുധൻ, വർഗ്ഗീസ് കൃഷ്ണഗിരി, പി.കെ.ഭഗത്, കെ.മധുസൂദനൻ എന്നിവർ നേതൃത്വം നൽകി●

# ഭഗത്സിംഗ് രക്തസാക്ഷിത്വ ദിനം ആചരിച്ചു

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ അനശ്വര രക്തസാക്ഷി ഭഗത്സിംഗിന്റെ രക്തസാക്ഷിദിനം ആചരിച്ചുകൊണ്ട് മാർച്ച് 23ന് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ പൊതുയോഗങ്ങളും പ്രചാരണ പരിപാടികളും നടന്നു. എഐഡിഎസ്ഒയും എഐഡിവൈഒയും സംയുക്തമായാണ് ആചരണപരിപാടികൾ സംഘടിപ്പിച്ചത്.

തിരുവനന്തപുരം ജില്ലയിൽ പൂജപ്പുര ഭഗത് സിംഗ് പാർക്കിൽ നടന്ന അനുസ്മരണ സമ്മേളനം എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.ആർ.സുഭാഷ് ഉദ്ഘാടനം ചെയ്തു. വി.സുജിത്, എ.ഷൈജു, ഗോവിന്ദ് ശശി, കെ.പ്രവീൺ, ബി.എസ് എമിൽ എന്നിവർ പ്രസംഗിച്ചു.

കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിൽ നടന്ന പൊതുസമ്മേളനത്തിൽ എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ മുഖ്യപ്രസംഗം നടത്തി. സഖാക്കൾ പി.പി. പ്രശാന്ത് കുമാർ, ടിങ്കിൾ പ്രഭാകർ, ജയകൃഷ്ണൻ, ആർ.രാഹുൽ എന്നിവർ പ്രസംഗിച്ചു.

ആലപ്പുഴ ജില്ലയിൽ മാവേലിക്കരയിൽ നടന്ന ബൈക്ക് റാലി എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.പാർത്ഥസാരഥി വർമ്മ ഉദ്ഘാടനം ചെയ്തു. പൊതുയോഗം എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്തു. ആർ.അപർണ്ണ, ആർ.പ്രവീൺ, കെ.ബിമൽജി എന്നിവർ പ്രസംഗിച്ചു. ആലപ്പുഴ ടൗണിൽ നടന്ന പൊതുയോഗത്തിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തി. സഖാക്കൾ ടി.മുരളി, അഡ്വ.എം.എ.ബിന്ദു, കെ.എ.വിനോദ് എന്നിവർ പ്രസംഗിച്ചു.

എറണാകുളം ജില്ലയിൽ തിരുവാങ്കുളത്ത് നടന്ന അനുസ്മരണ യോഗത്തിൽ സഖാവ് എൻ.കെ.ബിജു മുഖ്യപ്രസംഗം നടത്തി. എം.ആർ.രാജീവൻ, കെ.പി.സാൽവിൻ, സി.ബി.അശോകൻ എന്നിവരും പ്രസംഗിച്ചു. സഖാവ് കെ.വി.സന്തോഷിന്റെ വിപ്ലവഗാനാവതരണവും 'ലെജന്റ് ഓഫ് ഭഗത് സിംഗ്' എന്ന സിനിമാ പ്രദർശനവും ഉണ്ടായിരുന്നു. അങ്കമാലി തുറവൂരിൽ എഐഡിവൈഒയും യുവ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച സമ്മേളനത്തിൽ സഖാവ് ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തി. സെബിൻ സേവ്യർ, നിഥിൻ ബൈജു എന്നിവരും പ്രസംഗിച്ചു.



ആലപ്പുഴ ടൗണിൽ സഖാവ് ഇ.വി.പ്രകാശ് പ്രസംഗിക്കുന്നു

തൃശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവിൽനടന്ന അനുസ്മരണ സമ്മേളനം സഖാവ് ടി.ജെ.ഡിക്സൺ ഉദ്ഘാടനം ചെയ്തു. സഖാക്കൾ യു.യു.സുബ്രഹ്മണ്യൻ, എം.പ്രദീപൻ, പി.എ.ജോഷ്വ, എ.എം.സുരേഷ്, സുകന്യ കുമാർ, സി.ഹണി എന്നിവർ പ്രസംഗിച്ചു. ചാവക്കാട് നടന്ന പൊതുയോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് പി.എസ്.ബാബു ഉദ്ഘാടനം ചെയ്തു. സഖാക്കൾ സി.ആർ.ഉണ്ണികൃഷ്ണൻ, സി.കെ.ശിവദാസൻ, പി.കെ.ധർമ്മജൻ, സി.വി.പ്രേംരാജ് എന്നിവർ പ്രസംഗിച്ചു. കണ്ണൂർ ജില്ലയിൽ കണ്ണൂർ ടൗണിൽ നടന്ന അനുസ്മരണയോഗം എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്തു. അഡ്വ.പി.സി.വിവേക്, രശ്മി രവി, അകിൽ മുരളി, അഡ്വ.ഇ.സനൂപ് എന്നിവർ പ്രസംഗിച്ചു●



കണ്ണൂരിൽ സഖാവ് പി.കെ.പ്രഭാഷ് പ്രസംഗിക്കുന്നു

# സ്ഥിരംതൊഴിൽ ഇല്ലാതാക്കുന്നു; യുവജനങ്ങൾ സംഘടിക്കണം

രാജ്യത്ത് തൊഴിലില്ലായ്മ അതിരൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ സ്ഥിരം തൊഴിൽകൂടി ഇല്ലാതാക്കപ്പെടുന്നതോടെ കോടിക്കണക്കിനു യുവാക്കളുടെ ഭാവി കൂടുതൽ അനിശ്ചിതത്വത്തിലേക്കാകുന്നു. മോദി സർക്കാർ അധികാരത്തിലേറിയതിനു ശേഷം നടപ്പാക്കിയ നോട്ട് നിരോധനവും ജിഎസ്ടി പോലെയുള്ള നയങ്ങളും തൊഴിലില്ലായ്മ പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതായിരുന്നു. സ്ഥിരസ്വഭാവമുള്ള തൊഴിലുകളിൽ കരാർ ജീവനക്കാരെ നിയമിക്കരുതെന്ന കരാർ തൊഴിലാളി നിയമത്തിലെ പത്താം വകുപ്പ് ഭേദഗതി ചെയ്യുവാൻ നീതി ആയോഗിന്റെ നിർദ്ദേശ പ്രകാരം തൊഴിൽ വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ഭേദഗതിയുടെ കരട് അടിയന്തര ഗസറ്റ് വിജ്ഞാപനം വഴി പുറത്തിറക്കുകയും ചെയ്തു. ഇത് നടപ്പാക്കപ്പെട്ടാൽ സർക്കാർ സർവ്വീസിൽ അവശേഷിച്ചിട്ടുള്ള സ്ഥിരം തൊഴിലും ഇല്ലാതാക്കപ്പെടും. മാത്രമല്ല, ഇപ്പോൾത്തന്നെ സ്വകാര്യ മേഖലകളിൽ നടക്കുന്ന നിർബാധമായ തൊഴിൽ ചൂഷണം കൂടുതൽ ശക്തിപ്പെടുത്തുവാൻ കുത്തകകൾക്ക് അവസരം ഒരുക്കപ്പെടുകയും ചെയ്യും.

കേരളത്തിലും തൊഴിലില്ലായ്മ പ്രശ്നം ഗുരുതര സ്വഭാവം കൈവരിച്ചിരിക്കുന്നു. തണ്ടർബോൾട്ട് റാങ്ക് ലിസ്റ്റിലുള്ള 5 യുവാക്കൾ സെക്രട്ടേറിയറ്റിനുമുന്നിലുള്ള 5 നില കെട്ടിടത്തിൽകയറി ആത്മഹത്യ ചെയ്യുവാൻ തയ്യാറായി. അവർ ഉയർത്തിപ്പിടിച്ചിരുന്ന ബാനറിൽ ഇപ്രകാരം എഴുതിയിരുന്നു:'നിയമനം അല്ലെങ്കിൽ മരണം'. കേരളത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾ അഭിമുഖീകരിക്കുന്ന തൊഴിലില്ലായ്മ പ്രശ്നത്തിന്റെ ഭീകരത വെളിവാക്കുന്ന ഒരു സംഭവം മാത്രമാണിത്. കെഎസ്ഇബി മസ്ദൂർ റാങ്ക് ലിസ്റ്റിൽപ്പെട്ട നൂറുകണക്കിന് ഉദ്യോഗാർത്ഥികളുടെ നിരാഹാര സമരം 9 ദിവസം പിന്നിട്ടുകഴിഞ്ഞിട്ടും സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല നിലപാടുണ്ടാകാതെ വന്നപ്പോൾ വലിയൊരു മരത്തിൽ കയറി ജീവൻ വെടിയാൻ തയ്യാറായ ഒരു യുവാവിനെയും നാം കണ്ടതാണ്. സർക്കാർ ജോലി സ്വപ്നംകണ്ട് നല്ലപ്രായം മുഴുവൻ പഠിച്ച്, പിഎസ്സിയുടെ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവരാണ് നിയമനത്തിനുവേണ്ടി ദീർഘകാലമായി സമരം ചെയ്യുന്നതും ആത്മാഹൂതിക്കുപോലും തയ്യാറാകുന്നതും.

പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് സർക്കാരിന്റെ ആദ്യ മന്ത്രിസഭായോഗ തീരുമാനം എല്ലാ സർക്കാർ വകുപ്പുകളിലേയും ഒഴിവുകൾ പത്തുദിവസത്തിനുള്ളിൽ പിഎസ്സിക്ക് റിപ്പോർട്ട് ചെയ്യണമെന്നായിരുന്നു. എന്നാൽ, പത്തുദിവസത്തിനുള്ളിൽ 1590 ഒഴിവുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ആരോഗ്യവകുപ്പിൽ 700 അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകളാണ് പിഎസ്സിയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടത്. എന്നാൽ, അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റിൽ 2145 പേരുണ്ട്. 66 സ്റ്റാഫ് നഴ്സുമാരുടെ പേരുകളും ഇതേ സമയത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടു. പൊതുജനാരോഗ്യമേഖല സുഗമമായി പ്രവർത്തിക്കുവാൻ ആയിരക്കണക്കിന് നഴ്സുമാരെ നിയമിക്കേണ്ടതുണ്ട് എന്ന യാഥാർത്ഥ്യം നിലനിൽക്കെയാണ് സർക്കാരും പിഎസ്സിയും തമ്മിലുള്ള ഇത്തരം ഒത്തുകളികൾ നടക്കുന്നത്. 1964-ലെ സ്റ്റാഫ് പാറ്റേണാണ് ആരോഗ്യവകുപ്പിൽ നിലനിൽക്കുന്നത് എന്നതും സർക്കാരുകളുടെ നിരുത്തരവാദ സമീപനത്തിന്റെ ദൃഷ്ടാന്തമാണ്.

ജീവനക്കാരെ പരമാവധി കുറച്ചുകൊണ്ട് സിവിൽ സർവ്വീസിനെ മെലിയിച്ചെടുക്കുക (slimmarize) എന്നത് ഭരണ നവീകരണ പരിപാടി(MGP)യുടെ ഭാഗമായുള്ള നയമാണ്. സ്ഥിരസ്വഭാവത്തിലുള്ള തൊഴിലിൽ കരാർ ജീവനക്കാരെ നിയമിക്കാൻ പാടില്ല എന്ന നിയമം ഉണ്ടെങ്കിലും കരാർ നിയമനങ്ങൾ യഥേഷ്ടം നടത്തുകയാണ് സർക്കാർ. പിഎസ്സിയുടെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ സമരസംഘടനകൾ രൂപീകരിച്ച് പ്രക്ഷോഭവുമായി തെരുവുകളിലാണ്.

യൂണിവേഴ്സിറ്റി അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ 18,000 ഉദ്യോഗാർത്ഥികൾ ഉണ്ടെന്നിരിക്കെ, വർഷങ്ങൾകൊണ്ട് 1500 പേർക്കുമാത്രമാണ് പിഎസ്സി നിയമനം നൽകിയത്. കെഎസ്ഇബി, കെഎസ്എഫ്ഇ തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 2014 സെപ്തംബർ 22 ന് ആയിരുന്നു. മെയിൻലിസ്റ്റിൽ 5956 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 6320 പേരും ഭിന്നശേഷി ലിസ്റ്റിൽ 374 പേരും ഉൾപ്പെടെ 12650 പേരുണ്ട്. ആകെ നിയമനം നടന്നതാകട്ടെ 2310 മാത്രവും. 59239 പേരുള്ള എൽഡിസി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ട് രണ്ടര വർഷം കഴിഞ്ഞിരിക്കുന്നു. ലിസ്റ്റിന്റെ കാലാവധി കഴിയുവാൻ 6 മാസം മാത്രം ബാക്കി നിൽക്കെ, ഉദ്യോഗാർത്ഥികൾ ആശങ്കയോടെ ദിവസങ്ങൾ എണ്ണുകയാണ്. കെഎസ്ഇബി ആകട്ടെ, ഒഴിവുകൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യുന്നില്ല. ജീവനക്കാരുടെ കുറവ് കെഎസ്ഇബിയുടെ പ്രവർത്തനങ്ങളെപ്പോലും ഗുരുതരമായി ബാധിക്കുന്ന സാഹചര്യത്തിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്തത് ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗം തന്നെയാണ്. മെഡിക്കൽ, എഞ്ചിനീയറിംഗ്, നഴ്സിംഗ്, ടീച്ചിംഗ് ബിരുദധാരികളും ഗുരുതരമായ തൊഴിലില്ലായ്മ പ്രശ്നം അഭിമുഖീകരിക്കുന്നവരാണ്. ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷ(എഐസിടിഇ)ന്റെ 2017 റിപ്പോർട്ടിൽ വ്യക്തമാക്കുന്നത് എഞ്ചിനീയറിംഗ് പഠനം കഴിഞ്ഞിറങ്ങുന്നവരിൽ 60 ശതമാനവും തൊഴിൽരഹിതരാണെന്നാണ്. തൊഴിൽ ലഭിക്കുന്നവർക്കാകട്ടെ, തുച്ഛമായ ശമ്പളമാണ് കിട്ടുന്നത്. ഉന്നതബിരുദമുണ്ടെങ്കിലും താഴ്ന്ന വിദ്യാഭ്യാസ യോഗ്യത ആവശ്യപ്പെടുന്ന ജോലികൾ ചെയ്യുവാൻ യുവാക്കൾ തയ്യാറാകേണ്ട ഗതികേടും നിലവിലുണ്ട്.

തൊഴിലില്ലായ്മ പ്രശ്നം, മാറിമാറി അധികാരത്തിൽവരുന്ന ഗവൺമെന്റുകളുടെ പരിഗണനാവിഷയം പോലുമല്ലാതായി മാറിയിരിക്കുന്നു. തൊഴിൽദാതാവെന്ന ഉത്തരവാദിത്തത്തിൽനിന്നും സർക്കാരുകൾ പിന്നോട്ടുപോകുന്നത് ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായാണ്. സർക്കാർ ജോലി പ്രതീക്ഷിച്ചിരിക്കാതെ സംരംഭകരാകൂ എന്നാണ് സർക്കാരുകൾ വിദ്യാർത്ഥികളോടും യുവാക്കളോടും ആഹ്വാനം ചെയ്യുന്നത്. കഴിഞ്ഞ യുഡിഎഫ് ഗവൺമെന്റ് ബജറ്റിന്റെ ഒരു ശതമാനം യുവസംരംഭകർക്കുവേണ്ടി മാറ്റിവയ്ക്കുമെന്ന് പറയുകയും 'സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് ഡേ' തന്നെ പ്രഖ്യാപിക്കുകയും ചെയ്തു. എല്ലാ കോളേജുകളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുമെന്ന് അവർ വാഗ്ദാനം ചെയ്തു. എൽഡിഎഫ് ഗവൺമെന്റും ഇതേ പാത പിന്തുടർന്ന് സ്റ്റാർട്ട് അപ്പ് ആശയവുമായി യുവാക്കളെ കബളിപ്പിക്കുകയാണ്.

ഇതെല്ലാം കാണിക്കുന്നത് കേരളത്തിൽ ഭയാനകമായി വളർന്നുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ വലിയ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നാണ്. യുവാക്കളിൽ സംരംഭകത്വം എന്ന വ്യാമോഹം സൃഷ്ടിച്ച് തൊഴിലില്ലായ്മ പ്രശ്നത്തിൽനിന്ന് ശ്രദ്ധതിരിക്കുവാനുള്ള അടവുമാത്രമാണ് മേൽപ്പറഞ്ഞ സംരംഭകത്വ പദ്ധതികളെല്ലാം. മുതലാളിത്ത സാമൂഹ്യക്രമത്തിന്റെ അനിവാര്യ സൃഷ്ടിയാണ് തൊഴിലില്ലായ്മ. യുവാക്കളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന സാംസ്കാരിക അധഃപതനത്തിന്റെ കാരണവും തൊഴിലില്ലായ്മയാണ്. തൊഴിൽരഹിതരായ ചെറുപ്പക്കാർ നിലനിൽപ്പിനുവേണ്ടി സാമൂഹ്യവിരുദ്ധവും നിയമവിരുദ്ധവുമായ പ്രവൃത്തികളിൽ ഏർപ്പെടുകയും ആത്യന്തികമായി കുറ്റവാളികളായി മാറുകയും ചെയ്യുന്നു. ഈ സാഹചര്യത്തെ നേരിടുവാൻ ഉയർന്ന സാംസ്കാരിക-നൈതിക നിലവാരത്തോടെയുള്ള വലിയൊരു യുവജന മുന്നേറ്റം വളർത്തിയെടുക്കേണ്ടതുണ്ട്●



സംസ്ഥാന യുവജന കൺവൻഷൻ സേവ് എജ്യുക്കേഷൻ കമ്മിറ്റി സെക്രട്ടറി എം.ഷാജർ ഖാൻ ഉദ്ഘാടനം ചെയ്യുന്നു

## യുവജന ദ്രോഹ നയങ്ങൾക്കെതിരെ എഐഡിവൈഒ സംസ്ഥാന കൺവൻഷൻ

**തൊ**ഴിലവസരങ്ങൾ ഇല്ലാതാക്കുന്ന കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരെ തൊഴിൽ രഹിതരുടെ യോജിച്ച മുന്നേറ്റം വേണമെന്ന് സേവ് എജ്യുക്കേഷൻ കമ്മിറ്റി സെക്രട്ടറി എം.ഷാജർ ഖാൻ അഭിപ്രായപ്പെട്ടു.

വിവിധ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളും തൊഴിൽരഹിതരും ഈ സമരവേദിയിൽ ഒന്നിക്കണം. രാജ്യത്ത് സ്ഥിരം തൊഴിൽ ഇല്ലാതാക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ നടപടിക്കെതിരെ രാജ്യവ്യാപകമായി ഉയരുന്ന പ്രതിഷേധത്തോട് കണ്ണിചേർത്തുള്ള പ്രക്ഷോഭമായി ഇത് വളരേണ്ടതുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. തൊഴിലില്ലായ്മക്കെതിരെ കോട്ടയത്ത് ലയൺസ് ക്ലബ്ബ് ഹാളിൽ എഐഡിവൈഒ സംഘടിപ്പിച്ച കൺവൻഷൻ ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കെയുഎസ്ടിഒ സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോസഫ് മുഖ്യാതിഥി ആയിരുന്നു. എൻ.കെ.ബിജു അദ്ധ്യക്ഷത വഹിച്ചു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ് വിഷയാവതരണം നടത്തി, എൽജിഎസ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ നേതാവ് എൻ.ഹരികുമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസേഴ്സ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ നേതാവ് ആൽബിൻ കെ.വിൽസൺ, ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ നേതാവ് ഫാത്തിമ ബീവി, എഐഡിവൈഒ സംസ്ഥാന വൈസ് പ്രസിഡൻറ് പി.പി.പ്രശാന്ത് കുമാർ, ജില്ലാ പ്രസിഡന്റ് രജിത ജയറാം എന്നിവർ പ്രസംഗിച്ചു●



## കീഴാറ്റൂർ സമരത്തിന് ഐക്യദാർഢ്യം

**കീ**ഴാറ്റൂരിൽ ബിഒടി പാതക്ക് വേണ്ടി ബലം പ്രയോഗിച്ച് ഭൂമി ഏറ്റെടുക്കുന്നതിനെതിരെ എൻഎച്ച് 17 ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ടൗണിൽ പ്രതിഷേധ മാർച്ചും യോഗവും നടത്തി. ആക്ഷൻ കൗൺസിൽ ജില്ലാ ചെയർമാൻ ഡോ.ഡി.സുരേന്ദ്രനാഥ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. കെ.കെ.സുരേന്ദ്രൻ, ബി.ഭദ്രൻ, വി.വി.പുരുഷോത്തമൻ, അഡ്വ.വിനോദ് പയ്യട, രാജൻ കോരമ്പേത്ത്, ദേവദാസ്, അനൂപ് ജോൺ ഏരിമറ്റം, കെ.നിഷിൽകുമാർ, മേരി എബ്രഹാം എന്നിവർ പ്രസംഗിച്ചു●

## മൂലമ്പിള്ളി: വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേയ്ക്ക് കുടിയൊഴിപ്പിക്കപ്പെട്ടവരുടെ മാർച്ച്

**വ**ല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ റോഡ് കണക്ടിവിറ്റിക്കുവേണ്ടി മൂലമ്പിള്ളിയിൽനിന്ന് കുടുംബങ്ങളെ ബലപ്രയോഗത്തിലൂടെ കുടിയിറക്കിയതിനെത്തുടർന്ന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ഐതിഹാസിക സമരത്തിന്റെ ഫലമായി അന്നത്തെ എൽഡിഎഫ് സർക്കാർ പുനരധിവാസപാക്കേജ് പ്രഖ്യാപിച്ചിട്ട് 10 വർഷം പൂർത്തിയായിരിക്കുന്നു. സർക്കാരുകൾ മാറിമാറി വന്നിട്ടും പാക്കേജ് വ്യവസ്ഥകൾ പൂർത്തീകരിക്കാൻ തയ്യാറാകാത്തത് കനത്ത നീതിനിഷേധമാണെന്നു ചൂണ്ടിക്കാട്ടിയും ഉത്തരവിൽ പറഞ്ഞിരിക്കുന്നത് പ്രകാരം എല്ലാ കുടുംബങ്ങളിൽനിന്നും ഒരാൾക്ക് തൊഴിൽ നൽകണമെന്നും ആവശ്യപ്പെട്ട് വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേയ്ക്ക് കുടിയൊഴിപ്പിക്കപ്പെട്ടവർ മാർച്ച് നടത്തി. മാർച്ച് കണ്ടെയ്നർ ടെർമിനലിനുമുമ്പിൽ വൻപോലീസ് സന്നാഹം തടഞ്ഞതിനെത്തുടർന്ന് നടന്ന ധർണ്ണ പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു.

കോ-ഓർഡിനേഷൻ കമ്മിറ്റി ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പി.എം.ദിനേശൻ (എസ്യുസിഐ(സി), അഡ്വ.കെ.അനിൽകുമാർ(സിപിഐ(എം), കെ.രജികുമാർ(ആർഎസ്പി), വി.പി.വിൽസൺ (കോ-ഓർഡിനേഷൻ കമ്മിറ്റി), ഏലൂർഗോപിനാഥ് (ബിജെപി), ജോണി ജോസഫ് (ജനകീയപ്രതിരോധ സമിതി), കെ.പി.സാൽവിൻ (എഐഡിവൈഒ) തുടങ്ങി നിരവധി നേതാക്കൾ പങ്കെടുത്തു●



കണ്ടെയ്നർ ടെർമിനൽ മാർച്ച് പോലീസ് തടഞ്ഞപ്പോൾ

# സാർവ്വദേശീയ വനിതാദിനം ആചരിച്ചു

**അ**ന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രചരിപ്പിക്കുന്ന ഭരണതലനടപടികൾ അവസാനിപ്പിക്കുക, സ്ത്രീകളുടെ ജനാധിപത്യ അവകാശങ്ങളും സുരക്ഷിതത്വവും ഉറപ്പാക്കുക തുടങ്ങിയ മുദ്രാവാക്യങ്ങളെ മുൻനിർത്തി അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനവ്യാപകമായി സാർവ്വദേശീയ വനിതാദിനാചരണ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. നരേന്ദ്രമോദി സർക്കാരിന്റെയും ബിജെപി നേതാക്കൻമാരുടെയും മുൻകൈയിൽ നടക്കുന്ന സത്യവിരുദ്ധവും ശാസ്ത്രവിരുദ്ധവുമായ പ്രചാരണങ്ങൾ സ്ത്രീകളുടെ ജീവിതത്തിൽ ഏറെ പ്രത്യാഘാതങ്ങൾക്ക് വഴിവയ്ക്കുന്നു. ശാസ്ത്രത്തിന്റെ സാങ്കേതികമികവ് യഥേഷ്ടം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് നേതാക്കൻമാർ ശാസ്ത്രവിരുദ്ധ പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെ വളരെ പ്രധാനമാണ് ഒരു പരിഷ്കൃത-ജനാധിപത്യ സമൂഹത്തിൽ സ്ത്രീകൾക്ക് ലഭ്യമാകേണ്ട അവകാശങ്ങളും സുരക്ഷിതത്വവും ഉറപ്പാക്കപ്പെടുന്നില്ല എന്നത്. സ്ത്രീകളുടെ സാമൂഹ്യ ജീവിതത്തിന് വിലങ്ങിടുകയും അടുക്കളയിലേയ്ക്ക് മടങ്ങാനുള്ള ആഹ്വാനം മുഴക്കുകയും ചെയ്യുന്നു. സ്ത്രീകൾ പുറത്തിറങ്ങുന്നതാണ് പ്രശ്നങ്ങൾക്ക് കാരണമെന്നും അടുക്കളപ്പണിയാണ് സ്ത്രീകൾക്ക് അഭികാമ്യമെന്നും നേതാക്കൻമാർ പറഞ്ഞുവയ്ക്കുന്നു. ഈ ആശയങ്ങൾ പ്രചരിപ്പിക്കാൻ പാഠപുസ്തകങ്ങളെപ്പോലും ഉപയോഗിക്കുന്നു. ഈ സാഹചര്യത്തിൽ സ്ത്രീകൾക്ക് ഭരണഘടനയും നിയമവ്യവസ്ഥയും ഉറപ്പുനൽകുന്ന ജനാധിപത്യ അവകാശങ്ങളും തുല്യതയും സുരക്ഷിതത്വവും സ്ഥാപിച്ചെടുക്കുവാനുള്ള പോരാട്ടത്തിനുള്ള ആഹ്വാനമാണ് സാർവദേശീയ വനിതാദിനം ഉയർത്തുന്നത്.

തിരുവനന്തപുരത്ത് ഈശ്വരചന്ദ്രവിദ്യാസാഗർ സാംസ്കാരിക കേന്ദ്രത്തിൽ നടന്ന സാർവദേശീയ വനിതാദിനാചരണ സമ്മേളനം എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമെതിരായ അതിക്രമങ്ങൾ വർദ്ധിക്കുക മാത്രമല്ല, ഏതു ഹീനകൃത്യവും ന്യായീകരിക്കുന്ന ഒരു മനോഭാവംകൂടി സമൂഹത്തിൽ രൂപപ്പെട്ടുവരുന്നു എന്നത് നമ്മെ ഞെട്ടിക്കുന്നു. ഭരണാധികാരികളുടെയും രാഷ്ട്രീയ-മത നേതാക്കളുടെയും നിലപാടുകൾ ഇതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്. പോരാട്ടങ്ങൾ അവസാനിക്കുന്നില്ല എന്നും ഭരണഘടനയും നിയമവ്യവസ്ഥയും ഉറപ്പുനൽകുന്ന ജനാധിപത്യ അവകാശങ്ങളും തുല്യതയും സാമൂഹ്യ ജീവിതത്തിൽ സ്ഥാപിച്ചെടുക്കുവാൻ അതിശക്തമായ പ്രക്ഷോഭം അനിവാര്യമായിരിക്കുന്നു എന്നും സഖാവ് ഷൈല അഭിപ്രായപ്പെട്ടു. എ.സബൂറ, എസ്.മിനി തുടങ്ങിയവരും പ്രസംഗിച്ചു.

കൊല്ലത്ത് ചിന്നക്കടയിൽനടന്ന സമ്മേളനം സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ടിങ്കിൾ പ്രഭാകരൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എസ്.ഷൈലജ, ഷീജ, ലീല തുടങ്ങിയവർ പ്രസംഗിച്ചു.

എഐഎംഎസ്എസ് ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കായംകുളത്ത് വനിതാദിനാചരണ സമ്മേളനം നടത്തി. എഐഎംഎസ്എസ്, സംസ്ഥാന സെക്രട്ടറി ഷൈലാ കെ. ജോൺ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി കെ.ജെ.ഷീലയുടെ അദ്ധ്യക്ഷതിയിൽ നടന്ന വനിതാ സമ്മേളനത്തിൽ സ്ത്രീ സുരക്ഷാസമിതി ജില്ലാ പ്രസിഡന്റ് ഡോ.ചേരാവള്ളി ശശി മുഖ്യപ്രഭാഷണം നടത്തി. ബി.ദിലീപൻ, അഡ്വ.ഒ.ഹാരീസ്, രശ്മി.ജെ, പ്രസന്ന ചുനക്കര, മൈമൂൺ അസീസ്, അഡ്വ.എം.എ.ബിന്ദു, വി.ഉഷാകുമാരി, റ്റി.ആർ. രാജിമോൾ തുടങ്ങിയവർ പ്രസംഗിച്ചു. തത്താ ഗോപിനാഥ് സ്വാഗതവും മൈന ഗോപിനാഥ് നന്ദിയും പറഞ്ഞു.

കോഴിക്കോട് മാർച്ച് 8ന് എഐഎംഎസ്എസ്, സ്ത്രീസുരക്ഷാസമിതി, പിപിടിഎച്ഒ എന്നീ സംഘടനകൾ സംയുക്തമായി അന്തർദേശീയ വനിതാദിനം ആചരിച്ചു. മൊഫ്യൂസിൽ സ്റ്റാന്റ് പരിസരത്ത് ചേർന്ന യോഗം പ്രൊഫസർ സി.വി.കുമാരൻ ഉദ്ഘാടനം ചെയ്തു. ശ്രീമതി വനജടീച്ചർ(പിപിടിഎച്ഒ), എം.കെ.രാജൻ, ബാലൻ കാട്ടുങ്ങൽ, സ്മിത(പിപിടിഎച്ഒ), എസ്.ജന്നിഫർ(എഐഎംഎസ്എസ്), രജിത(സ്ത്രീസുരക്ഷാസമിതി), എ.ശേഖർ(എസ്‌യുസിഐ(സി)) എന്നിവർ പ്രസംഗിച്ചു. എഐഎംഎസ്എസ് ജില്ലാ പ്രസിഡണ്ട് സി.ഷീബ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ആശാദേവി സ്വാഗതം പറഞ്ഞു.

കോട്ടയത്ത് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ പഴയപോലീസ് സ്റ്റേഷൻ മൈതനാത്ത് നടന്ന സാർവ്വദേശീയ വനിതാദിനാചരണ പരിപാടികളുടെ ഭാഗമായി തെരുവുനാടകം, കരാട്ടേ പ്രകടനം, ബൈക്ക് റാലി, സംഘചിത്രരചന, പ്രകടനം, പൊതുസമ്മേളനം എന്നിവ നടന്നു.

ചങ്ങനാശ്ശേരിയിൽ പെരുന്ന മുനിസിപ്പൽ ബസ് സ്റ്റാൻഡ് മൈതാനിയിൽ നടന്ന സമ്മേളനം അഡ്വ.എം.എ.ബിന്ദു ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ് പ്രസിഡന്റ് കെ.എസ്.ചെല്ലമ്മ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ആശാരാജ്, ചങ്ങനാശ്ശേരി ലോക്കൽ കമ്മിറ്റി സെക്രട്ടറി മേധ സുരേന്ദ്രനാഥ്, ആലീസ് ജോസഫ്, ലാരിയ പരമേശ്വരൻ തുടങ്ങിയവർ പ്രസംഗിച്ചു. വിലക്കയറ്റത്തിനെതിരെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുന്ന നിവേദനത്തിലേയ്ക്കുള്ള ഒപ്പുശേഖരണവും നടന്നു.

എറണാകുളത്ത് കാലടിയിൽ നടന്ന സമ്മേളനം ജില്ലാ സെക്രട്ടറി കെ.കെ.ശോഭ ഉദ്ഘാടനം ചെയ്തു. ബിന്ദു ബി.പി, ജലജ, സാലി തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാതല വാഹനജാഥയും മുളന്തുരുത്തി, തിരുവാങ്കുളം, അരയൻകാവ്, പൂത്തോട്ട എന്നിവിടങ്ങളിൽ യോഗവും നടന്നു. സഖാക്കൾ കെ.കെ.ശോഭ, എം.കെ. ഉഷ, രാജി കെ.എൻ, ഓമന തമ്പി തുടങ്ങിയവർ പ്രസംഗിച്ചു.

സാർവ്വദേശീയ വനിതാദിനത്തോടനുബന്ധിച്ച് ചാവക്കാട് എഐഎംഎസ്എസിന്റെയും ജനകീയ സംഗീത സഭയുടെയും സംയുക്താഭിമുഖ്യത്തിൽ വനിതകളുടെ സംഗീത കൂട്ടായ്മയും സമ്മേളനവും നടന്നു. നിരവധി ഗായകർ പങ്കെടുത്തു. എഐഎംഎസ്എസ് സംസ്ഥാന കമ്മിറ്റിയംഗം സുജ ആന്റണി സംഗീത കൂട്ടായ്മ ഉദ്ഘാടനം ചെയ്തുകൊണ്ട് വനിതാദിന സന്ദേശം നൽകി. സിവി പ്രേംരാജ്, ബേബി വത്സൻ തുടങ്ങിയവർ പ്രസംഗിച്ചു.

പാലക്കാട് നടന്ന സമ്മേളനം എഐഎംഎസ്എസ് സംസ്ഥാന ട്രഷറർ കെ.എം.ബീവി ഉദ്ഘാടനം ചെയ്തു. സഖാക്കൾ എൻ.സുഗന്ധി, എ.ഹസീന, എ.സജീന തുടങ്ങിയവർ പ്രസംഗിച്ചു ●



കോഴിക്കോട് വനിതാദിനാചരണ യോഗം പ്രൊഫ.സി.വി.കുമാരൻ ഉദ്ഘാടനം ചെയ്യുന്നു




കായംകുളത്ത് വനിതാദിനാചരണ യോഗം എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു

# സഖാവ് സത്യഭാമയ്ക്ക് ലാൽസലാം



**എ**റണാകുളം ജില്ലയിൽ എസ്‌യുസി ഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കരിങ്ങാച്ചിറ സെൽ അംഗമായിരുന്ന സഖാവ് സത്യഭാമ(65) 2018 ഏപ്രിൽ 4 വൈകിട്ട് 4 മണിക്ക് ക്യാൻസർ രോഗബാധയെ തുടർന്ന് നിര്യാതയായി. തൃപ്പൂണിത്തുറ ലോക്കൽ കമ്മിറ്റി അംഗം സഖാവ് കെ.വേലപ്പന്റെ ഭാര്യയാണ്.

1988 മുതൽ പാർട്ടിയിൽ പ്രവർത്തിച്ചുവന്ന സഖാവ് സത്യഭാമ അഖിലേന്ത്യ മഹിളാ സാംസ്ക്കാരിക സംഘടനയുടെ ജില്ലാ ജനറൽ കൗൺസിൽ അംഗമായിരുന്നു. തൃപ്പൂണിത്തുറ മേഖലയിലെ ആദ്യ വനിതാസംഘാടകരിൽ ഒരാളായിരുന്നു സഖാവ് സത്യഭാമ. തിരുവാങ്കുളം പഞ്ചായത്തിൽ പാർട്ടിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ചിട്ടുണ്ട്.

സഖാവിന്റെ മരണവാർത്ത അറിഞ്ഞ് ജീവിതത്തിന്റെ വിവിധ തുറകളിലുള്ളവർ അന്തിമോപചാരം അർപ്പിക്കാൻ എത്തി. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ, അഖിലേന്ത്യ മഹിള സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ, പ്രസിഡന്റ് മിനി കെ.ഫിലിപ്പ് തുടങ്ങിയവർ അന്തിമോപചാരം അർപ്പിച്ചു ●

# ചെങ്ങോട്ടുമല ക്വാറിവിരുദ്ധ സമരം

**കോ**ഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുമലയിലും പരിസരത്തുമുള്ള ജനങ്ങളുടെ സ്വൈരജീവിതത്തെ തകർത്തു കൊണ്ട്, ഡെൽറ്റ ഗ്രൂപ്പിന്(പത്തനംതിട്ട കേന്ദ്രമാക്കി പ്രവർത്തിക്കുന്ന തോമസ് ഫിലിപ്പിൻെറ ഉടമസ്ഥതയിലുള്ള ക്വാറി സംഘം) കേരളഗവൺമെന്റ് നൽകിയിട്ടുള്ള പെർമിറ്റ് റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചെങ്ങോട്ടുമല സംരക്ഷണ സമിതി ആരംഭിച്ച പ്രക്ഷോഭണം ജനങ്ങളിൽ പ്രതീക്ഷയുണർത്തി മുന്നേറുകയാണ്.

ഇക്കഴിഞ്ഞ രണ്ടാഴ്ച ക്വാറിക്കടുത്തുള്ള കൂട്ടാലിട അങ്ങാടി, ഇതുവരെ മൗനം ദീക്ഷിച്ചിരുന്ന വിവിധ സംഘടനകളുടെ നേനതൃത്വത്തിലുള്ള പ്രതിഷേധങ്ങൾ കൊണ്ട് നിറഞ്ഞു. കോൺഗ്രസ് ഒഴിച്ച് ഒട്ടുമിക്ക പാർട്ടികളും രംഗത്തെത്തിയത് ക്വാറിക്കെതിരായ സമരത്തിന് ആവേശം പകർന്നിട്ടുണ്ട്. ഇതിനിടയിൽ, ചെങ്ങോട്ടു മലയിൽ പഞ്ചായത്ത് സ്ഥാപിച്ചിരുന്ന ശുദ്ധജലവിതരണപദ്ധതിയുടെ ടാങ്കും പൈപ്പും ക്വാറി സംഘം യന്ത്രസഹായത്തോടെ ഇടിച്ചുനിരത്തിയത് ജനങ്ങളിൽ വ്യാപകമായ പ്രതിഷേധവും ഉൽക്കണ്ഠയുമുളവാക്കി.

ഈ സംഭവത്തിൽ പ്രതിഷേധിച്ചുകൊണ്ടും ചെങ്ങോട്ടുമല സമരത്തിൻെറ നിലപാട് എന്താവണമെന്ന് വിശദീകരിച്ചുകൊണ്ടും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ൻെറ നേതൃത്വത്തിൽ നടന്ന പൊതുയോഗം ശ്രദ്ധേയമായി. ജില്ലാസെക്രട്ടറി സഖാവ് എ.ശേഖർ മുഖ്യപ്രസംഗം നടത്തി. യോഗത്തിൽ പി.എം.ശ്രീകുമാർ, പി.കെ.മധു, കെ.റഹിം, എം.പി.അനിൽകുമാർ എന്നിവരും പ്രസംഗിച്ചു.

ജനവാസകേന്ദ്രങ്ങളിൽനിന്ന് ക്വാറിയുടെ ദൂരം 100 മീററിൽ നിന്ന് 50 മീററാക്കി കുറച്ച സർക്കാരിന്റെ നയത്തെ പ്രകീർത്തിച്ചുകൊണ്ട് സിപിഐ(എം) ജില്ലാകമ്മിററി അംഗം പ്രസംഗിച്ചത് ജനങ്ങളിൽ പ്രതിഷേധമുളവാക്കി.

ഏപ്രിൽ 1ന് ക്വാറി ഗുണ്ടകൾ സമരപ്രവർത്തകരായ രാജു മാത്യു, എ.സി.വിഷ്ണു എന്നിവരെ മൃഗീയമായി മർദ്ദിച്ച് പരിക്കേൽപ്പിച്ചു. അവർ ആസ്പത്രിയിലാണ്. ഇതിനെതിരെ നൂറ്കണക്കിന് സ്ത്രീകളും കുട്ടികളുമടങ്ങുന്ന പ്രതിഷേധ പ്രകടനവും യോഗവും നടന്നു. യോഗത്തിൽ രഗിൻ ലാൽ, പ്രശാന്ത്, പി.കെ.മധു, ടി.കെ.ഷാജു, പി.പ്രകാശൻ തുടങ്ങിയവർ പ്രസംഗിച്ചു. ഏപ്രിൽ 10ന് കലക്ടറേററിനുമുമ്പിലേക്ക് ബഹുജനമാർച്ച് നടത്തുമെന്ന് യോഗത്തിൽ പ്രഖ്യാപിക്കപ്പെട്ടു ●



ചെങ്ങോട്ടുമലയിൽ നടന്ന പ്രതിഷേധ പ്രകടനം



എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ പ്രസംഗിക്കുന്നു

Date of Posting 9th&10th of every month at RMS, Trivandrum.
Date of publishing 01/04/2018
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY
MALAYALAM MONTHLY

Vol.46 No.10
Price : Rs 5.00
April 2018

## ‘നീതിന്യായ വ്യവസ്ഥയ്ക്ക് സംഭവിക്കുന്നതെന്ത്?’ ആലപ്പുഴയിൽ സെമിനാർ



അഡ്വ.മഞ്ചേരി സുന്ദർരാജ് സെമിനാർ ഉദ്ഘാടനം ചെയ്യുന്നു

ജനാധിപത്യ വ്യവസ്ഥിതിയിൽ തെറ്റു തിരുത്തുവാനുള്ള ശക്തമായ ആയുധമാണ് വിമർശനം എന്ന് നിയമ പണ്ഡിതനും ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റുമായ അഡ്വ.മഞ്ചേരി സുന്ദർരാജ് അഭിപ്രായപ്പെട്ടു. ‘നമ്മുടെ നീതിന്യായ വ്യവസ്ഥയ്ക്ക് സംഭവിക്കുന്നതെന്ത്’ എന്ന വിഷയത്തിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമൂഹത്തി ൽ പൊതുവിലുള്ള ജീർണത ജുഡീഷ്യറിയെയും സാരമായി ഗ്രസിച്ചിരിക്കുകയാണ്. സാധാരണക്കാരന്റെ അവസാന ആശ്രയമായ ജുഡീഷ്യറിയെ ദുഃസ്വാധീനങ്ങളിൽനിന്നും മോചിപ്പിക്കുന്നതിന് ജാഗ്രത്തായ ജനകീയ ഇടപെടൽ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. അഡ്വ.മാത്യു വേളങ്ങാടൻ മോഡറേറ്റർ ആയിരുന്ന സെമിനാറിൽ അഡ്വ. ഒ.ഹാരിസ്, അഡ്വ.രഞ്ജിത് ശ്രീനിവാസ്, അഡ്വ.ശാന്തിരാജ്, ബി.ദിലീപൻ, ടി.ബി.വിശ്വനാഥൻ, അബ്ദുൽ സലാം, കെ.ആർ.ശശി, അഡ്വ.സാനു തുടങ്ങിയവർ പ്രസംഗിച്ചു.

എസ്.സീതിലാൽ അധ്യക്ഷനായിരുന്നു. അഡ്വ.എം.എ.ബിന്ദു നന്ദി പറഞ്ഞു●

# കവി ചുള്ളിക്കാടിന്റെ പ്രതിഷേധം ഡിപിഇപിക്കെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഉന്നയിച്ച വിമർശനങ്ങളെ ശരിവയ്ക്കുന്നു

മലയാളത്തിന്റെ പ്രിയപ്പെട്ട കവി ബാലചന്ദ്രൻ ചുള്ളിക്കാട് കേരള മനഃസാക്ഷിയുടെ മുൻപാകെ ഒരു വിലാപം നടത്തിയിരിക്കുകയാണ്. പ്രതിഷേധത്തിന്റെ സ്വഭാവമുള്ള ഈ വിലാപത്തെ അദ്ദേഹം വ്യർത്ഥമായ യാചന എന്നാണ് വിശേഷിപ്പിച്ചത്(മാതൃഭൂമി ദിനപത്രം 2018 മാർച്ച് 20).

തന്റെ കവിതകളെ എല്ലാ പാഠഭാഗങ്ങളിൽനിന്നും ഒഴിവാക്കണമെന്നും അവ പഠിപ്പിക്കുകയോ അവയെ ആധാരമാക്കി ഗവേഷണം അനുവദിക്കുകയോ ചെയ്യരുത് എന്നുമാണ് കവിയുടെ അഭ്യർത്ഥന. ഇതിനായി അദ്ദേഹം പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ അദ്ദേഹത്തിന്റെ വിലാപം, ചിന്തിക്കുന്ന ഏതൊരാളിന്റെയും മനഃസാക്ഷിയെ ഉലയ്ക്കുന്നതാണ് എന്നു മനസ്സിലാകും. അക്ഷരത്തെറ്റും ആശയത്തെറ്റും വ്യാകരണത്തെറ്റും തിരുത്താതെ വിദ്യാർത്ഥികൾക്ക് മാർക്ക് വാരിക്കൊടുത്ത് അവരെ ഭാഷയുറയ്ക്കാത്തവരായി മാറ്റുന്ന പാഠ്യപദ്ധതിക്കെതിരെയുള്ള രൂക്ഷമായ വിമർശനമാണ് ചുള്ളിക്കാടിന്റെ വിലാപത്തിന്റെ ഉള്ളടക്കം.

സമൂഹത്തെ സൂക്ഷ്മത്തിൽ ശ്രദ്ധിക്കുന്ന ഒരു കവി സ്വന്തം നിരീക്ഷണത്തിലൂടെയും അനുഭവത്തിലൂടെയും മനസ്സിലാക്കിയ കഠിനമായൊരു യാഥാർത്ഥ്യത്തെ സാക്ഷ്യപ്പെടുത്തുകയാണിവിടെ. ഒരു തലമുറ ഭാഷയറ്റവരായി മാറുന്ന ദുരിതകാലത്തിന്റെ സാക്ഷിയാകേണ്ടിവന്നതാകാം അദ്ദേഹത്തെ, സ്വന്തം പ്രതിഷേധത്തെ ഗതികെട്ടവന്റെ യാചന എന്നു വിശേഷിപ്പിക്കാൻ പ്രേരിപ്പിച്ചത്.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ വിമർശനം അതിന്റെ ഉള്ളടക്കത്തിൽ കേരളത്തിൽ 1996 മുതൽ നടപ്പിലാക്കിവരുന്ന ഡിപിഇപി എന്ന വിദ്യാഭ്യാസ പദ്ധതിക്കെതിരായ ഒരു കുറ്റപത്രമാണെന്ന് പറയാം. ഡിപിഇപി പരിഷ്ക്കാരങ്ങൾ പാഠ്യപദ്ധതിയിൽ കൈവച്ചുതുടങ്ങിയപ്പോൾത്തന്നെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അത് സാധാരണക്കാരന്റെ വിദ്യാഭ്യാസത്തിന്റെ മരണമണി മുഴക്കമാണ് എന്ന് വ്യക്തമാക്കിയിരുന്നു. ഡിപിഇപി ഉയർത്തിയ ബോധനസമ്പ്രദായങ്ങളെയും ഡിപിഇപി എന്ന പദ്ധതിയെയും സമഗ്രമായും നിഷ്കൃഷ്ടമായും പഠിച്ചശേഷം 1998 സെപ്റ്റംബറിൽ എസ്‌യുസിഐയുടെ വിദ്യാർത്ഥി സംഘടനയായ എഐഡിഎസ്ഒ പുറത്തിറക്കിയ *ഡിപിഇപി എന്ത്? എന്തിന്?* എന്ന പുസ്തകത്തിൽ അത് പ്രാഥമിക വിദ്യാഭ്യാസ നശീകരണ പരിപാടിയാണ് എന്ന് വിലയിരുത്തിയിരുന്നു. എസ്‌യുസിഐയുടെ സജീവപങ്കാളിത്തത്തോടുകൂടി കേരളത്തിലുടനീളം, ആദരണീയനായ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച നൂറുകണക്കിന് സെമിനാറുകളിലൂടെ ഡിപിഇപിയുടെ തനിനിറം തുറന്നുകാണിക്കപ്പെട്ടു. ഡിപിഇപി മുന്നോട്ടുവച്ച സിദ്ധാന്തങ്ങൾ സംസ്ഥാപിതങ്ങളായ ബോധനശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ അസംബന്ധങ്ങളാണ് എന്ന് തെളിയിക്കപ്പെട്ടു. കേരളത്തിന്റെ മനഃസാക്ഷിയെന്നു വിശേഷിപ്പിക്കാവുന്ന ബൗദ്ധിക നേതൃത്വത്തിന്റെ കീഴിൽ ഡിപിഇപിക്കെതിരെ നടന്ന ഐതിഹാസിക പോരാട്ടം കേരളത്തിന്റെയെന്നല്ല ഇന്ത്യയുടെതന്നെ പ്രക്ഷോഭ ചരിത്രത്തിലെ സുപ്രധാനമായ ഒരു ഏടാണ്.

അന്നു ഞങ്ങൾ മുന്നോട്ടുവച്ച ചില നിരീക്ഷണങ്ങൾ ശരിയെന്നു സാക്ഷ്യപ്പെടുത്തുന്നതാണ് ബാലചന്ദ്രൻ ചുള്ളിക്കാട് ഇന്നിപ്പോൾ ഉയർത്തിയിരിക്കുന്ന വിമർശനങ്ങളുടെ കാതൽ. ഒരു സാമൂഹ്യപ്രസ്ഥാനമെന്ന നിലയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേരള മനഃസാക്ഷിക്കു മുമ്പാകെവച്ച ആ നിരീക്ഷണങ്ങളിലേയ്ക്ക് ഒരു ഓർമ്മപ്പെടുത്തൽ ഈ സന്ദർഭത്തിൽ എന്തുകൊണ്ടും ഉചിതമാണ് എന്ന് ഞങ്ങൾ കരുതുന്നു.

**അറിവിലേയ്ക്കുള്ള ഭാഷ സന്നിവേശിപ്പിക്കാൻ ബോധനം അത്യന്താപേക്ഷിതം**

“...എന്നാൽ ഭാഷ പഠിക്കാൻ തെല്ലു പരിശ്രമം ആവശ്യമാണ്. അയത്നലളിതമല്ല അത്. അൽപ്പം ക്ലേശമുണ്ട്. അതിന് പരിശീലനം ആവശ്യമാണ്. ശിക്ഷണം ആവശ്യമാണ്. ഒരു കുട്ടിക്കും സ്വയമേവ ഭാഷ പഠിക്കാൻ കഴിയില്ല. അദ്ധ്യാപകന്റെ പങ്ക് ഇതിൽ നിർണ്ണായകമാണ്. ക്ഷമയോടെ തെറ്റുകൾ തിരുത്താൻ സഹായിച്ചുകൊണ്ട് ഉച്ചാരണത്തിനും ലേഖനത്തിനും വേണ്ട അഭ്യാസമുറകൾ ക്രമാനുഗതമായി നൽകി കുട്ടിയെ അക്ഷരങ്ങളുടെ ലോകത്തേയ്ക്കും പിന്നീട് ഭാഷയുടെ ലോകത്തേയ്ക്കും കൊണ്ടുപോകുക എന്നത് വ്യക്തമായ ഉദ്ദേശലക്ഷ്യങ്ങളും അതിനുള്ള ഉപാധികളും മുന്നിൽക്കണ്ടുകൊണ്ട് അദ്ധ്യാപകൻ ചിട്ടയോടെ ചെയ്യേണ്ട ശ്രമകരമായ ജോലിയാണ്.”(പേജ് 18-19, *ഡിപിഇപി എന്ത്? എന്തിന്?*)

ശിശു അനൗപചാരിക സാഹചര്യങ്ങളിൽനിന്ന് നേടുന്നത് സംസാരഭാഷ. എന്നാൽ സ്കൂളുകളിൽ നിന്നും നേടേണ്ടത് അറിവിലേയ്ക്കുള്ള ഭാഷയാണ്. അതിന് അക്ഷരമുണ്ട്, വ്യാകരണമുണ്ട്. അവയൊക്കെ സ്വായത്തമാക്കുവാൻ ബോധനം അത്യന്താപേക്ഷിതമാണ്.

നമ്മുടെ അദ്ധ്യാപകർ പൊതുവിൽ തൃപ്തികരമായ രീതിയിൽ ഇക്കാര്യങ്ങളൊക്കെ നിർവ്വഹിച്ചുവരികയായിരുന്നു. എന്നാൽ ഡിപിഇപി, കുട്ടി അറിവിന്റെ നിറകുടമാണ് എന്ന മിഥ്യ പ്രചരിപ്പിച്ചുകൊണ്ട് ബോധനത്തെ നിരോധിച്ചു.

**ഔപചാരിക വിദ്യാഭ്യാസത്തിന്റെ എല്ലാ ഘടകങ്ങളെയും ഡിപിഇപി പരിഹസിച്ചു പുറത്താക്കി**

ബോധനത്തിന്റെ നിരർത്ഥകതയെച്ചൊല്ലി വാചാലമായിക്കൊണ്ട് അദ്ധ്യാപകൻ, പഠിപ്പിക്കൽ, പഠിക്കൽ, പാഠപുസ്തകം, അക്ഷരമെഴുത്ത്, തെറ്റുതിരുത്തൽ, ക്ലാസ്സ് മുറിയിലെ അച്ചടക്കം തുടങ്ങി ഔപചാരിക വിദ്യാഭ്യാസത്തിന്റെ എല്ലാ ഘടകങ്ങളെയും ഡിപിഇപി പരിഹസിച്ച് പുറത്താക്കി. കാണാപ്പാഠം പഠിക്കുന്നതിനെ വാചാലമായി വിമർശിച്ചുകൊണ്ട് ഭാഷയും കണക്കും ഉറയ്ക്കുന്നതിനുള്ള തടസ്സങ്ങൾ സൃഷ്ടിച്ചു.

**ഒഴിഞ്ഞ ആവനാഴിയിൽനിന്നും ഒരമ്പും തൊടുത്തുവിടാനാവില്ല**

“...കഷ്ടപ്പെട്ടുതന്നെയാണ് എഴുതുന്നത്. ഒരു സമൂഹം കുട്ടിയെക്കൊണ്ട് മണലിൽ എഴുതിച്ചു. വിരൽത്തുമ്പ് വേദനിപ്പിച്ച് എഴുതിച്ചു. അതിനെപ്പോലും ഒരു പരിധിക്കപ്പുറം അതിശയോക്തി കലർത്തി വിമർശിക്കുന്നത് ശരിയല്ല. അടിസ്ഥാന ശിക്ഷണ ധർമ്മം അത് നിർവ്വഹിച്ചിട്ടുണ്ട്.

...ധാരാളം കാര്യങ്ങൾ കാണാപ്പാഠം പഠിച്ചു. പക്ഷേ ഈ കാണാപ്പാഠം പിന്നീട് ആവനാഴിയായി വികസിക്കുന്നുവെന്ന് അനുഭവം കാണിക്കുന്നു....കുട്ടിയുടെ ആവനാഴി നിറച്ചുകൊടുക്കുകയെന്ന ധർമ്മം അത് നിർവ്വഹിച്ചിരുന്നു. ഓരോ ഘട്ടത്തിലും എടുത്തുതൊടുക്കേണ്ടത് കുട്ടി പിന്നീട് തീരുമാനിച്ചുകൊള്ളും..” എന്നാണ് ഈ വിഷയത്തിൽ കേരളത്തിൽ നടന്ന പ്രഥമ സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് ഡോ.രാജൻ ഗുരുക്കൾ പറഞ്ഞത്.

**പുരോഗമനോന്മുഖഘട്ടത്തിൽ മുതലാളിത്തത്തിന് വിജ്ഞാനം വേണമായിരുന്നു, മരണാസന്ന കാലഘട്ടത്തിൽ അതിനുവേണ്ടത് നൈപുണികൾ**

ഡിപിഇപിയിലൂടെ ഇത്തരം വിദ്ധ്വംസക കാര്യങ്ങൾ വെറുതെ അങ്ങ് അടിച്ചേൽപ്പിക്കപ്പെടുകയല്ല. കൃത്യമായ വർഗ്ഗതാൽപര്യം അതിന് പിന്നിൽ ഒളിഞ്ഞിരിക്കുന്നുണ്ട്. ആധുനിക മുതലാളിത്തം അതിന്റെ പ്രാരംഭദശയിൽ പുരോഗമനോന്മുഖമായിരുന്നു. അതിന് വിജ്ഞാനം ആർജ്ജിച്ച് കരുത്തരായിത്തീർന്ന മാനവരെ ആവശ്യമുണ്ടായിരുന്നു. ആകയാൽ അത് ആധുനികവും ജനാധിപത്യപരവുമായ പൊതുവിദ്യാഭ്യാസത്തിലൂടെ വിജ്ഞാനസന്നിവേശനത്തിനുള്ള ബോധനദർശനവും ആവിഷ്ക്കരിച്ചു. എന്നാൽ മരണാസന്നമായ മുതലാളിത്തം മനുഷ്യവിജ്ഞാനത്തെ ഭയപ്പെടുന്നു. വിജ്ഞാനത്തിന്റെ നിശിതമായ ആയുധമേന്തിയ ബഹുജനം മുതലളിത്തത്തെ കടപുഴക്കിയെറിയുമെന്ന് മുതലാളിത്തത്തിന്റെ കാര്യവാഹകർക്ക് നന്നായിട്ടറിയാം. അതിനാലാണവർ യന്ത്രസമാനമായ നൈപുണികളുള്ളവരെ വാർത്തെടുക്കാനുള്ള വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്.

ലോകബാങ്കിനെപ്പോലുള്ള ഏജൻസികളിലൂടെ അവർക്ക് കേരളത്തിൽ ഇടതുപക്ഷം പറയുന്നവരെത്തന്നെ ഇതിന്റെ നടത്തിപ്പുകാരായി കിട്ടിയെന്നതിനാൽ ഡിപിഇപിക്ക് പുരോഗമനപരിവേഷവും കൈവന്നു. എന്നാൽ ഈ വിദ്ധ്വംസക പദ്ധതി കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ അന്ത്യം കുറിക്കുമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അന്നുതന്നെ ചൂണ്ടിക്കാട്ടിയിരുന്നു. ആ കാര്യങ്ങളുടെ ആധികാരികതയെ ഓർമ്മിപ്പിക്കുന്നുണ്ട് കവി ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ വിമർശന സാക്ഷ്യം.

അതിനാൽ, ലോകബാങ്കിന്റെ വിദ്യാഭ്യാസ വിദ്ധ്വംസക പദ്ധതിയായ ഡിപിഇപിയും അതിനെത്തുടർന്നുവന്ന എസ്എസ്എ, റൂസ തുടങ്ങിയവയും ചേർന്ന് നമ്മുടെ പൊതുവിദ്യാഭ്യാസത്തെ തകർത്തുതരിപ്പണമാക്കിയിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, വിദ്യാഭ്യാസ പുനഃസ്ഥാപനത്തിന് വേണ്ടിയുള്ള സുശക്തമായ ഒരു ജനകീയപ്രസ്ഥാനം വളർത്തിയെടുക്കുകയെന്നതാണ് ഈ ദുഃസ്ഥിതി പരിഹരിക്കാനാഗ്രഹിക്കുന്നവരുടെ കർത്തവ്യം●




Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.